**ഇസ്‌ലാം വിജ്ഞാനീയം**

പാഠം ഒന്ന്

# ചിന്താ-കർമ്മ വ്യവസ്ഥ:

# ഒരടിസ്ഥാന രൂപരേഖ



## അലിശരീഅത്തി

# ചിന്താ-കർമ്മ വ്യവസ്ഥ:
# ഒരടിസ്ഥാന രൂപരേഖ

**അലിശരീഅത്തി**

വിവർത്തനം:

**കലീം**

**ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്**
**അരീക്കോട് - 673639**

malayalam title
chinta karma vyavasta:
oradistana ruparekha
original title in persian
tarhe asasiye maktab
(school of thought and action)
author
ali shariati
translated by
kaleem
published by
islamic foundation press
post box 508, areekode-673 639
malapuram dist. kerala india
printed at
printomans farook
edition
june 1991
price rs. 12-00
all rights reserved

21 (i) M – 2000/1411/1991

## ഉള്ളടക്കം


1. പ്രസാധകക്കുറിപ്പ് 9
2. അലി ശരീഅത്തി 11
3. ചിന്താ-കർമ്മ വ്യവസ്ഥയ്ക്കുള്ള അടിസ്ഥാ രൂപരേഖ 13

-ആനുകാലിക ഇസ്ലാമിക പ്രസ്ഥാനങ്ങൾ വിജയപരാജയങ്ങൾ

4. ചിന്താ-കർമ്മ വ്യവസ്ഥയ്ക്ക് ഒടിസ്ഥാന രൂപരേഖ 37

-ഒരു ബൗദ്ധിപ്രസ്ഥാനത്തിന്റെ ആവശ്യകത
-ഇസ്ലാമിന്റെ ചിന്താകർമ്മ വ്യവസ്ഥയുടെ അടിസ്ഥാന രൂപരേഖ
-മതസങ്കൽപങ്ങളെ ചോദ്യം ചെയ്യുക
-എതിർപ്പ് പ്രതിഷേധം
-ഇസ് ലാമിക ചിന്താ-കർമ്മ വ്യവസ്ഥയുടെ രൂപരേഖ:പ്രത്യയശാസ്ത്രത്തിന്റെ നിർമ്മിതി
-പണ്ഡിതന്മാരും പണ്ഡിതന്മാരും
-ഇസ്ലാം സംസ്കാരവും പ്രത്യയശാസ്ത്രവും തമ്മിൽ
-ചിന്താവ്യവസ്ഥ എന്ന ആശയം
-ഒരു വിശ്വാസ വ്യവസ്ഥയുടെ ആന്തരികവും ബാഹ്യവുമായ ഘടനകൾ
-ലോകവീക്ഷണം
-ദാർശനിക നരവംശശാസ്ത്രം
-സാമൂഹ്യശാസ്ത്രം
-ചരിത്രദർശനം
-പ്രത്യയശാസ്ത്രം
-മാതൃകാനഗരം(ഉട്ടോപ്പിയ)
-മാതൃകാമനുഷ്യൻ

5. ചാർട്ട്

# പ്രസാധകക്കുറിപ്പ്

ഇറാനിൽ വിപ്ലവഗുരുവായറിയപ്പെടുന്ന അലിശരിഅത്തി ഇറാന്നു പുറത്ത് ഏറ്റവും പ്രശസ്തനായ ഇറാനിയൻ ചിന്തകനാണ്. മലയാള നാട്ടിലും വായിക്കുന്നവർക്കിട യിൽ ശരീഅത്തി ഇന്ന് കരക്കെ അറിയപ്പെട്ട് കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ നാലുപുസ്തകങ്ങൾ 'ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്' നേരത്തെ മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വേറെയും ചില പ്രസിദ്ധീകരണാല യങ്ങൾ ശരീഅത്തിയുടെ പുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധികരിച്ചതായറിയാം.

'ചിന്താ-കർമ്മ വ്യവസ്ഥ : ഒരടിസ്ഥാനരൂപരേഖ' ഐ. എഫ്. പി. മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന ശരീഅത്തിയുടെ അഞ്ചാമത്തെ പുസ്തകമാണ്. അമേരിക്ക യിലെ 'അബ്ജദ്' പ്രസിദ്ധപ്പെടുത്തിയ 'സ്കൂൾ ഓഫ്തോട്ട് ആന്റെ ആക്ഷൻ' എന്ന ഇംഗ്ലീഷ് പതപ്പിനെ അടിസ്ഥാനപ്പെടുത്തിയാണ് കലീം ഈ വിവർത്തനം തയ്യാറാക്കി യിട്ടുള്ളത്. മൂലകൃതി പാർസിയിൽ 'തർഹെഅസാസിയെ മക്തബ്'. ടെഹ്റാനിലെ ഹൂസൈനിയ്യാ ഇർശാദിൽവെച്ച് 1972 ഫെബ്രുവരി 14നും നവമ്പർ 10 നുമിടയിലായി ശരീഅത്തി നടത്തിയ ഇസ്ലാം വ്ജ്ഞാനീയ(ഇസ്ലാംശനാസി)ക്ലാസുകൾ പ്രസിദ്ധ മാണ് 27
പാഠങ്ങൾക്കൊള്ളുന്ന ഒരു ബോധക്രമമായിരുന്നു അത്. അതിലൊന്നാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. പേരുസൂചിപ്പിക്കുന്നപോലെ ഒരു ചിന്താ-കർമ്മ വ്യവസ്ഥ വികസിപ്പിച്ചെടുക്കാനുള്ള അടിസ്ഥാനം വിവരിക്കുകയാണ് ശരീഅത്തി ഈ പുസ്തകത്തിൽ. ശരീത്തിയുടെ രൂപരേഖ എളുപ്പം ഗ്രഹിക്കേണ്ടതിന്ന് അദ്ദേഹം ജീവിച്ച രാഷ്ട്രിയ സാമൂഹിക പാശ്ചാത്തലമുൾക്കൊളളേണ്ടത് ഒരാവശ്യമാണ്. അപ്ര കാരം തന്നെ ശരീഅത്തിയെയും അദ്ദേഹത്തിന്റെ ചിന്തയേയും കുറിച്ച് മൊത്തത്തി ലൊന്ന് പരിചയപ്പെടുകയും വേണം . ഇതിന് എത്രയും സഹായകമാണ് ഹസൻയൂ സുഫി അശ്ക്കാവരിയുടെ പ്രൗഢമായ ആമുഖം.

1991 ജൂൺ 19

ഇസ്ലാാമിക ഫൗണ്ടേഷൻ പ്രസ
അരീക്കോട്

## അലിശരീഅത്തി
## (1933-1977)

സാമൂഹികശാസ്ത്രകാരൻ.ഇറാൻ ഇസ്ലാമിക വിപ്ലവത്തിന്റെ താത്വികാചാര്യൻ. 1933 മാർച്ചിൽ ഇറാനിലെ മസീനാൻ ഗ്രാമത്തിൽ ജനിച്ചു. പ്രഥമഗുരു പിതാവ് മുഹമ്മദ്തഖീ ശരീഅത്തി . മശ്ഹദിലെ 'ഇബ്നുസമീൻ', 'ഫിർദൗസി' സ്കൂളുകളിൽ പഠിച്ചു. 1958ൽ ഫ്രഞ്ചിലും പാർസിയിലും ബി.എ ബിരുദം നേടിയശേഷം ഉപരിപഠനത്തിന് ഫ്രാൻസിലേക്ക് പോയി.-സോർബോൺ സർവ്വകലാശാലയിൽ ചേർന്നു. സാമുഹ്യ ശാസ്ത്രത്തിലും ചരിത്രത്തിലും ഡോക്ടറേറ്റുകൾ നേടിക്കൊണ്ട് 1963ൽ നാട്ടിലേക്കു മടങ്ങി.ഉടനെ അറസ്റ്റ്ചെയ്യപ്പെടുകയും ജയിലിൽക്കിടക്കുകയും ചെയ്തു. പിന്നെ അധ്യാപനവൃത്തിയിലേർപ്പെട്ടു-1969ൽപിരിച്ചുവിടപ്പെടുന്നതുവരെ. 1972ൽ വീണ്ടും ജയിലിൽ അടക്കപ്പെട്ടു;1975ൽ മോചിതനായെങ്കിലും തുടർന്നുള്ള രണ്ടുവർഷം വീട്ടുതടങ്കലിലായിരുന്നു. 1977ൽ അമേരിക്കയിലേക്ക് പോകും വഴിഇംഗ്ലണ്ടിലിറങ്ങി ഒരു ബന്ധുവിന്റെ വീട്ടിൽ താമസിച്ചു. അവിടെ വെച്ച്'സവാക്കി'ന്റെ ക്രൂര ഹസ്തങ്ങൾ അദ്ദേഹത്തിന്റെ ജീവനപഹരിച്ചു-'77 ജൂൺ 19ന്.

ശരീഅത്തിക്ക് ചെഗുവേര, ഫാനൻ, സാർത്ര, ലൂയിമാസിഞോൺ, ഹെൻട്രിലോമോസ് തുടങ്ങിയവരുമായി അടുത്ത ബന്ധമുണ്ടായിരുന്നു. ഗുവേരയുടെയും ഫാനന്റെയും സാർത്രിന്റെയും കൃതികൾ അദ്ദേഹം പാർസിയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ചെറുപ്പത്തിൽ തന്നെ ശരീഅത്തി രാഷ്ട്രി കാര്യങ്ങളിൽ തല്പരനായിരുന്നു. 'ദൈവവിശ്വാസികളുടെ സോഷ്യലിസ്റ്റ് പ്രസ്ഥാനം' (നഹ്സത്തെ ഖുദാപറസ്ത്താനെ സൂസിയാലിസ്തി) എന്ന സംഘടനയിൽ ചെറുപ്പത്തിലെ അദ്ദേഹം ചേർന്നു പ്രവർത്തിച്ചിരുന്നു. പിന്നീട് 'നഹ്സത്തെ മുഖാവിമത്തെ മില്ലി' (ദേശിയ പ്രതിരോധ മുന്നണി). 'നഹ്സത്തെ ആസാദിയെ ഇറാൻ' (ഇറാൻ സ്വാതന്ത്ര്യപ്രസ്ഥാനം). 'ആൾജീരിയൻ സ്വാതന്ത്ര്യപ്രസ്ഥാനം' ജവാനാനെ നഹ്സത്തെ മില്ലിയെ ഇറാൻ-ഉറുപ്പ,(യൂറോപ്പിലെ ഇറാൻ ദേശീയ യുവജനപ്രസ്ഥാനം )തുടങ്ങിയ സംഘടനകളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു.

ശരീഅത്തിയുടെ കൃതികൾ ഇരുനൂറിലേറെ വരും. നാടകങ്ങൾ, ഉപന്യാസങ്ങൾ,കവിതകൾ, ആത്മകഥാകുറിപ്പുകൾ, പ്രഭാഷണങ്ങൾ എന്നിവയാണവ. ഹുസൈനിയ്യാ ഇർശാദിൽവെച്ചു നടത്തിയ പ്രഭാഷണങ്ങൾ ശ്രദ്ധേയങ്ങളാണ്. അവയിൽ5000വും 6000വും പേർ സ്ഥിരമായി സംബന്ധിച്ചിരുന്നു. ഇസ്ലാമിക ചിന്തകളുടെ പ്രചരണത്തിന്നായി എതാനും പേർ ചേർന്ന് സ്ഥാപിച്ചതാണ് ഹുസൈനിയ്യ ഇർശാദ് . 'താരീഖെ അദ്യാൻ' (മതങ്ങളുടെ ചരിത്രം), ഇസ്ലാം ശനാസി(ഇസ്ലാം വിജ്ഞാനീയം) എന്നീ തലക്കെട്ടുകളിൽ ശരീഅത്തി അവിടെ നടത്തിയ പ്രഭാഷണങ്ങൾ യുവാക്കളെയും അഭ്യസ്ഥവിദ്യരെയും ഇസ്ലാമിനോടടുപ്പിക്കുകയും വിപ്ലവോത്സുകരാക്കുകയും ചെയ്തു. ഹുസൈനിയ്യയിൽ കഴിഞ്ഞ കാലഘട്ടമാണ് ശരീഅത്തിയുടെ ജീവിതത്തിൽ ഏറ്റവും സജീവവും സഫലവും.

ആമുഖം

## ചിന്താ-കർമ്മ വ്യവസ്ഥയ്ക്കുള്ള ശരീഅത്തിയുടെ അടിസ്ഥാന രൂപരേഖ

-ഹസൻ യൂസുഫി അശ്ക്കാവരി

തുടക്കത്തിൽ തന്നെ ഒരു കാര്യം സമ്മതിക്കേണ്ടതുണ്ട്. ശരീഅത്തിയുടെ പ്രവർത്തനത്തെക്കുറിച്ചും ആനുകാലിക ഇസ്ലാമിക ചിന്തയിൽ അദ്ദേഹം വഹിച്ച പങ്കിനെക്കുറിച്ചും വിലയിരുത്തുകയെന്നത് അത്യന്തം ക്ലേശകരമാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വവും പ്രവർത്തനവും ബഹുമുഖമാനങ്ങളുള്ളതായിരുന്നു എന്നതാണിതിനു കാരണം ശരീഅത്തി മഹാനായ ഒരു ചിന്തകനായിരുന്നുവെന്നത് അവിതർക്കിതമാണ്. ഇപ്പോഴത്തെ തലമുറയിലും ഭാവി തലമുറകളിലും അദ്ദേഹത്തിന്റെ പ്രവർത്തനം ചെലുത്തുന്ന സ്വാധീനം കൂടുതൽ വ്യക്തമാവുന്നതോടെ ആ സാമൂഹിക, വിപ്ലവചിന്തകൾ ഇസ്ലാമിന്റെയും ഇറാന്റെയും ചരിത്രത്തിൽ ഉത്തുംഗധൈഷണിക ശൃംഗമായി പരിഗണിക്കപ്പെടും. അദ്ദേഹത്തിന്റെ സ്വാധീനം കാലത്തോടൊപ്പമുണ്ട്. ആധുനിക ലോകത്ത് പൊതുവെയും മുസ്ലിം ലോകത്ത് വിശേഷിച്ചും വന്നുകൊണ്ടിരിക്കുന്ന ബൗദ്ധികവും സാമുഹികവും രാഷ്ട്രിയവുമായ മാറ്റങ്ങൾ പ്രത്യേകിച്ചും ഇറാനിലെ ഇസ്ലാമികവിപ്ലവം-അദ്ദേഹത്തിന്റെ ആശയങ്ങളുടെ പ്രാധാന്യവും പ്രത്യയശാസ്ത്രപഠനങ്ങളുടെ ആഴവും ദൗത്യത്തിന്റെ സ്വഭാവവും കൂടുതൽ പ്രകാശിതമാക്കിയിരിക്കുന്നു. ദിവസം ചെല്ലും തോറും അത് തെളിഞ്ഞു വരികയുമാണ്.*

ശരീഅത്തിക്കെതിരെ നിശ്ശബ്ധദയുടെ ഗൂഡാലോജന നടപ്പിലാക്കുന്ന എതിരാളികൾ ക്രമേണെ അദ്ധേഹം വിസ്മരിക്കപ്പെടും എന്ന് കരുതുന്നു. എന്നാൽ അവർ ഒരു കാര്യം ഗ്രഹിക്കേണ്ടതുണ്ട്. അവർക്ക് വല്ലതും സമൂഹത്തിന് നൽകാനുണ്ടെങ്കിൽ അവരത് നൽകണം പുതിമയും പഴമയും സത്യവും അസത്യവും തമ്മിലുള്ള സംഘട്ടനത്തിൽ, പുതിയ വിപ്ലവഘട്ടം ആവിഷ്കരിക്കുന്നതിലൂടെ സത്യമാണ് എപ്പോഴും വിജയിക്കുകയെന്നതിന് ചരിത്രം സാക്ഷിയാണ്. പിന്തിരിപ്പൻമാറും പരിചയക്കുറവുള്ളവരും അന്യായം പ്രവർത്തിക്കുന്നവരും എപ്പോഴും പരാജയപ്പെടുക തന്നെചെയ്യും.

പ്രായോഗികമായ ഒരു ഇസ്ലാമിക ദർശനം പിനരുജ്ജീവിപ്പിക്കുന്നതിലും ഖുർആനിക പ്രത്യായശാസ്ത്രം വികസിപ്പിക്കുന്നതിലും ഒരു ഇസ് ലാമിക ചിന്താരീതിക്ക് രൂപം കൊടുക്കുന്നതിലും ശശരീഅത്തി വഹിച്ച പങ്കെന്തെന്ന് വ്യക്തമാക്കുകയാണ് എന്റെ ഈ പ്രബന്ധോദ്ധേശ്യം. അവസാനം പറഞ്ഞതാണ് ശരീഅത്തിയുടെ ഏറ്റവും വലിയ പൈതൃകം എന്ന് ഞാൻ കരുതുന്നു.

---

* വിപ്ലവത്തിന്നുമുമ്പ് ഇത്തരമൊരു അപഗ്രഥനം തള്ളിക്കളഞ്ഞവരുണ്ട്. സമരം അത്കൊണ്ട് ലക്ഷ്യം തെറ്റുമെന്നവർധരിച്ചു. നഗരത്തിലെ പെറ്റി ബൂർഷ്വാസിയുടേയും കുലീനജാതരുടേയും വക്താവാണ് ശരിഅത്തി എന്നവർ കരുതി. ശരിഅത്തിയുടെ വീക്ഷണത്തിന്റെ പ്രസക്തി മനസ്സിലാക്കാൻ പറ്റാത്തവരുമുണ്ടായിരുന്നു. എന്നാൽ വിപ്ലവം വിദയിക്കുകയും ഒരു ഇസ്ലാമിക വ്യവസ്ഥ നടപ്പിലാവുകയും അനേകം ചിന്താ വിഭാഗങ്ങൽ രംഗത്തു വരികയും പ്രശ്നങ്ങളും തടസ്സങ്ങളും പ്രത്യക്ഷപ്പെടുകയും ചെയ്തതോടെ അരിഅത്തിയുടെ അപഗ്രഥനങ്ങൾ ശരിയാണെന്ന് വന്നിരിക്കയാണ്. വിപ്ലവത്തിന്റെ പ്രത്യയശാസ്ത്രത്തെക്കുറിച്ച് അദ്ധേഹം നടത്തിയ നിരീക്ഷണങ്ങൽ ഇന്നാരും ചോദ്യം ചെയ്യുന്നില്ല. നികത്താതെ കിടക്കുന്ന ആശൂന്യതയാണ് ഇസ്ലാമിക വിപ്ലവത്തിന്ന് ബുദ്ധിമുട്ടുണ്ടാക്കിക്കൊണ്ടിരിന്നത്. മതപണ്ഡിതൻമാർക്ക് അവരുടേതായ പ്രശ്നങ്ങളുണ്ട്. പക്ഷെ ജനങ്ങളുടെ പ്രജ്ഞാരാഹിത്യവും ശക്തമായ

പ്രത്യയശാസ്ത്രത്തിന്റെ അഭാവവും ഭരണത്തിലേറുന്ന ഏത് വിപ്ലവ ഗ്രൂപ്പിന്നും ഇത്തരം പ്രശ്നങ്ങളിണ്ടാക്കുമായിരുന്നു.

ഇതിന്ന് എനിക്കാദ്യം ആധുനിക യുഗത്തിന്റെ അവസ്ഥയെക്കുറിച്ചും ആനുകാലിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ശക്തി ദൗർബല്യങ്ങലെക്കുറിച്ചും ശരിഅത്തി നടത്തിയ അപഗ്രഥനമെന്താണെന്ന് പരിശോദിക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ ശരിഅത്തിചിന്തകളുടെ ചരിത്രപരമായ പങ്കന്തെന്നും തലമുറക്ൾക്കവയുടെ പ്രാധാന്യമെത്രയുണ്ടെന്നും വ്യക്തമാവൂ.

## ആനുകാലിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ: വിജയപരാജയങ്ങൾ

കഴിഞ്ഞ നൂറ്റാണ്ടിലെ എല്ലാ നവോത്ഥാനചിന്തകരെയും പോലെ ശരിഅത്തിയും സയ്യിദ് ജമാലുദ്ധീൻ അസദാബാദി*യുമാണ് ബൗദ്ധികവും രാഷ്ട്രിയവുമായ ഇസ്‌ലാമിക പ്രസ്ഥാനത്തിന് തുടക്കമിട്ടതെന്ന് വിശ്വസിക്കുന്നു. അദ്ധേഹത്തിന്റെ നായകാസ്ഥാനത്തെക്കുറിച്ച് ശരിഅത്തി പലയിടത്തും സൂചിപ്പിക്കുന്നുണ്ട് എന്നാൽ സയ്യിദ് ജമാലിന്ന്ശേഷം ധാരാലം രാഷ്ട്രീയ-ഇസ്‌ലാമിക പ്രസ്ഥാനങ്ങളുണ്ടായെഹ്കിലും, അഗാതമായ ബൗദ്ധികതയുള്ള ഒരു പ്രസ്ഥാനമുണ്ടാട്ടില്ല എന്ന് ശരീഅത്തി കരുതുന്നു. രാഷ്ട്രീയ പ്രസ്ഥാനങ്ങളാവട്ടെ ഒന്നുകിൽ വിജയം വരിച്ചില്ല. ആപേക്ഷികമായ ചില വിജയങ്ങൽ നേടാൻ പറ്റിയപ്പോൾ മുസ്‌ലികൾക്ക് അവയുപയോഗിച്ച് മതമൂല്യങ്ങലെ പൂർണമായും അവലംബിക്കുന്ന ഒരു സ്വതന്ത്ര സമൂഹം കെട്ടിപ്പടുക്കാൻ കഴിഞ്ഞുമില്ല.

ഒരു ഉദാഹരണമായി ശരിയഅത്തി 20ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇറാനിലുണ്ടായിരുന്ന ഭരണഘടനാപ്രസ്ഥാം* ചൂണ്ടിക്കാട്ടുന്നു. അതിന്നു നേതൃത്വം കൊടുത്ത നായിനി*യെയും മലിക്കുൽ മുത്തക്കല്ലിമീ*നെയും പ്രശംസിക്കുകയും, മുഹമ്മദലി ഷാ*യെ വിമർശിക്കുകയും ചെയ്യുന്ന ശരീഅത്തി, ഭരഘടനാ പ്രസ്ഥാനത്തെ അനുകൂലിക്കുന്ന പണ്ഡിതൻമാര് വിദേശമാതൃകകളെ ആശ്രയിക്കുന്ന ഒരു ഭരണഘടനയ്ക്ക് നിയമ സാധുത നൽകാൻ നിർബന്ധിതരായി എന്നു പറയുന്നു. കാരണവർക്ക രാഷ്ട്രീയെ, സമൂഹം, ഭരണകൂടെ എന്നിവയെ പറ്റിയുള്ള ശക്തവും വ്യക്തവും ലിഖിതവുമായ ചിന്തകളുണ്ടായിരുന്നില്ല.

---

* ജമാലുദ്ധീൻ അഫ്ഗാനിയെ ഇറാനികൾ വിളിക്കുന്ന പേര്.

* 1906ൽ ഇറാന് ഒരു ഭരണഘടന വേണമെന്നാവശ്യപ്പെട്ടുകൊണ്ടാരംഭിച്ച പ്രസ്ഥാനം. ആദ്യമായി ഇറാന് ഭരണഘടന ശുപാർശചെയ്യപ്പെട്ടു. ഖാജർ വംശത്തിലെ മുളഫറുദ്ദീൻ ഷായുടെ ഭരണത്തിലായിരുന്നു ഇത്.

* ആയത്തുല്ലാ മീർസാ നായീനി: ഭരണഘടനാ പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്ത മതപണ്ഡിതൻ. ഹി.13554ൽ അന്തരിച്ചു.

* ഭരണഘടനാ പ്രസ്ഥാനത്തിന് നേതൃത്വംകൊടുത്ത മറ്റൊരു മതപണ്ഡിതൻ.

* മുളഫറുദ്ദീൻഷായ്ക്കുശേഷം ഇറാൻ ഭരിച്ച രാജാവ്. റഷ്യയുടെ യജമാനത്തം സ്വീകരിച്ചയാളായരുന്നു. മതപണ്ഡിതന്മാരുടെ നേതൃത്വത്തിൽ നടന്ന പ്രക്ഷോപത്തെത്തുടർന്ന് 1910ൽ സ്ഥാനഭ്രഷ്ടനായി.

കാരണവർക്ക രാഷ്ട്രീയെ, സമൂഹം, ഭരണകൂടെ എന്നിവയെ പറ്റിയുള്ള ശക്തവും വ്യക്തവും ലിഖിതവുമായ ചിന്തകളുണ്ടായിരുന്നില്ല.*

ഭരണഘടനാപ്രസ്ഥാനം അവസാനം എന്തിലേക്ക് നയിച്ചു എന്നു നാം കണ്ടു (റിസാഖാന്റെ ഏകാധിപത്യമായിരുന്നു അത്). പണ്ഡിതന്മാരും ഭരണഘടനാവാദികളും തമ്മിലുള്ള അഭിപ്രായത്തിലുണ്ടായ ശക്തവും ധൈഷണികവുമായ വ്യത്യാസങ്ങൾ കാരണം പിന്നീടുവന്നവർ പടിഞ്ഞാറിന്റെ ലഹരിബാധിച്ചവരായി. മതത്തിന്റെ ഒരു

ചിഹ്നവും ശേഷിച്ചില്ല എന്നതായിരുന്നു അതിന്റെ ഫലം. ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരുന്നജനായത്തംപോലും സൗകര്യ പ്രദമായി വിസ്മരിക്കപ്പെട്ടു. ഈ ദുരവസ്ഥ പരിഹരിക്കുന്നതിന്യാതൊരു അടിസ്ഥാന നീക്കങ്ങളുമുണ്ടായില്ല. റിസാഖാന്റെ രണ്ടു ദശകം നീണ്ട ഏകാധിപത്യം തകർന്ന് വീഴുകയും പുതിയ ബദ്ധിക-രാഷ്ട്രിയ യത്നങ്ങൾക്കുള്ള താരതമ്യേന അനുയോജ്യമായ സാഹചര്യം ഉടലെടുക്കുകയും ചെയ്തു.

ആയത്തുള്ള തലഖാനി* പോലുള്ളവരും 1953ലെ പട്ടാള വിപ്ലവത്തിനുശേഷം ആയത്തുള്ള മുതഹ്ഹരി,* മെഹ്ദീബാസർഗാൻ* തുടങ്ങിയ വരും യഥാർത്ഥ ഇസ്ലാമിക ചിന്ത (മേൽപാളി മാത്രം ഇസ്ലാമായ ചിന്തയല്ല) പ്രത്യയശാസ്ത്രപരവും ദാർശനികവുമായ കടന്നാക്രമണത്തിന്റെ മുമ്പിൽ ആ പ്രസ്ഥാനങ്ങളും ശ്രമങ്ങളും ഫലപ്രദമായില്ല.

---

* ശരീഅത്തി, സമാഹൃതകൃതികൾ, വാള്യം 27.

* ആയത്തുള്ള സയ്യിദ്മഹ്മൂദ് തലഖാനി: മതപണ്ഡിതൻ, ചിന്തകൻ, ഖുർആൻ വ്യാഖ്യാതാവ്, ഇറാൻ വിപ്ലവത്തിന്റെ പോരാളി എന്നീ നിലകളിൽ പ്രസിദ്ധൻ . 1979ൽ അന്തരിച്ചു.

* ആയത്തുല്ല മുർത്തസാമുത്ഹഹ്രി: ഇറാൻ വിപ്ലവത്തിന്റെ ബുദ്ധിപരമായും സംഘാടന തല ത്തിലും മുന്നോട്ടു നയിച്ച മഹാപ്രതിഭാശാലി. അനേകഗ്രന്ഥങ്ങളുടെ കർത്താവ്. 1979ൽ രക്ത സാക്ഷിയായി

* മെഹ്ദീബാസർഗാൻ: 1940 മുതൽ ഇറാനിൽ അറിയപ്പെടുന്ന ഒരു രാഷ്ട്രിയ നേതാവ്.1979ൽ ഇസ്ലാമിക വിപ്ലവം

* വിജയിച്ച ശേഷം പ്രഥമ പ്രധാന മന്ത്രിയായെങ്കിലും അധികനാൾ ആ സ്ഥാനം തുടരാൻ കഴിഞ്ഞില്ല.

തുടർന്നുണ്ടായ ധൈഷണിക-രാഷ്ട്രിയ പ്രസ്ഥാനത്തിന്ന് അവ നിലമൊരുക്കി എന്നത് ശരിയാണ്. പക്ഷെ, ശരീഅത്തി അത്തരം പ്രസ്ഥാനങ്ങളിലൂടെ ചെയ്ത സേവനം വേരുപിടിച്ചില്ല.

പിന്നീട് 1962ൽ,63കാലഘട്ടത്തിലെ മതപണ്ഡിതൻമാരുടെ ഒത്തു പിടിച്ചസമരമുണ്ടായി. 1963 ജൂൺ5-ാം തിയ്യതി നടന്ന കൂട്ടക്കൊല*യും പരാജയവും,പ്രസ്ഥാന നേതാവായ ആയത്തുല്ലാ ഖുമൈനിയുടെ നാടുകടത്തലും ഒരു വിപ്ലവപ്രസ്ഥാനത്തിന്റെ അരങ്ങൊരുക്കി. ഒന്നിനു പുറകെ ഒന്നായി രഹസ്യ വിഭാഗങ്ങളും സംഘടനകളും നിലവിൽ വന്നു; സാഹസിക യത്നങ്ങളും രക്ത സാക്ഷിത്വങ്ങളും ധാരാളമുണ്ടായി. എന്നാൽ ഇവയൊന്നുംസമഗ്രമായ ഇസ് ലാമിക പ്രത്യയ ശാസ്ത്രത്തിന്റെ അഭാവം സൃഷ്ടിച്ച വിടവ് നികത്താനായില്ല . ആകാലഘട്ടം ശരീഅത്തി വിവരിക്കുന്നു: "നമ്മുടെ മതനേതാക്കൻമാരും തുടർന്ന രാജ്യയത്തിന്റെയും സമൂഹത്തിന്റെയും ഭാഗമായ വിശ്വാസി സംഘങ്ങളും ആരാധനയുടെയും പ്രാർത്ഥനയുടെയും ശാന്ത സ്ഥാനങ്ങളിൽ നിന്നും പരമ്പരാഗത പഠനകേന്ദ്രങ്ങളിൽ നിന്നും, വിദ്യാലയങ്ങളിൽ നിന്നും ദൈനംദിന സംഘർഷങ്ങളുടെ നടുവിലേക്ക് പ്രവേശിച്ചതോടെ പൂർണ്ണമായും പ്രവചനാതീതമാംവിധം വിപ്ലവ പ്രസ്ഥാനത്തിന് വേഗംകൂടി.

സമരത്തിൽ യുവതലമുറയും ബുദ്ധിജീവികളും ചേർന്നതോടെ പ്രസ്ഥാനം രണ്ടുതലങ്ങളിൽ വളർന്നു. ഇസ്ലാമിക ചിന്തയെ ആധാരമാക്കുന്നതായിരുന്നു ആദ്യതലം. വളരെ പുതുമയുള്ളതായിരുന്നു അത്. നാം പ്രതീക്ഷിച്ചതും അതു തന്നെ . അവർക്കേറ്റം വിപ്പെട്ടത് സമൂഹത്തിന്നർപ്പിക്കുന്നതാണ് (ഈസാർ) രണ്ടാമത്തെ തലം. അതായത് ആത്മത്യാഗം ചെയ്യുക . എന്തൊരു മഹാമനസ്കത! രക്ത സാക്ഷികൾക്കുവേണ്ടിഅവിരാമം വിലപിച്ചിരുന്നനാം നമുക്ക് രക്ത സാക്ഷികളെ പിന്തുടരാൻ കഴിയുമെന്ന് തെളിയിച്ചു. നൂറ്റാണ്ടുകളായി ധീരകൃത്യങ്ങൾക്കു പകരംനിന്നിരുന്ന വിലാപം അതിന്റെ യഥാർത്ഥ താവളങ്ങളിലേക്ക്, അതായത് ശത്രുക്കളിലേക്ക് തിരിച്ചയക്കപ്പെട്ടു. വിലാപത്തിന് പകരം രക്തസാക്ഷിത്വവും ഓരോ രക്തസാക്ഷിത്വ സംഭവങ്ങളിൽ നിന്നും പുതിയ വീരേതിഹാസങ്ങളും സൃഷ്ടിക്കപ്പെട്ടു.

---

- 1963 മാർച്ച് 22ന് ഖും നഗരത്തിൽ നടന്ന പ്രസിദ്ധമായ ഫൈസിയ്യാകൂട്ടക്കൊല.

പക്ഷെ, എന്തു കഷ്ടം! ഈ രണ്ടു വഴികളിലും എത്ര സാധ്യതകളും വിഭവങ്ങളുമാണ് വിനഷ്ടമായത്. എന്തൊരു ദുര്യോഗം ! വെളിച്ചം കിട്ടേണ്ടവർക്ക് ലഭിച്ചില്ല. പകരമവർക്ക് രക്തസാക്ഷികളെ ലഭിച്ചു. നമ്മുടെ സംസക്കാരത്തിലും വിശ്വാസത്തിലും രക്തസാക്ഷികൾക്ക് കുറവില്ല. സത്യത്തിൽ അവർ ധാരാളമമണ്ട്. മറ്റു ജനതകളുമായോ രാജ്യങ്ങളുമായോ താരതമ്യം ചെയ്യുമ്പോൾ വിശേഷിച്ചും ഒരു തരം അബോധാവസ്ഥയായിരുന്നു ഇവിടെ ജനങ്ങളെ രക്തസാക്ഷികൾ മരിച്ചു വീണ താഴ്വരകളിലേയ്ക്കും മരുഭുമികളിലേക്കും ഗ്രാമങ്ങളിലേക്കും നയിച്ചിരുന്നത്.

എന്നാൽ എന്റെ പ്രത്യാശ-ഇടത് പ്രസ്ഥാനപരമാണ്-ബോധവാൻമാരായ വിശ്വാസികൾക്കിടയിൽ, അന്ത്യപ്രവാചകന്നു(സ) ശേഷമുള്ള " പ്രവാചകൻമാർ"*ക്കിടയിൽ ആശയവിനിമയം നടത്താനാകുമെന്നാണ്. അന്ത്യപ്രവാചകൻ (സ) ജിബ്രീലിൽനിന്ന്, ദൈവീക വെളിപാട് സ്വീകരിച്ചു. നാമാകട്ടെ, അന്ത്യപ്രവാചകനിൽ നിന്നാണ് അത് സ്വീകരിച്ചിരിക്കുന്നത്. നാം പ്രാചകൻമാരെപ്പോലെയാണ്. നമ്മുടെ ജിബ്രീൽ മുഹമ്മദാണ്. ഇരുണ്ട ഗുഹയിൽ പ്രവാചകന്റെ കൺമുമ്പിൽ വയിക്കുക എന്ന സന്ദേഷമെത്തിച്ച പ്രകാശകിരണം ഇപ്പോൾ നമ്മുടെ മുമ്പിലുണ്ട്." *

മത പണ്ഡിതൻമാരുടേയും മുസ്ലിം വിഭാഗങ്ങളുടേയും രാഷ്ട്രീയ-സൈനിക സമരത്തെക്കുറിച്ചുള്ള ശരീഅത്തിയുടെ ഈ ആപഗ്രഥനത്തിൽ നിന്ന് ഒരു കാര്യം വ്യകതമാവുന്നു: അത്തരം ശ്രമങ്ങളെ പ്രശംസിക്കുകയും ആത്മബലിയുടെ ക്രിയാത്മക തലങ്ങലെ അനുസ്മരിക്കുകയും ചെയ്യുന്ന ശരിഅത്തി പ്രതിരോധത്തിന്നും വിപ്ലവ ഇസ്ലാമിക പ്രസ്ഥാനങ്ങൾക്കുമുണ്ടായിരുന്ന ഒരു വൻ പോരായ്മ നികത്താതെ ശേഷിച്ചു എന്ന് കരുതിയിരുന്നു. ഈ പോരായ്മ നിലനിൽക്കുമ്പോൾ, ഒരു പ്രക്ഷോപം വിജയിക്കുകയും വ്യവസ്ഥയായി മാറുകയും ചെയ്താൽപ്പോലും ഒരു സമുഹത്തെ വികസിപ്പിച്ചെടുക്കുന്തിലോ വിപ്ലവലക്ഷ്യങ്ങൾ സാക്ഷാൽക്കിരക്കുന്നതിലോ പരിഷ്കാരങ്ങൾ ഉറപ്പുവരുത്തുന്നതിലോ വിജയിച്ചു കൊള്ളണമെന്നില്ല.

എന്തുകൊണ്ടാണത്? ഒരു വശത്ത് വിപ്ലവത്തിന്റെ ഉത്തോലകങ്ങളായ ജനത അജ്ഞരായിത്തുടരും. ബോധവൽക്കരണം നടന്നിട്ടില്ലാത്ത ഒരു ജനക്കീട്ടത്തെക്കൊണ്ട്

---

* "എന്റെ സമുദായത്തിലെ പണ്ഡിതന്മാർ ഇസ്രായേൽ സമുദായത്തിലെ പ്രവാചകന്മാരെപ്പോലെയാകുന്നു"വെന്ന നബിവചനം ഓർക്കുക.

* ശരീഅത്തി സമാഹൃത കൃതികൾ, പുറം : 257-59

നമുക്ക് വിപ്ലവ വിജയം നേടാൻ കഴിയില്ല. ഇനി കഴിഞ്ഞാൽ തന്നെ വിപ്ലവാദർശങ്ങൾ നടപ്പിലാക്കാൻ പറ്റില്ല. മറുവശത്ത് നേതാക്കൻമാർക്ക് പ്രായോഗികമായ ആദർശസിദ്ധാന്തങ്ങൾ കാണില്ല. ആദ്യ വിജയത്തിനു ശേഷം ആദർശങ്ങൾ നടപ്പിലാക്കാനും മുദ്രാവാക്യങ്ങൾക്കും പൊതു ലക്ഷ്യങ്ങൾക്കും പ്രായോഗികപദ്ധതികൾ ആവിഷ്കരിക്കാനും നോക്കുമ്പാൾ അവർക്ക് അവ്യക്തതയുണ്ടാകും; ദിനേനെ വർദ്ധിച്ചു വരുന്ന ശക്തി ക്ഷയവും അഭിപ്രായ വ്യത്യാസങ്ങളും വിഭാഗീയതകളും മനസ്സിലാക്കാൻ അവർക്ക് കഴിയില്ല. തദ്ഫലമായി മൂല്യങ്ങളും ആദർശങ്ങളും സാക്ഷാൽക്കരിക്കപ്പെടാതെയും തിരസ്കൃതമയും നലകൊള്ളും.

## ഒരു ബൗദ്ധിക പ്രസ്ഥാനത്തിന്റെ ആവശ്യകത

ഇസ്ലാമിക ലോകത്തിന്റെ കഴിഞ്ഞ ഒരു ശതകത്തിന്റെ യാഥാർത്ഥ്യനിഷ്ഠമായ ഒരു അപഗ്രഥനം ശരിഅത്തി നമുക്ക് നൽകുന്നു. ഈ യുഗത്തിലെ ഇസ്ലാമിക പ്രസ്ഥാനത്തിന്റെ ദൗർബല്യങ്ങളെക്കുറിച്ച് വ്യക്തമായ ഒരു ധാരണയും അദ്ധേഹത്തിനുണ്ട്.

അഗാധവും വ്യാപൃതവും ഉപയോഗപ്രതവുമായ ഒരു പ്രസ്ഥാനത്തിനു തുടക്കമിടുക യാണ് തനിക്കും തന്നെപ്പോലെയുള്ളവർക്കും സ്വീകാര്യമായ സുപ്രധാന ദൗത്യമെന്ന ദ്ദേഹം കരുതി. രണ്ടു തലങ്ങളിലാണ് അദ്ധേഹമിത് നടപ്പിലാക്കിയത് വ്യക്തിപരവും സാമൂഹികവുമായ പ്രയോഗവൽക്കരണത്തിനു പറ്റിയ ഒരു പ്രത്യായശാസ്ത്രം നേതാക്കൻമാർക്കു വേണ്ടി ആവിഷ്കരിക്കുക; അതോടൊപ്പം ഈ യുഗത്തിൽ ഒരു മദീന വികസിപ്പിച്ചെടുക്കുകയും അതിന്റെ ആദർശങ്ങളും മൂല്യങ്ങളും സാക്ഷാൽക്ക രിക്കുകയും ചെയ്യുക, ജനതയെ പ്രത്യായശാസ്ത്രപരമായും ബൗദ്ധികമായും രാഷ്ട്രീയമായും വിപ്ലവപരമായും ബോധവൽക്കരിക്കുന്നതാണ് രണ്ടാമത്തെ തലം, അവർക്ക് സന്ദേശമെത്തിച്ചുകൊടുക്കുകയും അവരെ വിപ്ലവത്തിലേക്കും വിപ്ലവ വിജയത്തിലേക്കും അവരുടെ അദ്ധ്വാനത്തിലൻമേൽതന്നെ നയിക്കുകയും വേണം. നേതാക്കൻമാർ അതോടൊപ്പം വിപ്ലവപ്രത്യായങ്ങൾ യാഥാർത്ഥ്യവൽക്കരിക്കണം. അതിൻ ഫലമായി ബോധവൽക്കരണം സിദ്ധിച്ച ജനങ്ങൾ വിപ്ലവത്തിന്റെ മൂല്യങ്ങ ളോടും പ്രത്യായങ്ങളോടും കൂറുള്ളവരായി തുടരുമെന്ന് ശരീഅത്തി കരുതി; അവർ ശത്രുവിനാൽ വഞ്ചിക്കപ്പെടില്ല, അവർക്ക് ധൈര്യവും സഹനശക്തിയുമുണ്ടാവും. കൂടുതൽ പ്രധാനം അവർ പുതുതായി രംഗത്ത് വന്ന ശക്തൻമാരായ നേതാക്കൻമാ രുടെ പാവകളായിരിക്കില്ല. എന്നതാണ്.

ശരീഅത്തി ചിന്തകളിലേക്കുള്ള സുപ്രധാന സൂചികയാണ് ഈ ദ്വിമാനദൗത്യം. ബുദ്ധിജീവികളുടെയും മതപണ്ഡിതൻമാരുടെയും പരസ്പരബന്ധിതമായ നിലവി ലുള്ള രാഷ്ട്രിയ-സായുധവിപ്ലവധാരികളിൽ നിന്ന് അത് ശരീഅത്തിയെ വേർതിരി ക്കുന്നു.

നേതാക്കൻമാർക്കു പ്രത്യയശാസ്ത്രപരമായ മുഖവും ജനങ്ങൾക്ക് ബോധവും വേണമെന്ന് ഇത്രശക്തിയിൽ ഊന്നിപറഞ്ഞ മറ്റൊരു ചിന്തകനില്ല. പ്രത്യേകിച്ചും ജന ങ്ങളുടെ ബോധവൽക്കരണത്തിന് ശരീഅത്തി വളരെ പ്രാധാന്യം നൽകി.

ജനങ്ങളില്ലാതെ വിപ്ളവമില്ല എന്ന് ശരീഅത്തി വിശ്വസിച്ചു. ഏതാനും നേതാക്കൻമാ രുടെ കരങ്ങൾക്കൊണ്ട് ഒരു ഏകാധിപത്യഭരണം തകർന്നുവീണെന്നു വരും. എന്നാൽ ജനങ്ങളുടെ ഫലപ്രദമായ സാന്നിദ്ധ്യമില്ലെങ്കിൽ, അത് ഏറിയാൽ വിപ്ലവക രമായ ഒരു അധികാരമാറ്റം മാത്രമേ ആവൂ. പ്രവചിക്കാവുന്നതാണ് അതിന്റെ ഭാവി. ഇക്കാര്യം ശരീഅത്തി ഊന്നിപ്പറയുന്നു. ബുദ്ധിജീവികളുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യെ ജനങ്ങളെ ദോധവൽക്കരിക്കുകയെന്നതാണ്. അദ്ദേഹം എഴുതി:

“രാഷ്ട്രിയനേതൃത്വമേറ്റെടുക്കുക എന്നതല്ല ബുദ്ധിജീവികളുടെ ജോലി. സമൂഹ ത്തിന്റെ ചട്ടക്കൂട്ടിൽ ബോധവൽക്കരണമുണ്ടാക്കുകയാണ് അവരുടെ കടമ. അത്, അത്രമാത്രം ഒരു സമൂഹത്തിന് ആത്മബോധം നൽകുന്നതിൽ ഒരു ബുദ്ധിജീവി വിജ യിക്കുകയാണെങ്കിൽ ആ സമൂബത്തിൽ നിന്ന് ഒരു വീരനായകനുയർന്നു വരും. ആ ബുദ്ധിജീവിയുടെ തന്നെ നായകനാകുവാൻ യോഗ്യതയുള്ള വ്യക്തിയായിരിക്കുമ യാൾ. ഒരു വീരനായകൻ പ്രത്യക്ഷപ്പെടുന്നതുവരെ ബുദ്ധിജീവിക്ക് (ബോധവൽക്കര ണ) ബാദ്ധ്യതയുണ്ട്”.*

ആരാണ് ബുദ്ധിജീവി? ശരീഅത്തി പറയുന്നു: പ്രവാചകസദൃശനായ ഒരാളാണ് ബുദ്ധിജീവി.അയാൾക്ക് വെളിപാട്ലഭിക്കുന്നില്ല ; മറിച്ച് വെളിപാട് ദൗത്യത്തിന്റെ ഉത്തരവാദിത്വമാണയാൾക്ക്. ബുദ്ധിജീവി ബോധം വന്ന മനുഷ്യനാണ്. ജനങ്ങളെ മോചനത്തിലേക്കും പൂർണ്ണതയിലേക്കും ബോധത്തിലേക്കും നയിക്കാനാണയാൾ നിയമിതനായിരിക്കുന്നത്. അറിവുകേടിൽ നിന്നും ബഹുദൈവത്വത്തിൽ നിന്നും മർദ്ദ നത്തിൽ നിന്നും സ്വതന്ത്രരാവുന്നതിൽ നിന്നും അവരെ അയാൾ സഹായിക്കേണ്ട തുണ്ട്” *

രാഷ്ട്രിയ-സായുധ സമരത്തെ ഒരു ബുദ്ധിജീവി നിഷേധിക്കണമെന്നില്ല ഇതിന്റെയർത്ഥം. ആത്മീയ ജീവിതത്തിൽ പങ്കാളിയാവുകയോ ശാസ്ത്രിയതയും യുക്തിയുള്ള ചർച്ചകളിൽ സ്ഫുട മായ ആവിഷ്ക്കാര വൈഭവത്തോടെ

* ശരീഅത്തി, സമാഹൃതകളിൽ , വാള്യം 20, പുറം449.

* ശരീഅത്തി, സമാഹൃതകൃതികൾ, വാള്യം 20, പുറം 367.

പങ്കെടുക്കുകയോ ചെയ്തുകൊണ്ട് ദന്ത ഗോപുരവാസിയാവാനുള്ളതല്ല ബുദ്ധിജീവി. ദാർശനികവും ദൈവശാസ്ത്രപരവുമായ പ്രശ്നങ്ങളിൽ മാത്രം മുഴുകുകയോ 'ഇറക്കുമതി' ചെയ്യപ്പെട്ട ബുദ്ധിജീവിയായിത്തീരുകയോ ചെയ്തതുകൊണ്ടും കാര്യമില്ല. അറിവ് നൽകുക എന്നതാണ് ബുദ്ധിജീവിയുടെ പ്രഥമവും അടിസ്ഥാനപരവുമായ ജോലി. കുറച്ചുകൂടി കൃത്യമായും വ്യക്തമായും പറഞ്ഞാൽ, ഒരാൾ ബുദ്ധിജീവിയാവുന്നതോടെ ,ബുദ്ധിജീവി എന്ന വിശേഷസ്വഭാവത്തിൽനിന്നുടലെടുക്കുന്ന അറിവ് നൽകുക എന്ന ജോലിയേറ്റെടുക്കുന്നു. അയാൾക്കു ഗുണകരമായ മറ്റു സ്വഭാവങ്ങളുമുണ്ട്. ഉദാഹരണത്തിന്, അയാൾക്ക് രാഷ്ട്രിയമറിയാം. അയാളൊരു മുസ്ലിമാണ്. നന്മ ഉപദേശിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നത് അയാളുടെ ബാദ്ധ്യതയാണ്. പറ്റിയ സാഹചര്യങ്ങളിൽ സ്വന്തം ഉത്തരവാദിത്വങ്ങളറിഞ്ഞുകൊണ്ട് ഈ ബാദ്ധ്യതകളുമയാൾ പബർത്തിയാക്കണം.

ആവശ്യമാണെങ്കിൽ ബുദ്ധിജീവിതന്നെ വീരനായകനുമാവേണ്ടിവരും. സത്താപരമായ പ്രത്യയ ശാസ്ത്രപ്രവർത്തനവും ബോധവൽക്കരണവും, രാഷ്ട്രിയസാമൂഹ്യ സായുധ സമരത്തിൽ നിന്നും വേർതിരിച്ചു മനസ്സിലാക്കാൻ പറ്റില്ല .ശരീഅത്തിയുടെ ചിന്തയും കർമവും തന്നെയാണ് ഇതിന്റെ ഏറ്റവും വലിയ തെളിവ്.

ശരീഅത്തി തന്റെ മൗലികദൗത്യത്തിൽ വിശ്വസിച്ചു. പ്രത്യയശാസ്ത്രത്തിന് വാഗ്വൈഭവവും ജനങ്ങൾക്ക് പ്രജ്ഞയും നൽകുകയാണ് ഒരു മുസ്ലിം എന്ന നിലക്ക് തന്റെ പ്രധമ ബാദ്ധ്യതയെന്ന് അദ്ദേഹം മനസ്സിലാക്കി. ഈ വഴിയിലൂടെയാണ് ഫലത്തിലദ്ദേഹം സഞ്ചരിച്ചത്. എന്നാൽ അതോടൊപ്പം അദ്ദേഹം ഒരു രാഷ്ട്രിയ പ്രവർത്തകനുമായിരുന്നു. അദ്ദേഹത്തിന്റെ ബൗദ്ധിക പ്രസ്ഥാനത്തിന് ശക്തമായ രാഷ്ട്രിയ അകക്കാമ്പുണ്ടായിരുന്നു. ഒരു വീരനായകനും രക്തസാക്ഷിയുമായിട്ടാണ് അദ്ദേഹം ജീവിതം നയിച്ചത്. "അബൂദർറ് വീണ്ടും" എന്ന നാടകം അവതരിപ്പിച്ചതിലൂടെ (പോലീസത് നിരോധിക്കുന്നതിനു മുമ്പ് 40000 പേരത് കണ്ടു കഴിഞ്ഞിരുന്നു) ഒരു വീരനും ബലിദാനിയുമായി ശരീഅത്തി. ജനങ്ങൾക്ക് അറിവു പകരാനുദ്ദേശിച്ചുകൊണ്ടദ്ദേഹം രക്തസാക്ഷിത്വത്തെക്കുറിച്ചു പ്രഭാഷണം നടത്തി.

ഈ മാനങ്ങൾ അവിഭാജ്യങ്ങളാണ്. കാരണം ശരിഅത്തി ആന്തരികൈക്യം കൈവരിച്ചിരിക്കുന്നു. പ്രത്യായശാസ്ത്രപരമായ മാനം കൂടി ഉൾക്കൊണ്ടതായിരുന്നു ആ ഐക്യം. ഒരു ബുദ്ധിജീവിക്ക് ആദ്യം ഒരിടത്തിരുന്ന് കൊണ്ട് ഒരു സമ്പൂർണ്ണ പ്രപഞ്ചവീക്ഷണത്തിന്ന് രൂപം പിന്നീടത് പ്രചരിപ്പിക്കുകയും അവസാനം അന്യരോടത് പ്രയോഗിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക സാധ്യമല്ല. ഈ സമ്പ്രദായം 'ഇപ്പോൾ നിലവിരിരക്കുന്ന ദാർശനിക-വൈദ്യശാസ്ത്ര പന്തയക്കളി' തന്നെയാണ്; അത് നമ്മെ എങ്ങോട്ടും നയിക്കില്ല. സത്യം, പ്രസ്ഥാനം, പുരോഗതി, സമരം, പ്രജ്ഞ എന്നിനേടാനുള്ള വലിയ തടസ്സാമായത് വർത്തിക്കും.മതങ്ങളുടെ വിശേഷാൽ ഇസ്ലാമിന്റെ, ചരിത്രം ഈ യാഥാർത്ഥ്യം വ്യക്തമാക്ിത്തരുന്നുണ്ട്. ഒരു പ്രത്യായശാസ്ത്രത്തിന്റെ നിർമിതി, ൊരു തുടക്കമെന്ന നിലയിലും മനുഷ്യാവശ്യങ്ങളിൽ ഏറ്റവും അടിസ്ഥാപരമായ പ്രവൃത്തി െന്ന നിലയിലും ഉത്തരവാദിത്വത്തിന്റെ മറ്റു മാനങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ആ മാനങ്ങൾ അതിനെ പിന്തുടരണം. നിലവിലുള്ള സാമൂഹ്യയാഥാർത്ഥ്യങ്ങളുമായും മറ്റു വസ്തു നിഷ്ഠയാഥാർത്ഥ്യങ്ങളുമായും ബന്ധപ്പെട്ടാവണം ആശ്രമം. അല്ലെങ്കിലത് ശുദ്ധ സങ്കൽപ സൃഷ്ടി മാത്രമായിരിക്കും.

ഈ ചർച്ച സമാപിക്കുന്നതിന്നു മുമ്പ് മൂന്ന് പ്രധാന കാര്യങ്ങൾ ഇവിടെ വീണ്ടും പരാമർശിക്കുകയാണ്. ഒന്ന്: ഈ നൂറ്റാണ്ടിൽ സയ്യിദ് ജമാലിനൊടൊപ്പം ഇസ്ലാമിന് ഒരു നവ ജന്മമുണ്ടായതായി ശരീഅത്തി വിശ്വസിക്കുന്നു. എന്നാലതിന്ന് ബൗദ്ധികവും പ്രത്യായശാസ്ത്രപരവുമായ പിന്തുണ ലഭിച്ചില്ല. രണ്ട്:

ഇസ്ലാമികസ്വത്വമുള്ള ഒരു വിപ്ലവ പ്രത്യായശാസ്ത്രമില്ലെങ്കിൽ, എവിടെയു മെത്തില്ല. ആത്മബലി രക്തസാക്ഷിത്വം, രാഷ്ട്രീയ സമരങ്ങൾ, ആത്മാർത്ഥത, അന്തശ്ചോന എന്നിവയുടെ ഫലങ്ങൾ അത് കൊണ്ട് നഷ്ടമാവുകയോ ദുർബലമാവുകയോ ചെയ്യും. മൂന്ന്: ഈ പോരായ്മകളുടെ അടിസ്ഥാനത്തിൽ അഗാധതലങ്ങളിൽ നിന്നുള്ള ഒരു ഇസ്ലാമിക നവോത്ഥാനമാണ് തന്റെ ദൗത്യം എന്ന് ശരീഅത്തി വിശ്വസിച്ചു. വ്യാപകമായ തലത്തിൽ വേണമത്. അത് നേതാക്കൻമാർക്ക് പ്രത്യായശാസ്ത്രവും ജനതയ്ക്ക് പ്രജ്ഞയും നൽകുകയും നാശമേല്ക്കാതെ ബാക്കിയായി നിൽക്കുന്ന പാരമ്പര്യമൂല്യങ്ങലെ പ്രചരിപ്പിക്കുകയും പൂർത്തിയാക്കുകയും അഗാധമാക്കുകയും ചെയ്യുന്നു.

## ഇസ്ലാമിന്റെ ചിന്താ-കർമവ്യവസ്ഥയുടെ അടിസ്ഥാന രൂപരേഖ

ഇനി, ശരീഅത്തിയുടെ ഏറ്റവും മഹത്തായ സേവനത്തെ അനുസ്മരിക്കാം. അദ്ദേഹത്തിന്റെ ധൈഷണിക സംഭാവനകളിൽ ഏറ്റവും ശാശ്വതവും ഉൽകൃഷ്ടവുമായതിതാണെന്ന് ഞാൻ കരുതുന്നു. ഇസ്ലാമിക ചിന്താരീതിയുടെ അടിസ്ഥാന മാതൃകയും ഒരു പ്രത്യയശാസ്ത്ര ശിൽപ്പവും. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ അനുയായികൾ വരെ അത് അവഗണിച്ചിരിക്കുകയാണ്.

'ദേശീയ മുന്നണി'*യുടെ പരാജയത്തിന്നും 1953ലെ പട്ടാള വിപ്ളവത്തിനുശേഷമുണ്ടായ 'ദേശീയപ്രതിരോധമുന്നണി'*യുടെയും അതുപോലുള്ള രാഷ്ട്രീയ-മതകീയ യത്നങ്ങളുടെയും അടിസ്ഥാനപരമായ പരിജയക്കുറവിന്നും 1961- 63 വർഷങ്ങളിൽ മുസ്ലിം വിപ്ലവകാരികൾ നടത്തിയ പ്രതിരോധശ്രമങ്ങളോടെ* തകർച്ചയ്ക്കും സാക്ഷിയായിരുന്നു ശരീഅത്തി. ഈ സംരംഭങ്ങളെയെല്ലാം അദ്ദേഹം അനുഭവിച്ചിരുന്നു. തന്റെ പിതാവിന്റെ ആശയങ്ങളിൽ നിന്നും നേട്ടങ്ങളിൽ നിന്നും ശക്തിനേടിയ അദ്ദേഹം ഒരു കാര്യം സുനിശ്ചിതമായി ഗ്രഹിച്ചു. ആധുനികതലമുറക്ക് ഗ്രാഹ്യമാവും വിധം ഇസ്ലാമിനെ ഒരു സാർവ്വജനീനമതദർശനമായി ആവിഷ്ക്കരിക്കുന്നതുവരെ ഒന്നും സാധ്യമാവുകയില്ല. ഒരു സാമൂഹിക പ്രത്യയശാസ്ത്രം അടിസ്ഥാനമാക്കി രൂപകല്പന ചെയ്യപ്പെട്ടതും പ്രയോഗവൽക്കരിക്കപ്പെടുന്നതുമായിരിക്കണത്. എല്ലാശ്രമങ്ങളും കഠോരമായ ഈ വഴിയിലൂടെയായിരുന്നു. താഴെപറയുന്നതാണ് അദ്ദേഹത്തിന്റെ തന്ത്രങ്ങൾ.

## മതസങ്കൽപ്പങ്ങളെ ചോദ്യംചെയ്യുക

ശരീഅത്തിതന്നെ പലപ്പോഴും പറഞ്ഞത്പോലെ .അദ്ദേഹം നിലവിലിരിക്കുന്ന മതം, സംസ്ക്കാരം, ആചാരങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയെ ചോദ്യം ചെയ്തുകൊണ്ടാണ് തന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അവയുടെ യാഥാർത്ഥ്യമെന്താണ്", എന്നദ്ദേഹം സ്വയം ചോദിച്ചു. ഇസ്ലാമും ശീഇസവും സത്യത്തിൽ അവ ഇപ്പോഴുളളതുപോലെ തന്നെയാണോ ? അല്ലെങ്കിൽ എന്തായിരിക്കണം ? ചോദ്യം ചെയ്യലിന്റെയും സംശയത്തിന്റെയും ശങ്കയുടെയും ഈ ഘട്ടത്തിൽ തന്നെ നിന്നില്ല അദ്ദേഹം. ചോദ്യം ചെയ്യാനുള്ള താൽപര്യം അറിയാനുള്ള അദ്ദേഹത്തിന്റെ ദാഹം വർദ്ധിപ്പിച്ചു.

---

* 1951 മുതൽ 53 വരെ ഇറാന്റെ പ്രധാനമന്ത്രിയായിരുന്ന ഡോ . മുഹമ്മദ് മുസദ്ദിഖിന്റെ 'നേഷണൽ ഫ്രന്റ്'.

* ജനകീയപ്രക്ഷോഭത്തെത്തുടർന്ന് നാടുവിട്ട ഷായെ വീണ്ടും തിരിച്ച് അധികാരത്തിലെത്തിക്കാൻ സി. ഐ . എ യും ഷാ അനുകൂല പട്ടാളക്കാരും ചേർന്ന് 1953 ആഗസ്റ്റ് 19ന് നടത്തിയ പട്ടാള വിപ്ലവവും അതിനെ തുടർന്ന് ഇറാനിൽ രൂപംകൊണ്ട ' നഹ്സത്തെ മുഖാവിമത്തെ മില്ലി' യുമാണിവിടെ സൂചിപ്പിക്കുന്നത്.

* ‘ഖും ‘ കേന്ദ്രീകരിച്ചുള്ള വിപ്ലവ ശ്രമങ്ങൾ ശക്തി പ്രാപിക്കുന്നതും ഷാ അവയെ ക്രൂരമായി അടിച്ചമർത്തുന്നതും ഫൈസിയ്യാ കൂട്ടക്കൊല നടന്നതും ഖുമൈനിയെ നാടുകടത്തുന്നതുമെല്ലാം ഇക്കാലത്താണ്.

ഖുർആനികപ്രജ്ഞയുടെ തീ അദ്ദേഹത്തിൽ ആളിക്കത്തി. അതിനാലദ്ദേഹം പഠനത്തിലേക്കും ഗവേഷണത്തിലേക്കും തിരിഞ്ഞു. ക്ഷമയും സഹനശീലവും വിടാതെ അദ്ദേഹം സത്യം അന്വേഷിക്കുക.യും തന്റെ ചോദ്യങ്ങൾക്ക് മറുപടി തേടുകയും ചെയ്തു. അദ്ദേഹം ചരിത്രത്തിലേയ്ക്കും തിരിഞ്ഞു. ആരംഭതൊട്ടുള്ള ഇസ്ലാമികചരിത്രവും ഇസ്ലാമിന്റെ ആവിർഭാവകാരണങ്ങളും പ്രവാചകന്റെയും അദ്ദേഹത്തിന്റെ അനുചരൻമാരുടെ വ്യക്തിത്വവും ഖുർആനും പഠിച്ചതിലൂടെ അദ്ദേഹം സത്യം കണ്ടെത്തി.

തന്റെ ചോദ്യങ്ങൾക്ക് മറുപടി കണ്ടെത്തിയ ശരീഅത്തി താഴെ പറയുന്ന നിഗമനങ്ങളിലാണെത്തിച്ചേർന്നത്: ഇന്നു നിലവിലുള്ള ഇസ്ലാമും ശീഇസവും ,പ്രാരംഭത്തിൽ നടപ്പിൽവന്നതും പ്രവാചകന്റെയും ഇമാം അലിയുടെയും മറ്റു വിശ്വാസികളുടെയും വാഗ്കർമങ്ങളിലൂടെ സാക്ഷാൽക്കരിക്കപ്പെട്ടതുമായ ഇസ്ലാമും ശീഇസവും തമ്മിൽ അടിസ്ഥാനപരമായ അന്തരങ്ങളുണ്ട്.

നിലവിലിരിക്കുന്ന പല സങ്കൽപ്പങ്ങളും ആചാരങ്ങളും സത്യത്തിന്നും ഖുർആന്റെ നിർദേശത്തിനുമെതിരാണ്. ഈ കണ്ടുപിടുത്തം തന്നിഷ്ടപ്രകാരം ഇസ്ലാമിലേക്കു മടങ്ങാൻ അദ്ദേഹത്തിന് പ്രേരണയായി. താൻ കണ്ടുപിച്ച കാര്യം നേരിട്ട് വിശ്വാസികളോട് പറയണമെന്നും അവരെ നിദ്രയിൽ നിന്നുണർത്തണമെന്നും അദ്ദേഹം മനസ്സിലാക്കി. മതത്തിൽ നിന്ന് പിന്തിരിയുകയും ആധികനാഗരികതയുടെ യും വിപ്ലവചിന്തയുടെയും ബാഹ്യകൗതുകങ്ങളാൽ വശീകരിക്കപ്പെടുകയും ചെയ്ത ചെറുപ്പക്കാരോടും ബുദ്ധിജീവികളോടും തനിക്ക് പ്രത്യേക ദൗത്യമുണ്ടെന്നദ്ദേഹം കരുതി. അവരുടെയും അവരുടെ ദേശത്തിന്റെയും മോക്ഷത്തിന്റെയും മോചനത്തിന്റെയും വഴി മതസത്യങ്ങളാണ് അവരുടെ ചരിത്ര-സാംസ്കാരികസത്തയുടെ അകക്കാമ്പാണ് മതസത്യങ്ങൾ പാശ്ചാത്യ ലഹരിയോ തീവ്രവാതമോ ആധുനികതാവാദമോ ഉപഭോഗസംസ്ക്കാരമോ മുതലാളിത്തമോ നവീന പ്രഭുത്വമോ അവർക്ക് സ്വാതന്ത്യം നലകില്ല. ശരീഅത്തി തന്റെ കൃതികളിൽ മുഴുവൻ ബുദ്ധിജീവികളോടും സാധാരണക്കാരോടും ഇക്കാര്യം നേരിട്ട് പറയുന്നതായി കാണാം.

ഒരുകാര്യം തീർച്ചയാണ്. ഇസ്ലാമിനെക്കുറിച്ചുള്ള ഈ സത്യം കണ്ടെത്തുന്ന ആദ്യമനുഷ്യനല്ല ശരീഅത്തി. പക്ഷെ ഈ മേഖലയിൽ അദ്ധേഹത്തിന്റെ സംഭാവന അനിതരമാണ്. രണ്ടു കാരണങ്ങളുണ്ടതിന്. ഒന്നാമതായി അദ്ധേഹം ഈ നിഗമനത്തിലെത്തുന്നത് ഗവേഷമത്തിലൂടെയും സ്വാനുഭവത്തിലുടെയുമാണ്; ആരെയും അനുഗരിച്ചുകൊണ്ടല്ല. രണ്ടാമതായി അദ്ധേഹം കണ്ടെത്തിന്റെ മാനവും ആഴവും മുമ്പകാണാത്തതാണ്. അദ്ധേഹത്തിന്റെ തലമുറയിൽ സദൃശരായ ചെറുപ്പക്കാർക്കിടയിൽ, ഈ സത്യം അദ്ധേഹത്തിന്നു മാത്രമേ അനുഭവേദ്യമായുള്ളു.

## എതിർപ്പ് , പ്രതിഷേധം

ശരീഅത്തി സത്യം കണ്ടെത്തുകയും അതിന്റെ ദാർശനികാനന്ദമനുഭവിക്കുകയും ചെയ്യുന്നതിൽ നിർത്തിയില്ല. അതായിരുന്നു അദ്ധേഹത്തിന്റെ രണ്ടാമത്തെ ചുവട്വെയ്പ്. തന്റെ പ്രഭാഷണങ്ങളിലദ്ധേഹം ജന്മനാടിന്റെ ദുരവസ്ഥയെപ്പറ്റി ഒരു ചെറു വിഭാഗത്തോടോ വെറും ബുദ്ധിജീവികളോടോ മാത്രം പരാതിപ്പെട്ടില്ല. ജനങ്ങളോടദ്ധേഹം തന്റെ ചിന്തകളെന്തെന്നു പറഞ്ഞു. നിലനിൽക്കുന്ന അവസ്ഥയെപ്പറ്റിയദ്ധേഹം പ്രതിഷധിച്ചു. നിലനിൽക്കുന്ന മതത്തെയും അതിൻരെ പ്രബോധകരെയുമദ്ധേഹം ആക്രമിച്ചു. ഈവശം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മഹൽ സത്യങ്ങൾ കണ്ടത്തിയതാണെന്നും പ്രജ്ഞയുള്ളവരാണെന്നും സത്യവും അസത്യവും തമ്മിൽ വിവേചിച്ചറിയാൻ എളുപ്പം കഴിയുന്നവരാണെന്നും വിശ്വസിക്കുന്ന ധാരാളം പേരു

ണ്ട്. പക്ഷെ, അവർ പ്രതിഷേധിക്കുന്ന, എതിർക്കുന്ന വെല്ലുവിളിക്കുന്ന കൂട്ടത്തിൽപെടില്ല.

ശരീഅത്തി ചില സത്യങ്ങളെ തനിക്കും മറ്റുചില സത്യങ്ങൾക്കും അപരർക്കുമായി മാറ്റിവെച്ചിട്ടില്ല; വെറുതെ ബുദ്ധി ജീവികളുടെ കൂടെയിരുന്നു കവിത വായിക്കുകയോ കലയും സാഹിത്യവും തത്വചിന്തയുമാസ്വദിക്കുകയോ ചെയ്തില്ല. വേദനിക്കുന്ന, അരങ്ങിലിറങ്ങുന്ന, അമവീസുന്നിസം, സഫവീ ശീയിസം, തുടങ്ങിയ അപഭ്രംശങ്ങൾ ഗൗരതരമായി പഠിക്കുകയും പിഴച്ച കപടമായ ആവിശ്വാസരീതികൾ പിന്തുടരന്നു വരെ വെല്ലുവിളിക്കുകയും ചെയ്യുന്ന ഒരാളായിരുന്നുശരീഅത്തി. അദ്ദേഹം കരഞ്ഞു; ദുരന്തത്തിന്റെ വ്യാപ്**തിയും** ആഴവും വ്യകതമാക്കി; പ്രാചീനവും ആധുനികവുമായ പിന്തിരിപ്പൻവാദത്തെ അദ്ദേഹം നഗ്നമാക്കി. രണ്ടു വിഭാഗക്കാരും അദ്ദേഹത്തെ വിമർശിച്ചതിന്റെ കാരണമിതാണ്. അവരിൽ ആദ്യ വിഭാഗം: ഇസ്‌ലാമിന്റെയും മതപണ്ഡിതൻമാരുടേയും രക്ഷയ്ക്കാ"യും രണ്ടാം വിഭാഗം "ചില സാമൂഹ്യ മൂല്യങ്ങലുടെ രക്ഷയ്ക്കാ"യും ശരിഅത്തിക്കെതിരെ തൂലികയെടുത്തു.

അദ്ദേഹം ഇസ്‌ലാമികചരിത്രം പ്രതിപാദിച്ചു. ചിന്തയുടെ ബൗദ്ധിക ധാരകൾ വ്യാഖ്യാനിച്ചു. വ്യതിയാനങ്ങൽ ചൂണ്ടിക്കാട്ടി. ഏതു പ്രശനം വന്നാലും അദ്ദേഹം നിർഭീതമായി ഇതിനെ നേരിട്ടു. ഭാവനാ സങ്കല്പങ്ങളെയും അന്ധവിശ്വാസങ്ങളെയും പിഴച്ച വികലമായ, ഫലശൂന്യമായ നിഗമനങ്ങലെയും, ജീവദായിയായ ഇസ്‌ലാമിന്റെ മുഖത്ത് നിന്ന് തൂത്തുമാറ്റാൻ ഉദ്ദേശിച്ചുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. ചിലമേഖലകളിൽ അനർഷം പ്രകടിപ്പിക്കുകയും പ്രതിഷേധിക്കുകയും ചെയ്ത പലരും ചരിത്രത്തിലുണ്ട്. എന്നാൽ ശരീഅത്തിയുടെ യത്നങ്ങൾക്ക് ധാരാളം മറ്റുവിശേഷങ്ങളുണ്ടായിരുന്നു. ഒന്ന്: അദ്ധേഹത്തിന്റെ പ്രവർത്തനം യുക്തിസഹവും സുചിന്തിതവുമായിരുന്നു. രണ്ട് ; ഇസ്ലാമിനെക്കി**റി**ച്ചും അതിന്റെ പ്രഭവസാഥാനങ്ങലെക്കുറിച്ചും ധൈഷണികാവ്യാപ്തിയലും യാഥാർത്ഥ്യബോധത്തിലുമാണ് അത് നിലനിന്നിരുന്നത്. മൂന്ന്; അദ്ദേഹം ഒരു ജോലി പൂർത്തിയാകുന്ത് ഉറപ്പാക്കി. നിരന്തരമായിരുന്നു അദ്ദേഹത്തിന്റ വിമർശനം. ഏറ്റവും പ്രാധാനപ്പെട്ട കാര്യം അദ്ദേഹത്തിന്റെ പ്രത്യായശാസ്ത്രം ലക്ഷ്യപ്രോചോദിതവും സജീവവും എപ്പോഴും ചലിക്കുന്നതുമായിരുന്നു എന്നതാണ്. അല്ലാതെ വെറും സാംസ്കാരികമോ ശാസ്ത്രീയമോ ആയ ഒന്നായിരുന്നില്ല അത്. ഈ ഗുണങ്ങൾ ശരിഅത്തിയുടെ പ്രതിഷേധത്തിന് ആധികാരികതയും വിശ്വാസ്യതയും നൽകുന്നുണ്ട്. അദ്ദേഹം മരിച്ച് ഒരു പതിറ്റാണ്ടായിട്ടും ആർക്കും അദ്ദേഹത്തിന്റെ സന്ദേശത്തിന്റെയോ പ്രവർത്തനത്തിന്റെയോ ഫലം കുറക്കാൻ കഴിയാത്തത് അത് കൊണ്ടാണ്.

## ഇസ്‌ലാമിക ചിന്താ വ്യവസ്ഥയുടെ
## രൂപരേഖ:പ്രത്യായശാസ്ത്രത്തിന്റെ നിർമിതി

അലിശരിഅത്തി ധൈഷണികതയുടേയും പ്രതിഷേതത്തിന്റെയും അതിരുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കുകയും പൊതുജനങ്ങളെ ഉണർത്തി അവർക്ക് അറിവ് പകരുകയും മാത്രം ചെയ്തിരുന്നെങ്കിൽപോലും ചരിത്രം അദ്ദേഹം ചെയ്തത് മഹൽകൃത്യമായും ' സൽകർമ്മ'മായും പരിഗണിച്ചേനെ, നാഗരികതയും ആധിനികയും ഒരു വശത്തും ഖിലാഫത്തും ഇസ്‌ലാമും ഇമാമത്ത് ഇസ്‌ലാമും നറ്റൊരു വശത്തുമായുള്ള ഒരു വിവേജനമാണദ്ദേഹം നചത്തിയിരുന്നതെങ്കിലും, വ്യതിചലനത്തിനും വ്യതിചലിച്ച പ്രഭാഷണങ്ങൾക്കുമെതിരെ ശക്തിയായി ആക്രോഷിക്കുകമാത്രമാണദ്ദേഹം ചെയ്തിരുന്നതെങ്കിലും ചരിത്രം അദ്ദേഹത്തോട് ആ മട്ടിൽ തന്നെ പ്രതികരിച്ചേനെ. അദ്ദേഹത്തിന്റെ ധൈഷണിക രാഷ്ട്രീയ വിപ്ലവപ്രസ്ഥാനത്തിന് അതിന്റേതായ ചിരിത്ര പ്രാധാന്യമുണ്ട് എന്നതിൽ സംശയമില്ല. എന്നാൽ അദ്ദേഹം മറ്റാരും മുമ്പ് സഞ്ചരിച്ചിട്ടില്ലാത്ത പാതയിലേക്ക് കാലെടുത്തു വെച്ചു; ആദ്യമായി ഇസ്ലാമിക ചിന്താ രീതിക്ക് ഒരടിസ്ഥാനമാതൃകയുണ്ടാക്കുന്നതിനും ഇസ്‌ലാമിക

പ്രത്യായശാസ്തരത്തിന് രൂപം നൽകുന്നതുനും ശ്രമിച്ചു. ശരൂഅത്തിയുടെ യത്നങ്ങ ളൽ ഏറ്റവും ശാസ്വാസവും ഇതാണ്.

ഇസ്ലാമിക ചിന്താവ്യവസ്ഥയും പ്രത്യായശാസ്തരവും ഉണ്ടടാക്കണമെന്ന ആഗ്രഹം, അദ്ദേഹത്തിന്റെ ചിന്തകളിൽനിനന്നും ഇസ്ലാമികജ്ഞാനത്തിൽനിന്നും ഇസലാമിക ചരിത്രത്തിൽ നിന്നുമാണ് ഇടലെടുക്കുന്ത്; അദ്ദേഹത്തിന്, പടിഞ്ഞാറുമായുള്ള പരിച യവും മൂന്നാം ലോകത്ത്, വിശേഷിച്ചു മുസ്ലിം പ്രദേശങ്ങളിൽ, നിലവിലുള്ള രാഷ ട്രീയ സാമൂഹ്യ,വിപ്ലവപ്രസ്ഥാനങ്ങളെക്കുറിച്ചും സമരങ്ങളെക്കുറിച്ചുമുള്ള അറിവും ധാരണയും അതിന് ഊർജം നൽകിട്ടുണ്ട്. സത്യത്തിൽ, ഇസ്ലാമിലെ കഴിഞ്ഞകാല സംഭവങ്ങളെക്കുറിച്ചും വർത്തമാനകാല മുസ്ലിംകളുടെ അവസ്ഥയെക്കുറിച്ചുള്ളചിന്ത യിൽ നിന്നുമാണ് സ്വാഭിവികമായും യുകതിസമായും ഈ ആവശ്യം ഉയർന്നു വന്ന ത്.

“ ഇസ്ലാം അതിന്റെ ചരിത്രവും സമൂഹികവും ധാർമികവും മാനുഷികവുമായ വ്യവസ്ഥാപനത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ പോഷകത്തിലും രക്ഷണത്തിലും ്പ ര്യാപ്തിയനുഭവിച്ചിട്ടുണ്ട്. ഹിന്ദുമതം. സരതുഷ്ടമതം, യവനചിന്ത, ഈജി പ്ഷ്യ.ൻചിന്ത എന്നിങ്ങനെയുള്ള അന്യസംസ്കാരങ്ങൾ വളർത്തിയ രോഗെ ബാധിച്ച ഒരു ഇസ്ലാമിനെയാണ് നാമിപ്പോള്ഞ കൈകര്യം യെയ്യുന്നത്. അതിനാലത് സ്വാഭാ വിത്തിലും പ്രകൃതത്തിലും യഥാർത്ഥ ഇസാലാമിന്റെ സ്വഭാവവും പ്രകൃതിയും ഉപേ ക്ഷിച്ച് മറ്റൊരു രൂപം കൈക്കൊണ്ടു. ശ്രേഷ്ഠത, ആരോഗ്യം ജീവ്ൻ, പുന:സൃഷ്ടി എന്നി ഉറപ്പുവരുത്തുന്ന ഇസ്ലാമിന്റെ നാല് പ്രകൃതങ്ങൾ താറുമറായി”*. ഇതൊരുവ ശം.

മറുവശത്ത്, ശരീഅത്തി മറ്റൊരു നിഗമനത്തിലുമെത്തി. കഴിഞ്ഞ നൂറ്റാണ്ടിലെ ഇസ്ലാമികസംരംഭങ്ങൾ അവയുടെ ഉദാത്തമായ വിപ്ലവരൂപത്തിലേക്ക് വളരുകയോ വിജയിക്കുകയോ ചെയ്തില്ല. വിജയിച്ചവക്കു തന്നെ, പ്രഥമഘട്ടം കഴിഞ്ഞപ്പോൾ സാമൂഹ്യ രാഷ്ട്രിയ പ്രശ്നങ്ങളോ ഭരണത്തിന്റെ ബുദ്ധിമുട്ടുകളോ നേരിടാനാവാതെ വന്നു. അതിന്റെ കാരണം അതൊന്നും പൂർണ്ണമായ ഒരു ചിന്താരീതിയായോപ്രത്യയ ശാസ്ത്രമായോ വികസിച്ചില്ല എന്നതാണ്. അവയ്ക്ക് പ്രയോഗക്ഷമതയുമുണ്ടായില്ല. അവയുടെ നേതാക്കൻമാരുടെ ചിന്തകളോ ജനതയുടെ മനസ്സോ വ്യക്തമായിരുന്നില്ല.

ഇതിന്റെ അടിസ്ഥാനത്തിൽ ശരീഅത്തി ഒരു നിഗമനത്തിലെത്തി. ഒരു സംസ്ക്കാര മെന്ന നിലയ്ക്കും മറ്റുസംസ്ക്കാരങ്ങൾ പോഷിപ്പിച്ച മത വിജ്ഞാനീയങ്ങളുടെ സാകല്ല്യമെന്ന നിയ്ക്കുള്ള ഇസ്ലാം ഒന്നാണ്. വിശ്വാസം, പൂർണവും അന്യുനവുമായ പ്രത്യയശാസ്ത്രം, സമൂഹം എന്നീനിലകളിലുള്ള ഇസ്ലാം മറ്റൊന്നാണ്. രണ്ടിന്റെയും അധികാരമേഖലയും പ്രയോഗവും തമ്മിലുമുണ്ട് അന്തരം*”

---

* ശരീഅത്തി,സമാഹൃതകൃതികൾ,വാള്യം 2, പുറം 28

* ശരീഅത്തി,സമാഹൃതകൃതികൾ, വാള്യം23, “സംസ്ക്കാരവും പ്രത്യയശാസ്ത്രവും” എന്ന അദ്ധ്യായം.

ഇസ്ലാമിനെ ഒരു യഥാർത്ഥ പ്രത്യയശാസ്ത്രമായി അവതരിപ്പിക്കുക എന്നതാണ് ഇന്നുവേണ്ടത്. നിലവിലുള്ള പ്രത്യയശാസ്ത്രങ്ങളെ നേരിടാനുള്ള ശേഷി അതിനു വേണം . അപ്പോഴാണ്മുസ് ലിംകളുടെ സാമുഹ്യവും രാഷ്ട്രിയവും ധാർമികവുമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുക അപ്പോൾ ചെറുപ്പക്കാർ മറ്റു ചിന്താധാരകൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമെതിരിൽ പ്രതിരോധ ശേഷി നേടിയവരാവും. അവ അവടെ പ്രലോഭിപ്പിക്കില്ല.

ഇസ്ലാമിക പ്രത്യയശാസ്ത്രം ധൈഷണികവും പ്രകീർണ്ണിതവും സാർവ ജനീനവും ദാർശനികവുമായ ചർച്ചകളുടെ പരസ്പരബന്ധമില്ലാത്ത ഒരുശ്രേണിയിലൊതുങ്ങി നിൽക്കാവതല്ല. മറിച്ച് പ്രത്യയശാസ്ത്രപരമായ എല്ലാ പ്രശ്നങ്ങളും ഇസ്ലാമികചിന്താശാകയുമായി ബന്ധപ്പെട്ട കാര്യങ്ങളും പരസ്പരം ബന്ധപ്പെട്ടതാവണം. അവയ്ക്ക് ഏകീകൃതവും സുദൃഢവുമായ ഒരു മുഖരൂപം വേണം.

ഇസ്ലാമിക ചിന്താരീതിക്ക് ഒരു ജ്യാമിതീയ സങ്കൽപ്പം അതുകൊണ്ടാണ്ശരീഅത്തി നിർദേശിക്കുന്നത് ഒരു ചിന്താരീതി മനസ്സിലാക്കാനും പ്രായോഗികമാക്കാനും തുറക്കാനും പ്രശസ്തമാക്കാനുമുള്ള ഏകമാർഗ്ഗം അതിന്റെ വ്യത്യസ്ഥ ഘടകങ്ങൾ പ്രത്യയശാസ്ത്രപരമായ ഏകത്വത്തിലൊന്നാക്കുകയാണ്. മറിച്ചാണെങ്കിൽ വ്യത്യസ്തവും പരസ്പരബന്ധമില്ലാത്തതുമായ , മനേമണ്ഡലത്തിൽനിലനിലിക്കുന്നതോ അമൂർത്തമോ ആയ പലതരം വിശ്വാസങ്ങളാവുമത്. അവയ്ക്ക് പ്രായോഗികഫലമൊന്നും കാണുകയില്ല.

ഇസ്ലാമിക- ചിന്താ കർമരീതി ജ്യാമിതീയ തൂപത്തിൽ ആവിഷ്ക്കരിക്കുന്നതിന് മറ്റൊരു കാരണവുമുണ്ട്. അപ്പോഴാണത് കൂടുതൽസ്ഫുടമാവുന്നത്. ഈ ചിന്താരീതിയുടെ അഭിവിന്യാസമെന്താണെന്നും അതിന്റെ പ്രത്യയങ്ങളും ലക്ഷ്യങ്ങളും ദർശനവും ഫലവുമെന്താണെന്നും അപ്പോൾ അനായാസം ഗ്രഹിക്കാം. അതിനോട് മൽസരിക്കുന്നചിന്താരീതികളുടെ മുമ്പിൽ അതിന്ന് എന്ത് ഗുണങ്ങളും വിശേഷങ്ങളുമാണുള്ളത് എന്നും അപ്പോൾ മനസ്സിലാകും.

ഇവിടെ ഒരു കാര്യം കൂടി സൂചിപ്പിക്കേണ്ടതുണ്ട്. ചിന്താ-കർമരീതിയും പ്രത്യയശാസ്ത്രവും തമ്മിൽ ശരീഅത്തി വ്യത്യാസം കണ്ടിരുന്നു. ആ വ്യത്യാസം അദ്ദേഹം ഇങ്ങനെ: "`ഒരുചിന്താ-കർമ്മരീതി താരസമൂഹം പോലെയാണ്. അതിൽ മനുഷ്യന്റെ ഓരോവ്യക്തിനുഭവവും സാമൂഹ്യ സ്വഭാവവും ധാർമിക ശീലവും, വിശിഷ്യാദാർശനികവും മതപരവും സാമൂഹികവുമായ ആശയങ്ങളും സംയോജിതവും അർത്ഥപൂർണ്ണവുമായ ഒരു ഗാലക്സിയിൽ സൂര്യനുചുറ്റും കറങ്ങുന്ന ഒരു ഗ്രഹത്തെപ്പോലെയാണ്. ഓരോ ലക്ഷ്യത്തിലേക്ക് ഒരുമിച്ച് ചലിക്കുന്ന ഒരു താര സമൂഹമാണത് . ഒരു ചിന്താരീതിയിൽ വിശ്വസിക്കുന്ന ഒരു മനുഷ്യന്റെ മനോരൂപമാണത്. ഇതാണ് ചലനം സൃഷ്ടിക്കുകയും സാമൂഹ്യശക്തി വളർത്തുകയും നേടിയെടുക്കുകയും ചെയ്യുന്ന ചിന്താ രീതി. ഇതാണ് ഒരു വ്യക്തിക്ക് ദൗത്യ ബോധവും പ്രതിബദ്ധതയും ഉത്തരവാദിത്വവും നൽകുന്നത്"*.

"ചിന്താരീതിയുണ്ടായാലുമില്ലെങ്കിലും ഒരാളുടെ പൊതുവിജ്ഞാനത്തിലോ പഠിപ്പിലോ വിശ്വാസദാർഢ്യത്തിലോ ഏറ്റക്കുറച്ചിൽ വരുന്നില്ല. ഒരു ചിന്താശാഖയിലും പെടാതെയിരിക്കാവെതെന്ന നവീനാശയങ്ങളുള്ള ധാരാളം പണ്ഡിതന്മാരുണ്ട്. മറുഭാഗത്ത് അറിയപ്പെടാത്ത, പരിമിതമായ പഠിപ്പ് മാത്രമുള്ള ചിന്താരീതിയുള്ളവരായുമുണ്ട്. ചിന്താരീതിയെന്നതിന് മൂർത്ത രൂപമില്ല. അതൊരു ചായ്വാണ്. അല്ലാതെ സംഘടനയോ സ്ഥാപനമോ അല്ല."*

പ്രത്യായശാസ്ത്രത്തെക്കുറിച്ചു പറയവെ ശരീഅത്തി എഴുതുന്നു: " പ്രത്യായശാസ്ത്രമെന്നത് മനുഷ്യന്റെ അന്ത: ചോദനയുടെ സ്വാഭാവികമായ തുടർച്ചയാണ്. സൃഷ്ടിയുടെ പെരുമാറ്റമാറ്റത്തിന്ന് രൂപംനൽകുന്ന നയമങ്ങളുടേയും പ്രവണതകളുടെയും സമുച്ചയാമാണ് അന്ത:ചോദന. അത് നമുടെ വളർച്ചയെയും പരിണാമത്തെയും പ്രത്യുൽപാദനത്തെയും നിലനിൽപ്പിനേയും പൊതുവിൽ പറ്ഞ്ഞാൽ ജീവിതത്തെയും സ്വാധീനിക്കുന്നു. എന്നാൽ മനുഷ്യരിലത് പ്രജ്ഞ,ഇച്ഛാശക്തി എന്നിവയെയും ചൂഴ്ന്നിരിന്ൽക്കുന്നുണ്ട്. അതിനാൽ അന്ത:ചോദന അവസാനിക്കുന്നിടത്ത് പ്രത്യായശാസ്ത്രം മനുഷ്യനെ നയിക്കാൻ തുടങ്ങുന്നു."*

ഇത് സത്യമാണ്. കാരണം ഇസ്ലാമിക വീക്ഷണത്തിൽ പ്രത്യായശാസ്ത്രം ഉൽഭവിക്കുന്നത് വെളിപാടിൽനിന്നും ദൈവിക നയമത്തിൽ നിന്നുമാണ്. അന്ത:ചോദമയാ

വട്ടെ പ്രകൃതിയുടെ ഭാവവും. ദൈവിക നയമത്തിലൂടെയുള്ള വെളിപാട് പ്രകൃതിനിയമത്തിന്റെ തുടർച്ചയും പൂരകവുമാണ്. രണ്ടും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്.

ദൈവത്തിന്റെ സൃഷ്ടികലിൽ ഉത്തരവാദിത്വവും പ്രത്യായശാസ്ത്രവും ദൈവിക നിയമവുമുള്ളത് മനുഷ്യന്ന് മാത്രമാണ്. സ്വതന്ത്രമായ ഇച്ഛയുള്ള അവൻ സ്വത്ന്ത്രനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നതാണ് അതിന്റെ കാരണം. അവന്ന് ക്ഷേമവും മോക്ഷവും ഉറപ്പുവരുത്തുന്നത് മേൽപറഞ്ഞ മൂന്ന് ക്ര്യങ്ങളാണ്. ഇസ്ലാമിക വീക്ഷണത്തിൽ, കേവല സത്യത്തെ ആലംബമാക്കുന്നില്ലെങ്കിൽ ഇവ മൂന്നും മനുഷ്യനെ പിഴപ്പിക്കും.

---

* ശരീഅത്തി, സാമൂഹ്യകൃതികൾ, വാള്യം16, പുറം 11-13

* ശരീഅത്തി,സമാഹൃതകൃതികൾ, വാള്യം11, പുറം 127

* ശരീഅത്തി,സമാഹൃതകൃതികൾ, വാള്യം23, പുറം104

പ്രത്യയശാസ്ത്രമെന്തെന്ന് ശരീഅത്തി നിർവ്വജിക്കുന്നു: “പ്രത്യയശാസ്ത്രം വിശ്വസങ്ങളും അവയെകുറിച്ചുള്ള അവബോധവും ഉൾക്കൊള്ളുന്നു. പ്രജ്ഞ അഥവാ അവബോധം ഒരു മനുഷ്യന്റെ സ്വത്വവുമായും വർഗ്ഗം, സാമൂഹ്യാടിത്തറ, ലോകം, ചരിത്രപരമായവിധി, സാമൂഹികവിഭാഗം എന്നിവയുമായും ബന്ധപ്പെട്ട ഒരു സവിശേഷതയാണ്. പ്രജ്ഞ സ്വത്വം എന്തെന്ന് ഒരുവന്ന് വിശദീകരിച്ച് കൊടുക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരുവന്ന് തന്റെ ഉത്തരവാദിത്വങ്ങളും പ്രശ്നപരിഹാരങ്ങളും അഭിവിന്യാസങ്ങളും നിലപാടുകളും പ്രത്യേകാശയങ്ങളും കമ്ടുപിക്കാൻ പറ്റും. അവൻ പ്രത്യേക വിധിതീർപ്പുകളുണ്ടാക്കുന്നതും ഇതിന്റെ അടിസ്ഥാനത്തിലാണ്. തൽഫലമായി ഒരുവൻ ഒരു കർമ്മ സംഹിതയോടും പെരുമാറ്റത്തോടും മൂലവ്യസ്ഥയോടും പ്രതിബന്ധതയുള്ളവനാകുന്നു.എന്താണ് ചെയ്യുന്നത്.; എന്താണ് ചെയ്യേണ്ടത്; എന്തായിത്തീരണം തുടങ്ങിയ ചോദ്യങ്ങൾക്ക് മറുപടി നൽകുന്ന വിശ്വാസ പ്രമാണമാണ് പ്രത്യയശാസ്ത്രം”.*

പ്രത്യയശാസ്ത്രത്തിന്റെയും ചിന്താരീതിയുടെയും ഈ നിർവ്വജനങ്ങൾ മുൻനിർത്തി ശരീഅത്തി ഹുസൈനിയയ്യിൽ വെച്ച് ഇസ്ലാമിക ചിന്താരീതിക്കൊരു ജ്യാമിതീയമാതൃക സമർപ്പിച്ചു. ഇസ്ലാമിക ചിന്താകർമ്മരീതിക്കൊരുഅടിസ്ഥാനമാതൃക എന്ന നിലയിൽ ഇസ്ലാമിക പ്രത്യയശാസ്ത്രം സമാഹരിക്കേണ്ട ആവശ്യകത അദ്ദേഹം അവിടെ വ്യക്തമാക്കി. ഹുസൈനിയയ്യിൽ അദ്ദേഹം ഇസ്ലാമിക വിജ്ഞാനീയത്തെക്കുറിച്ച് നൽകിയ ആദ്യത്തെ രണ്ടു പാഠങ്ങളിലാണ് ഇക്കാര്യങ്ങൾ ഉള്ളത്. ശരീഅത്തിയുടെ എല്ലാകൃതികളും അദ്ദേഹം നേരിട്ടോ അല്ലാതെയോ അവിഷ്ക്കരിക്കാൻ ശ്രമിച്ച ചിന്താരീതി വിശദീകരിക്കാനും നിർവ്വദിക്കാനുമുള്ള ശ്രമങ്ങളാണ്.

അദ്ദേഹത്തിന്റെ എല്ലായത്നങ്ങളും ഒരു ജ്യാമിതീയ മാതൃക ഉന്നം വെക്കുന്നതായിരുന്നു. അദ്ദേഹം ആധുനിക ലോകത്തിന്റെ അനുഭവങ്ങൾ ചൂണ്ടിക്കാണിച്ചു. വിദ്യാഭ്യാസം ലഭിച്ചവരും ‘ഒരുങ്ങിയവരു’മായ യുവതലമുറക്ക് ഗ്രാഹ്യവും സ്വീകാര്യവുമായ ഭാഷയിൽ അഏദ്ദേഹം തന്റെ പദ്ധതിനേരിട്ട് വിശദീകരിച്ച് കൊടുത്തു. അവർക്ക് അദ്ദേഹം വിപ്ലവകരമായ ഒരു പ്രത്യയശാസ്ത്രം നൽകുകയായിരുന്നു.ന്യൂനതയും പിഴവും ഇല്ലാത്ത ശക്തവും യുക്തിഭദ്രവും സംയോജിതവുമായ ഒരു പ്രത്യയശാസ്ത്രമെന്ന നിലക്ക് ഇസ്ലാമിനെ അദ്ദേഹം അവതരിപ്പിച്ചു. ഇസ്ലാമിനെ സംബന്ധിച്ച സംശയങ്ങൾക്ക് അദ്ദേഹത്തിന്റെ വ്യാഖ്യാനം മറുപടി നൽകി. എങ്ങനെ, എന്താണ് നിങ്ങൾ ചെയ്യുന്നത് ? എന്താണ് നിങ്ങൾ ചെയ്യേണ്ടത്? ഇത്തരം ചോദ്യങ്ങൾക്കും

---

* ശരീഅത്ത് സമാഹൃത കൃതികൾ, വാള്യം 16, പുറം 28-29

അദ്ദേഹം മറുപടി നൽകി. ഇസ്ലാമിന്റെ ഭാഷയിൽ ഈ പുതിയ പ്രത്യയശാസ്ത്രം അദ്ദേഹം തന്റെ ശ്രോദ്ധാക്കൾക്ക് കൈമാറി.

അനേകവർഷങ്ങൾക്കുമുമ്പ് ശരീഅത്തി ഇങ്ങനെ പറഞ്ഞിരുന്നു. “സ്വാതന്ത്ര്യംതേടുന്ന മുസ്ലിം രാജ്യങ്ങൾ വിജയിക്കണമെങ്കിൽ അവസുന്ശ്ചിതമായ ധൈഷണിക സിദ്ധാന്തങ്ങൾസ്വീകരിക്കേണ്ടതുണ്ട്, അവ.്ക്ക് ഒരു പ്രത്യയശാസ്ത്രചിന്താരീതിവേണം. ദർശനം , സാമ്പത്തികശാസ്ത്രം, ധർമ്മ സംഹിത, ദേശീയത,സാമൂഹ്യ രാഷ്ട്രിയ പ്രശ്നങ്ങൾ എല്ലാം സ്ഫുടമായി ആവിഷ്ക്കരിക്കപ്പെടുന്ന ഒരു ചിന്താരീതി. ഇസ്ലാം നമുക്കു തന്നിരിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് ഈ പ്രത്യയശാസ്ത്രപരമായ ചിന്താരീതിയുടെ ‘സ്ഥല’മൊരുകികേണ്ടത്. വിശുദ്ധഖുർആന്റെ പാവനവും മോക്ഷദായിയുമായ ബോധങ്ങളിൽ നിന്നാണ്. ഇതിന്ന പ്രജോധനം ലഭിക്കേണ്ടത്”*

ഈ വിശ്വാസ പ്രമാണങ്ങൾ ജ്യാമിതീയവും നിർണിതവുമായ രൂപത്തിൽ സംയോജിപ്പിക്കപ്പെടുകയും ആ വിഷ്ക്കരിക്കപ്പെടുകയും ചെയ്യേണ്ട അവസരമാണിത്. അപ്പോൾമാത്രമാണ് അല്ലാമാ ഇഖ്ബാൽ പറഞ്ഞപോലെ ഖുർആനും നബിചര്യയും പ്രദാനം ചെയ്യുന്ന വിഭവങ്ങളിൽ നിന്ന് ഇസ്ലാമിന്റെ പ്രത്യയശാസ്ത്രഘടന പുനർനിർമിക്കാൻ പറ്റുക.

ഇതിന്റെ ഘടന ഇസ്ലാമിന്റെ അടിസ്ഥാനസ്രോതസ്സുകളിൽന്ന്നാണുരുത്തിരിയുന്നത്. അല്ലാഹു, ഖുർആ, മുഹമ്മദ്(സ), മുജാഹിറുകളും അൻസാറുകളുമുൾപ്പെട്ട മാതൃകായോഗ്യരായ നബിശിഷ്യൻമാർ, മദീനാനഗരം എന്നിവയാണ് ആ സ്രോതസ്സുകൾ.

സൂക്ഷ്മമായി പ്രയോഗവൽക്കരിച്ചാൽ ഇസ്ലാമിക ചിന്താരീതിയുടെ ഈ ജ്യാമിതീയ രൂപം മനുഷ്യസമൂഹത്തേയും മനുഷ്യനെയും പടുത്തുയർത്തുന്നതിനുള്ള മാതൃകയാവും. അതോടൊപ്പം, ഇസ്ലാമിക സിദ്ധാന്തത്തിന്റെ പ്രയോഗവൽക്കരണവും രൂപവും യഥാർത്ഥ അർത്ഥവും നിർണ്ണയിക്കപ്പെടുകയും ചെയ്യും. മറ്റ് വിശ്വാസസങ്കൽപ്പങ്ങളെപ്പറ്റിയറിയാനുമത്സഹായിക്കും. ഈ സങ്കൽപ്പങ്ങളുടെ യുക്തിസഹവും സൈദ്ധാന്തികവും പ്രായോഗികവുമായ ക്രമം വ്യക്തമാവുന്നതും അപ്പോഴാണ്.

ഈ തത്വസാകല്ല്യത്തിന്റെ പ്രയോഗവൽക്കരണവും ഈ ചിന്താ-കർമ്മരീതിയിൽ വിശ്വസിക്കുന്നവർക്കായുള്ളഅതിന്റെ സാക്ഷാൽക്കാരവും അഭിവിന്യാസത്തിന്റെ

* ശരീഅത്തി, സമാഹൃതകൃതികൾ, വാള്യം, 31, പുറം 5

കാര്യത്തിൽ വ്യക്തമാണ്. പ്രപഞ്ചവീക്ഷണം, പ്രത്യയശാസ്ത്രം, ദാർശനികനരവംശശാസ്ത്രം, ചരിത്രദർശനം, സാമൂഹ്യശാസ്ത്രം, മാതൃകാപരമായ മുസ്ലിം സമൂഹം (ഉമ്മഃ),മാതൃകാമനുഷ്യൻ, ഇമാമത്ത് തുടങ്ങിയകാര്യങ്ങൾ മുഴുവൻ ഇതിന്റെ രൂപവരിതിയിൽ വരും. കൂടാതെ, ഏകദൈവദർശനം, ധർമ്മശാസ്ത്രദർശനം, സമത്വദർശനം, നിയമദർശനം, വിമോചനതത്വശാസ്ത്രം എന്നിവയും സ്വാവാഭികമായും യുക്തിസഹമായും ഇതിന്റെ അതിരിനുള്ളിലുണ്ട്.

ഈ ജ്യാമിതീയ രൂപത്തിൽ ഇസ്ലാം എന്ത് പറയുന്നു എന്ന് വ്യക്തമാവും. കാലമുയർത്തുന്ന അടിസ്ഥാനപ്രശ്നങ്ങൾക്ക് ഇസ്ലാമിനുള്ളപരിഹാരങ്ങളും അതിലുണ്ട്. ചരിത്രത്തിൽ കഴിഞ്ഞ് പോയതും ഇപ്പോൾ ബലത്തിലുള്ളതുമായ ചിന്താധാരകളുടെ പോരായ്മകളും അപ്പോൾ തെളിഞ്ഞ് വരും സ്വാവാഭികവും സ്വീകാര്യവുമായ മട്ടിൽ, ഇസ്ലാമിന്റെ തനത്ശേഷി ആവിഷ്ക്കരിക്കപ്പെടും. എന്നാൽ ഈ ജ്യാമിതീയരൂപത്തിൽ ഏറ്റവും സുപ്രധാനമായി നടകികുന്ന പ്രവൃത്തി മറ്റൊന്നാണ, ശരീഅത്തി അവകാശപ്പെട്ടപോലെ ,ലോകത്ത് നിലവിലുള്ള എല്ലാ ചിന്താശാഖകളെയും- ചരിത്രപരമോ പൗരസ്ത്യമോ പാശ്ചാത്യമോ ഇസ്ലാമികമോ അല്ലാതെ ആയ ഏതുമാവട്ടെ അവയെയോക്കെയും -വിമർശിക്കാനും വിലയിരുത്താനും അപഗ്രതിക്കാനും ഇസ്ലാമുമായി`താരതമ്യം ചെയ്യാനും ഇത് സഹായിക്കുന്നു.

ചരിത്രത്തിലെ ഇസ്ലാമിനെ പറ്റിപറയുമ്പോൾ , "ദർശനവും അമൂർത്തതർക്കശാസ്ത്രവും സാമാന്യമായ ചിലകൽപ്പനകളും ഇസ്ലാമിക ചിന്തയെയും നിപാടിനെയും നിയന്ത്രിക്കാൻ തുടങ്ങിയതോടെയാണ് ജീർണ്ണത ആരംഭിച്ചതെ" ന്ന് ശരീഅത്തി വിശ്വസിച്ചിരുന്നു. ഔദ്യോഗികദൈവശാസ്ത്രം, കർമ്മശാസ്ത്രസിദ്ധാന്തങ്ങൾ, ദർശനം ഔപചാരികമായ സൂഫിഗ്രഹണപ്രക്രിയ എന്നിവ വിപ്ലവചൈതന്യത്തെയും യാഥാർത്ഥ്യബോധത്തെയും പരിമിതപ്പെടുത്തി. പ്രകൃതിയെയും സമൂഹത്തെയും കുറിച്ച അവബോധം, നിരീക്ഷണശീലം പ്രകൃതി പ്രതിഭാസങ്ങൾ, ,ഭൗതികവും ചരിത്രപരവുമായരൂപാന്തരങ്ങൾ, രാഷ്ട്രപ്രതിഭാസങ്ങളുടെ വിധി, ആദ്യകാല ഇസ്ലാമും ഖുർആനും ബോധിപ്പിക്കുന്ന പ്രശ്നപരിഹാരത്തിനുള്ള സ്വതന്ത്രവും കഠിനവുമായ യത്നങ്ങൾ' (ഇജ്തിഹാദ്) എന്നിവയും അതോടെ മുരടിച്ചു. ഇവയോക്കെ ക്ലിപ്തപ്പെടുത്തിയ മൂശകളിൽ നിക്ഷിപ്തമാവുകയും മാറ്റമില്ലാത്ത ആശയങ്ങളായി വിവക്ഷിക്കപ്പെടുകയും ചെയ്തു. സംസ്ക്കാരവും നാഗരികതയും വളർന്നപ്പോൾ വിപ്ലവചൈതന്യവും യഥാർത്ഥ നിഷ്ഠവും പരാണാമോന്മുഖവുമായ ഇസ്ലാമികസമൂഹത്തെക്കുറിച്ച ചിന്തയും തളർന്നു. അബൂദർറി*ന്റെ ഇസ്ലാം ഇബ്നുസീന*യുടെ ഇസ്ലാമായിമാറി. അമ്മാറി*ന്റെ ഭക്തി നഗ്നനായ ബാബാതാഹിറിന്റെ* വിരക്തിയായി. മാലിക്ക് അശ്ത്തറി*ന്റെ ശീഇസം ഷാഅബ്ബാസി*ന്റെ ശീഇസമായി. ഇബ്നുസ്സ്ക്കീത്തി*ന്റെ ചിന്തകൾ ഖാജാനസീറുദ്ദീ*ന്റെ യും ശൈഖ്ബഹാ* യു ടെയും ധൈഷണിക വ്യാപാരമായി.

---

* അബൂദർറിന്റെ ഗിഫാരി: മക്കയ്ക്കു പുറത്തുള്ള ഗിഫാർ ഗോത്രത്തിൽ ജനിച്ച ജുൻദബുബ്നുജുനാദ. പ്രവാചകന്റെ(സ) ആദ്യാനുയായികളിലൊരാൾ. അനീതിക്കെതിരെ എപ്പോഴും ക്ഷോപിച്ചിരുന്ന വിപ്ലവകാരി. ശരീഅത്തിയുടെ ഇഷ്ടകഥാപാത്രങ്ങളിലൊരാളാണ് അബൂദർറ്.
* ഇബ്നുസീന എന്ന അവിസെന്ന. മുസ്ലിം ലോകത്തിലെ സുപ്രസിദ്ധ വൈദ്യശാസ്ത്രജ്ഞൻ. ഗണിതം, ഭൗതികശാസ്ത്രം, അതിഭൗതികശാസ്ത്രം തുടങ്ങിയ എല്ലാ വിജ്ഞാനശാഖകളിലും പ്രവീണൻ ജനനം എ.ഡി. 980ൽ ബുഖാറയിൽ. 1037ൽ ഹമദാനിൽ അന്തരിച്ചു.
* പ്രവാചകന്റെ (സ) ആദ്യാനുയായികളിൽപെട്ട ഒരാൾ. വലിയ പീഢനമനുഭവിക്കേണ്ടി വന്നിരുന്നു. അമ്മാറി(റ)ന്റെ മാതാവും കറുത്ത അടിമയായിരുന്നു സുമയ്യ(റ)യാണ് ഇസ്ലാമിലെ ആദ്യത്തെ രക്തസാക്ഷിയായ സ്ത്രീ.
* പേർഷ്യൻ മിസ്റ്റിക് കവി. ഇദ്ദേഹത്തിന്റെ വിരക്തിയും പാലായന മനോഭാവവും പ്രസിദ്ധമാണ്.
* ഹസ്രത്ത് അലി(റ)യുടെ കാലത്ത് ഈജിപ്തിലെ ഗവർണ്ണർ. നിയുക്തമായി എങ്ങനെ ഭരിക്കാം എന്നു വിശദീകരിച്ചുകൊണ്ട് ഹസ്രത്ത് അലി ഇദ്ദേഹത്തിനെഴുതിയ കത്ത് കേളികേട്ടതാണ്.
* പേർഷ്യയിലെ സ്വഫവി വംശസ്ഥാപകൻ. ഏകാധിപതി.
* യാഖൂബ് അബൂയൂസുഫ് എന്ന ഇബ്നുസ്സിക്കീത്ത്. ജനനം ബാഗ്ദാദിൽ എ.ഡി. 803ൽ. അറബി സാഹിത്യകാരനും ഭാഷാ ശാസ്ത്രജ്ഞനും. ഖലീഫ മുതവക്കിൽ തന്റെ പുത്രൻ മുഅ്തസ്സിന്റെ ഗുരുവായി ഇദ്ദേഹത്തെ നിശ്ചയിച്ചിരുന്നു. ഖലീഫ ഇദ്ദേഹത്തിന്റെ നാക്കരിയുകയും ഒടുവിൽ അടിച്ചുകൊല്ലുകയും ചെയ്തു-എ.ഡി. 859ൽ.
* 11-ാം നൂറ്റാണ്ടിൽ ജീവിച്ച ഗണിതശാസ്ത്രജ്ഞനും ജീവശാസ്ത്രജ്ഞനും. ഇബ്നുസീനയുടെ "ഇശാറ"യ്ക്ക് ഇദ്ദേഹം ഒരു വ്യാഖ്യാനമെഴുതിയിട്ടുണ്ട്.
* സഫവീ കാലഘട്ടത്തിൽ (15-16നൂറ്റാണ്ട്) ഗണിതശാസ്ത്രത്തെ പുനരുദ്ധരിച്ച പണ്ഡിതൻ.

അലിയുടെ പ്രജ്ഞ ഹല്ലാജി*ന്റെ സൂഫിസമായി. അവസാനം, സാമൂഹിക പ്രതിബദ്ധതയുണ്ടാക്കേണ്ട ഏകദൈവത്വം ധൈഷമികവും ആതമജ്ഞാനപരവുമായ ഒരു

ഏകജൈവത്വമായി. ഫഖുറുർറാസി*യിൽ ്നിന്നും മുല്ലാസദ്റ*യിൽ നിന്നും വളരെ അകന്ന ഒരു ഏകദൈവത്വം" *

ഇസ്‌ലാമിനെപ്പറ്റി ശരീഅത്തിക്കുള്ള വീക്ഷണങ്ങൾ ഈ വിമർശനം ശരിക്ക് വെളിവാക്കുന്നു. അദ്ധേഹം ന്യായികരിക്കുന്ന ഇസ്‌ലാം ഏതെന്നും ഇസലാമിക ചിന്ത-കർമവ്യവസ്ഥയ്ക്ക് വേണ്ടി അദ്ധേഹം ആവിഷ്കരിക്കുന്ന ജ്യാമിതീയ രൂപം ഏതൊക്കെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ധേശിക്കുന്നുവെന്നും ഇവിടെ വെച്ച് ഗ്രഹിക്കാം. കീടാതെ അനിസ്ലാമിക ചിന്താരീതികളെക്കുറിച്ചുള്ള അദ്ധേഹത്തിന്റെ പഠന വിമർശനങ്ങളും അദ്ധേഹത്തിന്റെ ഭൗദ്ധിക-പ്രത്യായശാസ്ത്ര ശേഷിയും രാഷ്ട്രീയ സാമൂഹ്യ അഭിവിന്യാസവും ഏത്രശക്തമാണ് എന്നും വ്യക്തമാവും. പടിഞ്ഞാരൻ ചിന്താധാരകളും പ്രത്യായശാസ്ത്രങ്ങളും അസ്ലാമിമായി താരതമ്യം ചെയ്യുമ്പോഴാണ് ഇത് വിശേഷിച്ചും പ്രകടമാകുന്നത്. കഴഞ്ഞ രണ്ട് നൂറ്റാണ്ട് കാലത്ത് ജീവിച്ച ബുദ്ധിജീവികളായവിപ്ലവകാരികളെക്കുറിച്ചും ഉദാരവാദികളെക്കുറിച്ചും അദ്ധേഹത്തിനുള്ളത്തിനുള്ള എന്തെന്നും നമുക്ക് അറിയാൻ പറ്റും. മറ്റുചിന്താധാരകളുടെ തന്ത്രങ്ങളെയും പ്രത്യായശാസ്ത്രങ്ങളുടെ സക്തി ബിന്ദുക്കളെയും അദ്ധേഹം അംഗീകരിച്ചു. എന്നാൽ തന്റെ താരതമ്യത്തിനിടയിൽ അദ്ധേഹം ഇസ്ലാമിന്റെ സമഗ്രതയും ആഴവും, എല്ലാ മനുഷ്യസമുഹങ്ങൽക്കും നേതൃത്വവും മാർഗദർശനവും നൽകാനുള്ള അതിന്റെ കഴിവും യുക്തിഭദ്രമായി തെളിയിക്കുന്നു.

കൊളോണിയലിസവും പാശ്ചാത്യനാഗരികതയുടെ ദൂഷ്യവശങ്ങളും, പൊതുവിൽ പറഞ്ഞാൽ ആധുനികവാദം (നാഗരികതയല്ല) പൗരസ്ത്യനാടുകൾക്കും മൂന്നാം ലോകത്തിൽ മുസ്ലിംകൾക്കും അത്യാഹിതങ്ങളും അപകടകരങ്ങളായ കെണികളുമാണ്

---

* ഞാനാണ് സത്യം എന്ന പ്രസിദ്ധ വാക്യത്തിന്റെ ഉടമ. മിസ്റ്റിക്ക കവി. ബാഗ്ദാദിൽ ജനിച്ചു വധിക്കപ്പെട്ടു.

* ജീവിശാസ്ത്രത്തിൽ നിന്ന് ആത്മീയതാ വാദത്തിലേക്ക് പരിണമിച്ച ദൈവശാസ്ത്രജ്ഞൻ.

* സഫവീ കാലഘട്ടതിൽ ജീവിച്ച ജീവശാസ്ത്ര ചിന്തകൻ. ഇദ്ദേഹം അരിസ്റ്റോട്ടിലിയൻ തത്വ ചിന്ത, ഇർഫാൻ, ഇശ്റാഖ്, ഇൽമുല്ലാഹുത്ത് എന്നീ നാല് മുസ്ലിം ചിന്താശാഖകളെ അതീതാ വാദം എന്ന പേരിൽ സംയോചിപ്പിച്ചു.

* ശരീഅത്തി സമാഹൃതകൃതികൾ, വാള്യം 12, പുറം 126.

ഉണ്ടായിരിക്കുന്നതെന്ന് ശരീഅത്തി വിശ്വസിച്ചു. അങ്ങനെ ഗോത്രപരവും ദേശീയവുമായ പാരമ്പര്യങ്ങളുമായുള്ള സംഘട്ടത്തിനടയിൽ വ്യാജധൈഷണികത, സാന്മീകരണസ്വഭാങ്ങൾ തുടങ്ങിപാശ്ചാത്യലഹരിയെ അനുകൂലിക്കുന്ന ഏതൊരു ഘടകത്തെയും അദ്ധേഹം വിമർശിച്ചു. " ഒരു സമൂഹത്തെ അതിന്റെ തദ്ദേശീയവ്യക്തിത്വത്തിൽനിന്ന് വേർതിരിക്കുകയാണ് സാന്മീകരണവാദികളുടെ ലക്ഷ്യം. അപ്പോൾ സമൂഹം കൂടുതൽ വേഗത്തിൽ യൂറോപ്യനാവുകയും ദേശീയ പാരമ്പര്യങ്ങക്കു പകരമായി യുറോപ്യൻ പ്രമ്പര്യങ്ങൾ സ്വീകരിക്കുകയും ചെയ്യും. ഇക്കൂട്ടർ യഥാര്ത്ഥബുദ്ധിജീവികളുടെ സ്ഥാനം കയ്ക്കലാക്കുന്നു. കാലം കഴിയുമ്പോൾ ജനങ്ങളെ വരെ യഥാർത്ഥ ബുദ്ധിജീവികളായിഗണിക്കും. ഈ വ്യാജനാമാർക്ക് സമൂഹത്തിലെത്ര കണ്ട് സ്ഥാനംലഭിക്കുന്നുവോ അത്രകണ്ട് യഥാർത്ഥ ബുദ്ധിജീവികളുടെ വളർച്ച വൈകും"*

വർത്തമാനകാലത്ത് വ്യവസ്ഥാപിതവും ക്രമീകൃതവും ദൃഢവും പ്രത്യയശാസ്ത്ര ജ്യാമിതിനിലനിർത്തുന്നതുമായ ഏകമാതൃക ശരീഅത്തി അവതരിപ്പിക്കുന്നതാണെന്ന് കാണാം . മുസലിം ബുദ്ധിജീവികളുടെ, നിവിലിരിക്കുന്നതും വരാനിരിക്കുന്ന

തുമായതലമുറക്ക് ദാരാളം സാധ്യതകൾ സൃഷ്ടിക്കുന്നതും വിലപിടിച്ച ഉപാദാന മായി വർത്തിക്കുന്നതുമാണ്. മറ്റു ഇസ്‌ലാമിക പരിഷ്ക്കർത്താക്കളുടെ കൃതിക ളെയും ചിന്തകളെയും പ്രവർത്തനങ്ങളെയും ഈ പ്രസ്ഥാവന നിശേധിക്കുന്നില്ല. ആ മഹാത്മാക്കൾക്ക് അവരുടെതായ സ്ഥാനമുണ്ട്. അവർആദരിക്കപ്പെടുന്നവരുമാണ്. ആയത്തുള്ള താലിഖാനിയെപോലുളളവരുടെ ബൗദ്ധിക-രാഷ്ട്രിയ വിപ്ലവ നീക്ക ങ്ങളും പ്രത്യയശാസ്ത്രപരവും രാഷ്ട്രയവുമായ ബോധമുണർത്തുന്ന ജിഹാദുമാണ് ശരീഅത്തിയുടെ പ്രവർത്തനങ്ങൾക്ക് നിലമൊരുക്കിയതെന്ന ഇവിടെ അനുസ്മരി ക്കേണ്ടതുണ്ട്. അതോടൊപ്പം ഒരുകാര്യം നിസ്സംശയമാണ്. അവർപ്രത്യയശാസ്ത്രവും ചിന്താരീതിയും വികസിപ്പിച്ചെടുക്കേമ്ടതിന്റെ അടിയന്തിര സ്വഭാവം മനസ്സിലാക്കിയി ല്ല. അല്ലെങ്കിൽ അവർക്കതിന് വേണ്ടത്ര സമയമുണ്ടായിരുന്നില്ല. എന്തായാലും ഈ മാതൃകയാണ്ശരീഅത്തി ൻകുന്ന ഏറ്റവുംവലിയ പൈതൃകം. അത് ഇസ്‌ലാമിക ധിഷണധാരകളെ പൊതുവിൽ സയ്യിദ് ജമാലിന്റെ ആശയങ്ങളും ചിന്തകളുമായി സംയോജിപ്പിക്കുന്നു. മുസലിം
ചിന്തകൻമാരുടെ ഒരുശതകം നീണ്ടു നിന്ന യത്നങ്ങളുടെ ഭൗദ്ധികാനുഭവങ്ങൾ സൃഷ്ടിച്ചതാണത്. പരമ്പരാഗത ഇസ്‌ലാമിന്നും സാംസ്ക്കാരിക ഇസ്ലാമിന്നുമിടയിലു ളള അതിരുകളത് വ്യക്തമാക്കുന്നു.വ്യാജ ബുദ്ധിജീവികളും യഥാര്ത്ഥ ബുദ്ധി ജീവി കളും തമ്മിലുള്ള അന്തരമത് വെളിവാക്കുന്നു.

അന്യ ചിന്താരീതികൾക്കതിരായുള്ള നിശിതവും ഫലപ്രദവുമായ ആയുധമായി നമുക്ക് ഉപയോഗിക്കുവാൻ ഇന്നുലഭിച്ചിട്ടുള്ള സംയോദിതമായ ഏക ഇസ്‌ലാമിക

---

* ശരീഅത്തി സമാഹൃതകൃതികൾ, വാല്യം 12, പുറം 126.

രൂപമാണ് ശരീഅത്തി ആവിഷ്ക്കരിക്കുന്നത്. വിശേഷിച്ചും മാർക്സിസത്തിനും ദാർശനികവും പ്രായോഗികവുമായ പദാർത്ഥപാദങ്ങൾക്കുമെതിരെ.
അദ്ദേഹത്തിന്റെ മാതൃക കേവലം പൂർണ്ണമാണെന്നോ ന്യൂനതകളോ പിഴവുകളോ ഇല്ലാത്തതാമെന്നോ നമുക്കവകാശമില്ല. ശരീഅത്തിയുടെ കൃതികളുമായി പരിദയമു ളളവർ അദ്ദേഹം അങ്ങനെ അവകാശപ്പെട്ടതായി പറയുകയുമില്ല. ഉയർന്ന ഒരു തല ത്തിൽ, ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തിന് രൂപം കൊടുക്കേണ്ട അടിയന്തിരാവശ്യ ത്തെക്കുറിച്ച് ബോധമുണ്ടായിരുന്ന ഏകവ്യക്തിയായിരുന്നുശരീഅത്തി എന്ന കാര്യ മാണ് നാമൂന്നിപറയുന്നത്. ആലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനദ്ദേഹം ജീവിത കാലം മുഴുവൻ യത്നിച്ചു. അതിന്റെ ഫലമായി ചില സുപ്രധാന കാൽവെയ്പ്പു കൾക്കദ്ദേഹത്തിനു കഴിഞ്ഞു. ഇതാണ് പ്രഥമമായി നമുക്ക് പറയാനുള്ളത്, കാല ഗതി അദ്ദേഹത്തിന്റെ പ്രയത്നങ്ങളുടെ പ്രാധാന്യം തെളിയിക്കുമെന്ന് നമുക്കുറപ്പുണ്ട്.

# ചിന്താ-കർമ്മ വ്യവസ്ഥയ്ക്ക് ഒരടിസ്ഥാന രൂപരേഖ

ഇസ്‌ലാമിനെക്കുറിച്ച് ഏതൊരു ഇസ്‌ലാം വിജ്ഞ*ന്നും ബോധവാനായ മുസ്‌ലിമിന്നും ഉണ്ടാവേണ്ട ചിന്താ-കർമ്മരീതിയുടെ ഒരു ജ്യാമിതീയ രൂപം✶ ഞാൻ സമർപ്പിക്കുകയാണ്. വിശ്വാസത്തിന്റെ വിശദീകരണം എന്ന നിലയ്ക്കു മാത്രമല്ല, ചിന്താരീതിയുടെയും പ്രത്യയശാസ്ത്രത്തിന്റെയും പ്രതീകം എന്ന നിലയ്ക്കുമാണത്.

ദെക്കാർത്ത്, പ്ലേറ്റോ എന്നിവരോട് താരതമ്യം ചെയ്യാവുന്ന നമ്മുടെ കാലത്തെ ഏറ്റവും വലിയ ചിന്തകരിലൊരാളായ ഗസ്തോൻ ബഷലാർ-തികച്ചും അജ്ഞാത നായി ഏതാനും വർഷങ്ങൾക്ക് മുമ്പ് നിർഭാഗ്യവശാൽ അദ്ദേഹം മരിച്ചു. ജ്യാമിതീയ രൂപത്തിൽ ഒരു ആശയത്തിനു സങ്കൽപ്പനം നടത്താൻ പറ്റിയാൽ അതിനു സ്വയം ആവിഷ്കരിക്കാനും വിശദീകരിക്കാനുമുള്ള ഭാഷ കൈവന്നു എന്ന് വിശ്വസിച്ചിരുന്നു. അതായത്, ജ്യാമിതീയമായ ആവിഷ്കാരം സാധ്യമാവുമ്പോൾ ഒരാശത്തിന് ആവിഷ്കാരത്തിന് ഏറ്റവും പറ്റിയ ഭാഷ കരഗതമാവുന്നു എന്നർത്ഥ.

ഏതൊരാശയവും ആവിഷ്കരിക്കപ്പെടുകയും തുടർന്ന് ഒരു ജ്യാമിതീയ രൂപത്തിലൂടെ പ്രകാശിപ്പിക്കപ്പെടുകയും ചെയ്യുന്നു എന്നത് തന്നെ,

---

* lslamologist
✶ Geometrical figure

അത് സാധുവും യുക്തി ഭദ്രവുമാണ് എന്നതിന്റെ തെളിവാണ്. ലോകത്തിലെ ഏറ്റവും കൃത്യമായ ശാസ്ത്രീയ സങ്കൽപങ്ങൾ ഗണിത ശാസ്ത്രത്തിലാണുള്ളത്. പ്രത്യയശാസ്ത്രപരവും ദാർശനികവുമായ ആശയങ്ങൾ ഗണിതശാസ്ത്രപരമോ ജ്യാമിതീയമോ അയ ഭാഷയിൽ പ്രകാശിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞാൽ നാം ആവിഷ്കരണ്തതിലൂടെയും വാദപ്രതിവാദത്തിലൂടെയും ദുസ്തർക്കങ്ങളിലൂടെയും താതരമ്യത്തിലൂടെയും സാധുത തെളിയിക്കേണ്ട ദർശനങ്ങളും മതങ്ങളുമായി ഏറ്റുമുട്ടുന്ന നമ്മുടെ ആശയങ്ങൾ യുക്തിഭദ്രമാണ് എന്നതിന്റെ തെളിവുമാണത്. വാദപ്രതിവാദം തുടങ്ങിയവഴികൾ യുക്തിയുടെ വീക്ഷണത്തിൽ ഏറ്റവും ദുർബലമായ ആവിഷ്കാര രീതിയാണ്.

ധൈഷണികമോ ധാർശനികമോ മതപരമോ ആയ ഏതെങ്കിലും ചിന്താഗതിക്കോ, സാഹിത്യസംബന്ധിയോ കലാ സംബന്ധിയാ ആയ വീക്ഷണത്തിനോ ശാസ്ത്രം ആവിഷ്കാരത്തിനുപയോഗിക്കാൻ സാധിച്ചാൽ യുക്തിസഹമായ ന്യായവാദത്തിലൂടെ ആവിഷ്കാരം സാധിക്കുന്നതിൽ അത് വിജയിക്കുന്നു; അതോടൊപ്പം അതിന്റെ യുക്തിയും ശാസ്ത്രീയതയും തെളിയിക്കപ്പെടുകയും ചെയ്യുന്നു.

ഒരു കാര്യം കൂടി ഇവിടെ കൂട്ടിച്ചേർക്കട്ടെ. ജ്യാമിതീയ രൂപം സ്വീകരിക്കുന്നതോടെ ഒരു ചിന്താഗതി പ്രാകൃതികമാണോ എന്ന് സ്വയം വ്യക്തമാവും. അതിന്റെ ചാപം സാധാരണമോ അസാധാരണമോ അതിന്റെ രൂപം ഏകജാതീയമോ ബഹുജാതീയമോ എന്നൊക്കെ തെളിഞ്ഞുവരും അതായത് പ്രകൃതിയാ ഉള്ള അതിന്റെ ഗുണങ്ങൾ നമുക്ക് തിരിച്ചിയാൻ കഴിയും .

**പണ്ഡിതന്മാരും പണ്ഡിതന്മാരും**

**ഗ്രഹിക്കുന്നജ്ഞാനവും പഠിക്കുന്നജ്ഞാനവും തമ്മിൽ വലിയ അന്തരമുണ്ട് ഒരു മഹാനെ ക്കുറിച്ചോ ചിന്താഗതിയെക്കുറിച്ചോ നല്ല അറിവുള്ള ആളുകളെ നിങ്ങൾകാണാറുണ്ട്.; എന്നാൽ ആമഹാനേയോ ഗ്രന്ഥത്തെയോ ചിന്താഗതിയെയോ അവർ ശരിക്കും മനസ്സിലാക്കിയിട്ടുണ്ടാവില്ല. ഗ്രഹണവും പഠനവും**

തമ്മിലെന്താണ് വ്യത്യാസം? അത് വിശദീകരിക്കുന്നതിൽ വിജയിച്ചാൽ യഥാർത്ഥ ഇസ്‌ലാമിക പണ്ഡിതനും ഇസ്‌ലാമിനെ പറ്റി വെറുതെ പഠിക്കുകയും എന്നാൽ ഒന്നും ഗ്രഹിക്കാതിരിക്കുകയും ചെയ്ത വ്യക്തിയും തമ്മിലുള്ള അന്തരം വിശദീകരിക്കുന്നതിൽ ഞാൻ വിജയിച്ചു. ഇസ്‌ലാമിനെ ഗ്രഹിച്ചിട്ടുള്ള ചില പണ്ഡിതന്മാരുണ്ട് ഇസ്‌ലാമിനെ പറ്റിപഠിക്കുകമാത്രം ചെയ്തിട്ടുള്ള പണ്ഡി തന്മാരുമുണ്ട്-സത്യത്തിൽ ഇവരാണധികം. മറുവശത്ത് മർറൊരു കൂട്ടർ ഇസ്‌ലാമിനെ പർറി നന്നായി ഗ്രഹിച്ചവരാണ്; പക്ഷെ അവർ ഇസ്‌ലാമിക പണ്ഡിതന്മാരായി ഗണിക്കപ്പെടാറില്ല.

സാഹിത്യത്തിലുമുണ്ട് ഇത്തരം വ്യത്യാസം ഉദാഹരണത്തിന് ചില പ്രൊഫ സ്സർമാർ ഹാഫിസ് * കവിതകളുടെ കയ്യെഴുത്ത് കോപ്പികൾ നിലവിലുണ്ടെന്നും അവ ഓരോന്നും എവിടെയാണെന്നും അവയുടെ ഘനവും അളവും െത്രയാ ണെന്നും പറയും. ഏതേത് കവുതൾ ഏതേത് പതിപ്പിലാണ് ഉള്ളതെന്നും അവർക്കറിയാം. ഹാഫിസ് തന്റെ കവിതകളിൽ ാരെയൊക്കെ പ്രശംസിച്ചു വെന്നും അവരുടെ ഗുണങ്ങളെന്തെന്നും ഹാഫിസ്ന്റെ പ്രശംസ അവരിലെന്തു ഫലമുമ്ടാക്കിയെന്നും അവരും ഹഫിസും തമ്മിലുള്ള ബന്ധം എങ്ങനെയാ യാിരുന്നുവെന്നും അവർ വുശദികരിക്കും. ഹാഫിസിന്റെ കവിതകളിൽ പ്രാസി-അറബി വാക്കുകൾ എത്രയുണ്ടെന്ന് അവർക്കറിയാം. അദ്ധേഹത്തിന്റെ സീചിതാർത്ഥങ്ങളെക്കുറിച്ചും ചരിത്ര പരാമർശങ്ങളെക്കുറിച്ചും അവർക്ക് നല്ല നിശ്ചയമുണ്ട്. എന്നാൽ അവർ ഒരു തരത്തിലും ഹാഫുിസിനെ മനസ്സിലാക്കിട്ടി ല്ല. കാരണെ മനസ്സിലാക്കാൻ മറ്റൊരു കാര്യമാണ്. ഈ ഹാഫിസ് വിദഗ്ധന്മാർ അദ്ധേഹവുമായി ആത്മിയമോ ധിഷമാപരമോ ആയ അനുഭാവമില്ല. ഹാഫി സിനെ പറ്റി പലതും പലതും പഠിക്കലും ഹാഫിസിസനെ ഗ്രഹിക്കലും രണ്ടാ ണ്.

ഒരു വ്യക്തിയുടെ കാര്യത്തിലും ഇത് ശരിയാണ്. ഏതെങ്കിലും ഒരു ചിന്തക നെയോ കലാകാരനെയോ എടുത്തു നോക്കാം. ചിലർക്ക് എല്ലാ ശാരീരിക വ്ശേഷങ്ങളെക്കുറിച്ചും അറിയാം. അയാളുടെ ശരീരത്തിലെ ഓരോ കോശവും അവർ തിരിച്ചറിഞ്ഞിട്ടുണ്ടാവും. അയാളുടെ വയസ്സ്, ശരീര പ്രകൃതി തുടങ്ങിയ എല്ലാ കൃത്യമായ വിവരങ്ങളും അവരുടെ പക്കലുണ്ട്. എന്നാൽ അവർ ഒരു ചിന്തകനെന്ന നിലക്കോ കലാകാരനെന്ന നിലയ്ക്കോ അയാളെ മനസ്സിലാക്കു ന്നില്ല. ഇനി, അയാളെ കാണുന്ന മർറൊരു കൂട്ടർ പ്രഥമ ദർശനത്തിൽ തന്നെ അയാളെ മനസ്സിലാക്കുന്നു. ഒരു കണ്ടുമുട്ടൽ, ഒരു ആശയവിനിമയം ഇത് മാത്രം മതി അവരെ സംബന്ധിച്ചിടത്തോളം അയാളെ അറിയാൻ.

---

* ഹാഫിസ് ശീറാസി : എ . ഡി . 1320 നും 1389 നുമിടയ്ക്ക് ഇറാനിൽ ജീവിച്ചു. ജനനം ശീറാസിൽ . സുപ്രസിദ്ധ കവി. 'ദീവാനെ ഹാഫിസ്' ഇദ്ദേഹത്തിന്റെ കാ വ്യസമാഹാരമാണ്.

ഒരു ചിന്താഗതിയുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. ഒരാൾ ഒരു ചിന്താ ഗതിയെ പർറി എല്ലാസാങ്കേതിക വിവരങ്ങളും അറിഞ്ഞിരിക്കുന്നുവെന്നതിന്റെ അർത്ഥം ആ ചിന്താഗതി മൊത്തമായി മനസ്സിലാക്കുകയും അതിന്റെ ലക്ഷ്യ ത്തോട് അനുഭാവം പുലർത്തുകയും ചെയ്യലാണ്. അല്ലാതെ അതിന്റെ ഓരോ ഭാഗങ്ങളെ പറ്റിയും വിശദമായി അറിഞ്ഞിരിക്കുകയെന്നല്ല. ഒരു മതത്തോടോ പ്രത്യശാസ്ത്രത്തോടോ അഗാധമായ വൈകാരിക ബന്ധമുമ്ടാവുകയാമ് അവ ധാരണം. ഒരാശയത്തിന്റെ നിലീനമായ ചൈതന്യവും അർത്ഥവും കണ്ടെത്തുക യാണത്.

ഇസ്‌ലാമിനെയോ ഇസ്‌ലാം വിജ്ഞാനീയത്തെയോ ഗ്രഹിക്കുകയെന്ന് പറ ഞ്ഞാൽ ഞാൻ ഉദ്ദേശികേ്കുന്നത് ഇതാണ്. അതിനെ ഗ്രഹിക്കുകയെന്നാൽ ഒരു സംസ്ക്കാരമായി അതിനെ അറിയുകയല്ല. തീർച്ച, ഇസ്‌ലാമിക നാഗരികത

യുടെ സുപ്രധാനമായ ഉത്ഭവകേന്ദ്രങ്ങൾ എന്നനിലക്ക് ഇസ്‌ലാമിക സംസ്ക്കാരത്തിന്റെയും ശാസ്ത്രങ്ങളുടെയും വിലപ്പെട്ട വശങ്ങൾ പഠിക്കേണ്ടത് തന്നെ ഇസ്‌ലാം വിജ്ഞാനീയം എന്നത്കൊണ്ട് ഞനുദ്ദേശിക്കുന്നത് ഇസ്‌ലാമിക പ്രത്യയശാസ്ത്രം അവധാരണം ചെയ്യുക എന്നാണ്. സ്കൂളുകളിലും യൂനിവേഴ്സിറ്റികളിലും വെച്ച് ഇസ്‌ലാമിന്റെ ശാസ്ത്രങ്ങളെക്കുറിച്ച് ക്രമമായി പഠിക്കുകമാത്രമല്ല അത്. കവികളും എഴുത്തുകാരും കലാകാരൻമാരും എങ്ങനെ കവിതയും സാഹിത്യവും കലയും മനസ്സിലാക്കുന്നു അതുപോലുളള മനസ്സിലാക്കലാണത്. യൂനിവേഴ്സിറ്റികളിലെ സാഹിത്യ വിഭാഗം പ്രൊഫസർമാരാൽ പഠിപ്പിക്കപ്പെടുന്നതുപോലെയല്ല.

പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലുമുളള എല്ലാ ഫ്രഞ്ച് സാഹിത്യശാഖകളും കാപ്പി ക്കുടകളിൽവെച്ചാണ്. രൂപം കൊണ്ടിട്ടുളളത്. അല്ലാതെ സോർബോൺ സർവ്വകലാസാലയിലെ ക്ലാസുമുറികളിലല്ല. അവയോക്കെ ആദ്യം ജനങ്ങളിൽ നിന്നു തുടങ്ങി. തുടർന്ന്പ്രതിഭയും വികാരതീവ്രതയും ചലനബോധവും ആവേശവും ധൈര്യവുമുളളവർ സംഗീതത്തിലും ചിത്രകലയിലും സാഹിത്യത്തിലും കവനകലയിലും പുതിയരൂപങ്ങൾ കണ്ടെത്തി. പിന്നീടത് ചെറുവിഭാഗങ്ങളിലേക്കും കാപ്പികടകളിലെ പതിവുകീരിലേയ്ക്കും പ്രചരിച്ചു.

അപ്പെഴാണ് യൂനിവേഴ്സിറ്റികളിലെ വിദ്യാസമ്പന്നർ അത്തരം പ്രവണതകളെ വ്യതിയാനങ്ങൾ എന്ന് പറഞ്ഞ് എതിർക്കാൻ തുടങ്ങിയത്. ആ സംരംഭങ്ങളുടെ ഉദ്ദേശ്യം സാഹിത്യ-കലകളെ നശിപ്പിക്കുകയാണ് എന്നവർ വാദിച്ചു. അവരുടെ കലയുടെയും സാഹിത്യത്തിന്റെയും സ്വാതന്ത്ര്യത്തെ പുതിയ ആശയങ്ങൾ ക്ഷീണിപ്പിക്കുമെന്നവർ കരുതി.

അതോടെ സമരവും സെഘട്ടനവും തുടങ്ങി. എന്നാൽ കാലത്തിന്റെയും യുക്തിയുടെയും നിയാമകശക്തി പുതിയ ചിന്താ രംഗത്തിന്ന് കരുത്തേകി പഴയ യുക്തിയെ ദുർബ്ബലമാക്കുകയും തോൽപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന പുതിയ യുക്തി നൽകി അതിനെ സമരസജ്ജമാക്കുയും ചെയ്തു.

കുറച്ചു വർഷം കഴിഞ്ഞ്പോൾ നേരത്തെ ‘തിരസ്കൃതമായ’ നവവീനചിന്തയ്ക്ക് ഔദ്യോഗികാഗീകാരം ലഭിച്ചു. അത് സ്വയം സർവ്വ കലാശാലകളിൽ അടിച്ചേലേപ്പിച്ചു; പ്രൊഫസർ ‘പുതിയ കവിതയും കലയും’ പഠിക്കുന്നതിൽ അഭിമാനം കൊളളാൻ തുടങ്ങി.

അപ്പോൾ രണ്ടു തരം അവധാരണവും അറിയലുമുണ്ട്. ഒരു ചിന്താഗതിയെക്കുറിച്ചോ സംസക്കാരത്തെക്കുറിച്ചോ അറിവുണ്ടെന്ന് അവകാശപ്പെടുന്നവർ. ആ ചിന്താഗതിയുടെ ശാസ്ത്രങ്ങളെക്കുറിച്ചും സാംസ്ക്കാരികാശയങ്ങളെക്കുറിച്ചും വിശേഷജ്ഞാനം നേടിയവർ ഇവരൊക്കെ ആദ്യഗണത്തിൽപ്പെടും അവർ പഠിച്ചവരാണ്;യൂനിവേഴ്സിറ്റി ബിരുദം നേടിയവരാണ്.

രണ്ടാമത്തെ വിഭാഗത്തിന് ഒരു ചിന്താഗതിയെക്കുറിച്ച് വിശേഷാൽ അറിവുണ്ടാവാം., ഇല്ലാതിരിക്കാം. എന്നാൽ അവർക്കോ ചിന്താഗതി അനുഭവിച്ചറിയാം. അവർക്കതിനോട് അനുഭാവമുണ്ട്. ആദ്യവിഭാഗത്തെക്കാൾ മെച്ചമായി അവരത് ഗ്രഹിച്ചവരാണ്. കാരണം, ഒരു വിശയത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ ‘ചൈതന്യവും’ ‘ദിശയും’ അവർ ഉൾക്കൊണ്ടിട്ടുണ്ട്. വെറുതെ അതിനെ പറ്റി ശാസ്ത്രീയമായിപഠിച്ചറിയുകയല്ല അവർ ചെയ്തിട്ടുളളത്.

## ഇസ്‌ലാം : സംസ്കാരവും പ്രത്യയശാസ്ത്രവും തമ്മിൽ

ഇസ്‌ലാമികനാഗരികതയുടെ ചരിത്രത്തിൽ മുഴുവൻ ഇസ്‌ലാം ദൈവശാസ്ത്രപരവും ആഖ്യാനപരവും ചരിത്രപരവുമായ ചിന്തകളുടെയും വാക്കുകളുടെയും

സമുച്ചയമായിത്തീർന്നിട്ടുണ്ട്. ഇസ്ലാമികശാസ്ത്രങ്ങൾ അങ്ങനെയാണ്. ഉരുവപ്പെട്ടു വന്നത്. ഈ ശാസ്ത്രങ്ങൾക്ക് ഓരോന്നിനും പ്രത്യേക പഠനമണ്ഡലമുണ്ട് .ഒരാൾക്ക് ഓരോ മണ്ഡലത്തിലും പ്രവേശിക്കുകയും അതിൽ വിദഗ്ധനാവുകയും ചെയ്യാം. ഇസ്ലാമികസംസ്ക്കാരമാണിത്.

പക്ഷെ ഒരുപ്രത്യയശാസ്ത്രമെന്ന നിലയിൽ ഇസ്ലം മറ്റൊരു രീതിയാലാണ് മനസ്സിലാക്കപ്പെടുന്നത്. ഒരു പ്രത്യയശാസ്ത്രമെന്ന നിലയിൽഅത് ഒരു വിശേഷ ശാസ്ത്രിയ പഠനമല്ല. ഒരു വിശ്വാസ സംഹിതയെന്നനിലയിൽ-സംസ്ക്കാരമെന്ന നിലയിലല്ല-ഒരാക്ക് ഒരു ചിന്താവ്യവസ്ഥയോടുള്ള വികാരമാണത്. ഇസ്ലാമിനെ ശാസ്ത്രങ്ങളുടെ സമാഹാരമായിട്ടല്ല, മറിച്ച് ഒരാശയമായിക്കാണുകയാണത് ; ഇസ്ലാമിനെ മാനുഷികവും ചരിത്രപരവും ബൗദ്ധികവുമായ ഒരു പ്രസ്ഥാനമായി മനസ്സിലാക്കുകയാണത്; ശാസ്ത്രീയ സാങ്കേതികജ്ഞാനത്തിന്റെ ഒരു ശേഖരമല്ല. അത്; ഒരു പ്രത്യയശാസ്ത്രമെന്ന നിലയ്ക്ക് ഒരു ബുദ്ധിജീവിയുടെ മനസ്സിലുള്ള ധാരണയാണത്; ഒരു മതപണ്ഡിതന്റെ മനസ്സിലുള്ള പുരാധന മതവിജ്ഞാനങ്ങളുടെ ശേഖരമല്ല. ഈ രീതിയിലാണ് ഇസ്ലാം വിജ്ഞാനീയം പഠിപ്പിക്കപ്പെടേണ്ടത്.

ഈ ലക്ഷ്യം വെച്ചുകൊണ്ട് ഞാൻ ഒരു ചിന്താ വ്യവസ്ഥയുടെ പൊതു ചിത്രം സമർപ്പിക്കുകയും അതെന്താണെന്ന വിശദീകരിക്കുകയും ചെയ്യാം. ഒരു സംസ്ക്കാരമോ ശാസ്ത്രസമാഹാരമോ എന്നതിനു പകരം ഇസ് ലാമിനെ എന്തുകൊണ്ട് ഒരു പ്രത്യയശാസ്ത്രമായി കാണണമെന്നും ഞാൻ വിവരിക്കാം രണ്ടു ചോദ്യങ്ങൾക്കാണിവിടെ മറുപടികിട്ടേണ്ടത്.എന്താണ് ഒരു ചിന്താവ്യവസ്ഥ, അതായത് സിദ്ധാന്തം? ഒരു പ്രത്യയശാസ്ത്രമെന്നനിലയ്ക്ക് ഇസ്ലാം എന്താണ്? ഇവയ്ക്ക് കൃത്യമായ മറുപടി നൽകാൻ ഞാൻ ശ്രമിക്കാം.

## ചിന്താവ്യവസ്ഥ എന്ന ആശയം

ഒരുചിന്താ വ്യവസ്ഥയെ ഒരാശയമായി ഞാനാദ്യം വിശദീകരിക്കാം;
പിന്നീടതിന്ന് ജ്യാമിതീയരൂപം നൽകുകയും ചെയ്യാം. ചിന്താ വ്യവസ്ഥ-മക്തബ്- *എന്നു പറയുമ്പോൾ ഞാനർത്ഥമാക്കുന്നത് തത്വശാസ്തരസങ്കൽപങ്ങളുടെയും വിശ്വാസപ്രമാണങ്ങളുടെയും പ്രായോഗികരീതികളുടെയും താളൈക്യമുള്ള ഒരു ശേഖരമാണ്. അവ യുക്തസഹമായ ഒരു ബന്ധത്തിലൂടെ ചലിക്കുന്നതും അർത്ഥപൂർണവും ലക്ഷ്യപ്രചോദിതവും സംയോജിതവുമായ ഒരു ശരീരമാകുന്നു. അത് ജീവനുള്ളതാണ്; അതിന്റെ ചൈതന്യമാണ്, അതിന്റെ എല്ലാ ഘടകങ്ങൾക്കും പോഷകമെത്തിക്കുന്നത്.

---

* ഇംഗ്ലീഷിലെ ..School.......................................എന്ന പദത്തിന് പേർഷ്യൻ ഭാഷയിൽ 'മക്തബ്' എന്ന് പറയുന്നു. മലയാളത്തിൽ ചിന്താരീതി, ചിന്താശാഖ ചിന്താവ്യവസ്ഥ ഇങ്ങനെ സന്ദർപോചിതം മാറി മാറി പരിഭാഷപ്പെടുത്തേണ്ടി വരുന്നു. (വിവർത്തകർ)

ഒരുവിദഗ്ധന് ചിന്താ വ്യവസ്ഥ ഉണ്ടാവാം, ഇല്ലാതിരിക്കാം. ഫക്ഷ്യ അതയാളുടെ പ്രവർത്തനത്തിൽ നല്ല സ്വാധീനം ചെലുത്തും. ഉദാഹരണത്തിന് ചിന്താ വ്യവസ്ഥയുള്ള ഒരു ഊർജജ്ജതന്ത്രജ്ഞനെയെടുക്കുക. ധനതത്വശാസ്ത്രം, വർഗസമരം തുടങ്ങി ഏത് വിശയത്തെക്കുറിച്ചും അയാൽക്കുള്ള വീക്ഷണമെന്തായിരിക്കുമെന്ന് നമുക്ക് പഠിക്കാൻ കഴിയും, ഇനി ൊരു ധനതത്വശാസ്ത്രജ്ഞനാണ് അയാളെങ്കിൽ പ്രകതിയെപ്പറ്റി അയാൾക്കുള്ള ദാർശനിക സങ്കൽപ്പൾ എന്താണെന്ന് നമുക്കനുമാനിക്കാം.

എന്താണിതിന് കാരണെം ? ഒരു പ്രത്യേക ചിന്താവ്യവസ്ഥയിൽ വിശ്വസിക്കുന്ന ഒരാളെയെടുക്കുക. ധനശാസ്തരം, സാമൂഹ്യശാസ്ത്രം, മതം, തത്വചിന്ത തൊട്ട് കല, സാഹിത്യം എന്നിവവരെയുള്ള വിഷയങ്ങളിൽ അയാൽക്കുള്ള അഭിപ്രായങ്ങൾക്ക് കാര്യകാരണ ബന്ധമുണ്ടാവും. തന്റെ വീക്ഷണങ്ങളുടെ ഒരു വശം അറിയുന്നതോടെ നമുക്കയാളുടെ ധൈഷണികസങ്കൽപ്പങ്ങളുടെയും അന്ത:ചോദനയുടെയും മറുവശങ്ങൾ ഗ്രഹിക്കാൻ പറ്റും. ഒരു ചിന്താ വ്യവസ്ഥയിൽ വിശ്വസിക്കുന്നവന്റെ വിശ്വാസ പ്രമാണങ്ങൾ, വികാരങ്ങൾ ,ജീവിതരീതി,രാഷ്ട്രീയം, സാമൂഹ്യവീക്ഷണം ധൈഷണികവും ധാർമികവും മതപരവുമായ സങ്കൽപ്പങ്ങൾ എന്നിവ വിഭിന്നമല്ല, പരസ്പര ബന്ധിതമാണ്. അവയ്ക്കൊരുചൈതന്യമാണുള്ളത്. അവ ഒരേ രൂപത്തിൽ താളപ്പൊരുത്തത്തോടെ സമ്മേളിച്ചിരിക്കുന്നു.

ഫാഷിസ്റ്റിന്നും അസ്തിത്വവാദിക്കും മാർക്സിസ്റ്റിന്നും ചിന്താവ്യവസ്ഥയുണ്ട്. ഫാഷിസ്റ്റായ ഒരു ഭൗതികശാസ്ത്രജ്ഞൻമാനസികമായി വംശാഭിമാനിയും വംശവിവേജനക്കാരനുമാണെന്ന് നമുക്ക് പറയാം. രാഷ്ട്രിയവീക്ഷണത്തിൽ അയാൾ ദേശീയതയിലും റിയലിസത്തിലും, സാമൂഹ്യശാസ്ത്രവീക്ഷണത്തിൽ കുടുംബത്തിന്റെ ആധികാരികതയിലും വിശ്വസിക്കുന്നവനാണ്. ചിന്താവ്യവസ്ഥയുണ്ടായതിനാൽഅയാളുടെ രാഷ്ട്രി, സാമ്പത്തിക, സാഹിത്യ സങ്കൽപ്പങ്ങൾ താളപ്പൊരുത്തമുള്ളതും സംയോജിതവും ഓകീകൃതവുമാണ്. അവയ്ക്കൊരു പൊതുരൂപമുണ്ട്; ആ രൂപത്തെ പ്രത്യയശാസ്ത്രശാഖഎന്നാണ്വിളിക്കേണ്ടത്.

ഇനി ചാന്താവ്യവസ്ഥയില്ലാത്ത ഒരു ഭൗതികശാസ്ത്രജ്ഞനെ എടുക്കുക. അയാളുടെ ചായ്വെങ്ങോട്ടാണ് ? സാമ്പത്തികശാസ്ത്രവീക്ഷണത്തിൽ അയാൾക്കൊരു ചായ്വുമില്ല. അയാൾ ഇടതനോ വലതനോ മധ്യവർത്തിയോ ? മനുക്കറിയ്ല്ല. അതയാളോട് ചോദിച്ച് നോക്കണം. അത്തരമൊരാൾഒരു വിഷയത്തിന്റെ എല്ലാവശവും പരിശോധിക്കുന്നു. അയാളുടെ അഭിപ്രായങ്ങൾ മുഴഉവൻകേട്ടാലെ മനുക്കൊരു തീരുമാനത്തിലെത്താൻ പറ്റൂ. കാരണം ഓരോ മേഖലയിലും അയാൾക്ക് വ്യത്യസ്തമായ മതമാണുണ്ടാവുക.

ചിന്താവ്യവസ്ഥയോട് പ്രതിബന്ധതയുള്ള ഒരാൾ സാഹിത്യത്തെക്കുറിച്ചോ കലയെക്കുറിച്ചോ ഒരഭിപ്പായം പറഞ്ഞില്ലഎന്നുതന്നെ വെക്കുക, എങ്കിൽപ്പോലും കലകലക്കുവേണ്ടിയെന്നോ സാഹിത്യം സാഹിത്യത്തിനുവേണ്ടിയെന്നോ അയാൾ വിശ്വസിക്കുന്നില്ലെന്ന് നമുക്കറിയാം. സാഹിത്യവും കലയും സാമൂഹ്യ സമരങ്ങളെ ശക്തിപ്പെടുത്തണമെന്നാവും അയാൾ തീർച്ചയായും കരുതുക.

ചിന്താ-കർമ്മ വ്യവസ്ഥ ഒരു ഗാലക്സി പോലെയാണ്. വൈയക്തിക വികാരങ്ങളും സാമൂഹ്യശീലവും ധാർമിക സ്വഭാവവും, വിശേഷാൽ ദാർശനികവും മതപരവും സാമൂഹികവുമായ ഒരു വ്യക്തിക്കുള്ള ആശയങ്ങളും അതിൽ സൗരയൂധത്തിലെ ഗ്രഹങ്ങളെപ്പോലെ നിലകൊള്ളുന്നു. സൗരയൂധം സംയോജിതമായ ഒരു ഗാലക്സിയുടെ ഭാഗമാണ്. ചലനത്തിലും ദിശയിലും ഏകീകൃതമായ ഒന്നാണാഗാലക്സി. ചലനം സൃഷ്ടിക്കുകയും സാമൂഹ്യശക്തി പടുത്തുയർത്തുകയും ചെയ്യുന്നചിന്താവ്യവസ്ഥയുടെ സ്വഭാവമാണിത്. ഒരാൾക്ക് ദൗത്യബോധവും ഉത്തരവാദിത്വബോധവും നൽകുന്നതിതാണ്. വൈദഗ്ധ്യവും ശാസ്ത്രവും കൊണ്ട് മാത്രം ആർക്കും ഇവയൊന്നും ലഭിക്കില്ല.

'ഒരു പ്രത്യയശാസ്ത്രം' എന്നനിലയിൽ നിന്ന് ' സംസ്ക്കാരമായും' 'വിജ്ഞാനീയത്തിന്റെ സമാഹാര'മായും ഇസ്ലാം എന്ന് മാറിയോഅന്നതിന് 'ചലനവും' 'പ്രതിബന്ധതയും' 'ഉത്തരവാതിത്വവും' 'സാമൂഹ്യാവബോധവും' ഉണ്ടാക്കാനുള്ള കെൽപ്പ് നഷ്ടപ്പെച്ചു. മനുഷ്യസമൂഹത്തിന്റെ ഭാവിയിൽ എന്തെങ്കിലും സ്വാധീനം ചെലുത്താനുള്ള ശേഷിയും അതോടെ അതിനില്ലാതായി.

"ഒരാശയത്തിൽ വിശ്വസിക്കുന്ന ഒരുവന്റെ പൂർണ്ണമായ ബൗദ്ധിക രൂപമാണ് ചിന്താശാഖ" എന്ന് പറയുമ്പോൾ എന്താണത്? അവസാനം കൊടുത്ത ചാർട്ട് നോക്കുക

വളരെ ലളിതമായ ഈ ചാർട്ട് ഞാൻ എവിടെനിന്നും പകർത്തിയതല്ല. പലപ്രത്യയശാസ്ത്രങ്ങളെക്കുറിച്ചുമുള്ള പഠനങ്ങളിൽ നിന്നും ആശയ-വിശ്വാസങ്ങളെക്കുറിച്ചും സാമൂഹ്യ ചിന്താധാരകളെക്കുറിച്ചും നടത്തിയ ഗവേഷണങ്ങളിൽ നിന്നുമാണ് ഞാനിതുണ്ടാക്കിയത് .ഒരാശയം ആവിഷ്ക്കരിക്കാനുള്ള ഫലപ്രദമായ മാർഗ്ഗം എന്നനിലക്ക് മാത്രമല്ല ഞാനിത് സമർപ്പിക്കുന്നത്. ഒരു പ്രത്യയശാസ്ത്രം പഠിപ്പിക്കാനും വിശദീകരിക്കാനും ഇതൊരു ഉപായമാണ്. ഒരു രൂപം എന്ന നിലയ്ക്ക് മാത്രമല്ല ഇത്. ആവിഷ്ക്കാര രീതിയാണ് പ്രധാനം. പരിപൂർണ്ണമായ ഒരു പ്രത്യയശാസ്ത്രധാരയ്ക്ക്പൂർണ്ണതയുള്ള രൂപമുണ്ടാകും .

## ഒരു വിശ്വാസവ്യവസ്ഥയുടെ ആന്തരികവും ബാഹ്യവുമായ ഘടനകൾ

ആന്തരികഘടന എന്നു പറയുമ്പോൾ ഞാൻ സൂചിപ്പിക്കുന്നത് ഒരു വിശ്വാസഘടനയുടെ അസ്തിവാരമാണ്. ബാഹ്യഘടനയുമായികാര്യകാരണബന്ധമുള്ള വിശ്വാസവ്യവസ്ഥയുടെ തത്വങ്ങളിൽ നിന്നുത്ഭവിക്കുന്ന സമീപനങ്ങളാണത്. ആന്തരികഘടനയെ അടിസ്ഥാനമാക്കി നിലക്കൊള്ളുന്നതും 'പ്രത്യയശാസ്ത്ര'ത്തിന്ന് രൂപം നൽകുന്ന മൂന്ന് സംതംഭങ്ങളിൽനിന്ന് വരുന്നതുമായ ആശയങ്ങളോ ഫലങ്ങളോ ആണ് ബാഹ്യഘടന*.

ഓരോ പ്രത്യയശാസ്ത്രത്തിന്നും ഒരു ആന്തരികഘടനയുണ്ടാകണം . അതിനെ നിലനിർത്തുന്ന അടിസ്ഥാനഘടനയാണത്. അതിൽ നിന്നാണ്അതിന്റെ ആശയങ്ങൾ മുഴുവനും ജനിക്കുന്നത്. ഇത് ഒരു ലോകവീക്ഷണമുൾക്കൊള്ളുന്നതുമാണ്. ദൈവപ്രേക്തമോ പദാർത്ഥവാദപരമോ പ്രകൃതിവാദപരമോ ആശയവാദപരമോ ഫാഷ്സ്റ്റോ മാർക്സ്സറ്റോ ഏതുമാവട്ടെ പ്രത്യയശാസ്ത്രങ്ങൾക്ക് ഒരു ലോകവീക്ഷണമുണ്ടാവും.

ലോകവീക്ഷണമില്ലാത്ത ഒരാൾ ധാരാളം മരസ്സമാനങ്ങളുമായി എപ്പോഴും വീടുമാറിക്കൊണ്ടിരിക്കുന്നഒരുവനെപ്പോലെയാണ്. അയാളൊരിക്കലും ഒന്നും കെട്ടഴിച്ച് ഉപയോഗത്തിനായി അതതിന്റെ സ്ഥാനത്ത് വെക്കുന്നില്ല. കൃത്യമായി ലോകവീക്ഷമില്ലാതെ വിഭജിതമായജ്ഞാനം ധാരാളമുള്ള ഒരാൾ വീടുപണിയാനിറങ്ങിയ ഒരാളെപ്പോലെയാണ്. നിർമ്മാണ വസ്തുക്കൾ മുഴുവൻ അയാൾ ശേഖരിച്ച് വെച്ചിട്ടുണ്ട്. പക്ഷെ വീടിന്റെ ഡിസൈൻ അയാളുടെ പക്കലില്ല. ഡിസൈനില്ലാത്തതിനേക്കാൾനിർമ്മാണ വസ്തുക്കളില്ലാത്തതാണ് ഭേദം

ഇവിടെയാണ് അബൂദർറും ഇബ്നുസീനയും തമ്മിലുള്ള അന്തരം; ദൈവമാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്ന വിശ്വാസിയും വിദഗ്ധനായ പണ്ഡിതനും, പ്രതിബദ്ധതയുള്ള ബുദ്ധിജീവിയും പര്യവേക്ഷകനായ ശാസ്ത്രജ്ഞനും ,ബോധവും ഉത്തരവാദി**ത്വവും ആദർശവു**മുള്ള വ്യക്തിയും അവിശ്വാസവും ദിശാരാഹിത്യവുമുള്ള വിദഗ്ധനും തമ്മിലുള്ളഅന്തരം;

---

* സാമൂഹ്യശാസ്ത്രത്തിൽ ഈ രണ്ടു പദങ്ങൾക്കുമുള്ള അർത്ഥം ബുദ്ധിജീവികളെ കുഴക്കുന്നു .സാമ്പത്തികാവസ്ഥയാണ് അവരെ സംബന്ധിച്ചിടത്തോളം ആന്തരികഘടന. നമുക്ക് ആന്തരിഘടന ലോകവീക്ഷണമാണ്. നാമേതായാലും പ്രത്യയശാസ്ത്രമാണ് ചർച്ചചെയ്യുന്നത്. സാമൂഹ്യശാസ്ത്രമല്ല.

ആദർശവും ശാസ്ത്രവും തമ്മിലുള്ള അന്തരം; പ്രത്യയശാസ്ത്രവുംസംസ്ക്കാരവും തമ്മിലുള്ള അന്തരം.

ശാസ്ത്രം,കല, സാഹിഹ്യം,തത്വചിന്ത,മനുഷ്യൻ ജീവിതം, ദർമ്മാധ്യാപനങ്ങൾ എന്നിവ മാത്രമല്ല അസ്ത്വിത്വം വരെ അർത്ഥവും ചൈതന്യവും അഭിവിന്യാസവും കണ്ടെത്തുന്നത്. അവ ഒരു വിശ്വാസത്തിനോടോ ഘടിപ്പിക്കപ്പെടുമ്പോൾ മാത്രമാണ്. ലോകവീക്ഷണമില്ലാതെ ,മാനദണ്ഡങ്ങളില്ലാതെ ഇത് സാധ്യമല്ല.

ഒരു ചിന്താശാഖയിൽ വിശ്വസിക്കുന്ന ഏതോരു ചിന്തകനും അതിന്റെ രൂപം നിർണ്ണയിച്ചു കഴിഞ്ഞാൽ ഉയർത്തേണ്ട ചോദ്യമിതാണ്: എന്താണ് തന്റെ ലോകവീക്ഷണം? ലോകവീക്ഷണമുളള ഒരാൾീതന്റെത് ഭൗതികവാദമോ യാഥാർത്ഥ്യവാദമോ സന്ദേഹവാദമോ താവോയിസമോ ബഹുദൈവത്വമോ ദ്വൈതവാതമോ ഏകദൈവത്വമോ അസ്തിത്വവാദമോ എന്ന് മറുപടി പറയാൻ കഴിയും.

'ഉൺമ' യെപ്പറ്റിയോ 'അസ്തിത്വ'ത്തെപ്പറ്റിയോ ഒരാൾക്കുളള ഗ്രഹണമാണ് ലോകവീക്ഷണം. ഹാഫിസും ഉമർഖയ്യാമും*തമ്മിലുളള വ്യത്യാസം ഇരുവരുടെയും ലോകവീക്ഷണത്തിലാണ്. ഉമർഖയ്യാം പറയുന്നു: " ഒരാളും പരലോകത്തെക്കുറിച്ച വാർത്തകളുമായി തിരിച്ചുവരാത്തസ്ഥിതിക്ക് നാം ഇന്നിനെ ആസ്വദിക്കുകയാണ് വേണ്ടത്." ഇതിലദ്ദേഹത്തിന്റെ ലോകവീക്ഷണവും പ്രത്യയശാസ്ത്രവുമുണ്ട് . ഹാഫിസ് പറയുന്നത് മറിച്ചാണ് : "നമ്മുടെ അഭാവത്തിലാണ് നമ്മുടെ വിധി നിർണ്ണയിക്കപ്പെട്ടിട്ടുളളത്. അതിനാൽ തന്നെ അത് നമ്മുടെ ഇഷ്ടത്തിനായില്ലെങ്കിൽ നാം പരാതിപ്പെടരുത്" *. ഇതിൽ ഹാഫിസിന്റെ ലോകവീക്ഷണവും പ്രത്യയശാസ്ത്രവുമുണ്ട്.

---

* ഉമർഖയ്യാം : പേർഷ്യൻ കവിയും ഗണിതശാസ്ത്രജ്ഞനും. എ.ഡി. 1132 ൽ മരണം. ഇദ്ധേഹത്തിന്റെ 'റുബാഇയ്യാത്ത്; പ്രസിദ്ധമാണ്. (വിവർത്തകൻ)

* ഹാഫിസിന്റെ ദാർശനിക കവിതകളിൽ ചിലത് കവിയുടെ ലോകവീക്ഷണവും മറ്റുചിലത് പ്രത്യായശാസ്ത്രവും വിവരിക്കുന്നു. യുക്തിസഹമായ കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിലാണത്. ബഹിർഭാഗസ്ഥമായ ഫലമാണുണ്ടാക്കുന്നത്. " അവന്റെ മുഖമൊഴിച്ചുള്ള എല്ലാ വസ്തുക്കളും നശിക്കുന്നതാകുന്നു." എന്ന ഖുർആൻ(28:88) വചനത്തിൽ നിന്ന് ദൈവിക ലോകവീക്ഷണം വ്യക്തമാകും. ദൈവത്തിലേക്ക് മുഖം തിരിച്ചിരിക്കുന്ന എല്ലാം ശാശ്വതമാണെന്നും ബാക്കിയൊക്കെ നശ്വരമാണെന്നുമാണ് ഇതിന്ർത്ഥം.

പ്രജ്ഞയും ഇച്ഛാശക്തയുമുള്ള ഒരു സ്രഷ്ടാവ് പ്രപഞ്ചത്തിനുണ്ടെന്നും കൃത്യമായി രേഖപ്പെടുത്തിവച്ചിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ തന്റെ ചെയ്തികൾക്ക് അവനിൽനിന്ന് പ്രതിഫലവും ശിക്ഷയും ലഭികേകുമെന്നും കരുതുന്ന ഒരാൾക്ക് മതപരമായ ലോകവീക്ഷണമാണുള്ളത്. ഇതിന്റെയടിസ്ഥാനത്തിൽ ഒരാൽക്ക് തന്റെ ജീവിതരീതിയും കർമ്മവും ഇന്നതാണെന്ന് നിശ്ചയിക്കാം. അത് ജീവിതത്തിന്നും സമൂഹത്തിന്നും ധർമശാസനകൾക്കും സൗന്ദര്യത്തിനും വൈരൂപ്യത്തിനും സത്യത്തിനും ഉള്ള അർത്ഥമെന്നതെന്ന് അയാൾക്ക് വിശദീകരിച്ചുകൊടുക്കുന്നു.

ഹെഗലിന്റെ ആശയവാദവും മാർക്സിന്റെ വൈരുദ്ധ്യാത്മക ഭൗതികവാദവും ഹൈഡഗർ, യാസ്പർ, സാർത്യ എന്നിവരുടെ അസ്ഥിത്വവാദവും കാമു. ബെക്കറ്റ് എന്നിവരുടെ ഫലശൂന്യതാവാദവും കത്തോലിസിസവും ഇസ്ലാമും താവോയിസവും ഹിന്ദു മതത്തിലെ 'കർമ്മ'വും ബുദ്ധന്റെ നിർവ്വാണവും ഹല്ലാജിന്റെ ഉൺമയുടെ ഏകതയും ഷോപ്പൻഹോവർ, മെറ്റർനിഖ് എന്നിവരുടെ വിധിവാദവും എല്ലാം ലോകവീക്ഷണങ്ങൾ തന്നെയാണ്*.

## ദാർശനിക നരവംശശാസ്ത്രം

ഒരു ചിന്താശാഖ അതിന്റെ പ്രപഞ്ചവീക്ഷണത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് മനുഷ്യൻ എന്താണെന്നും എന്താവണമെന്നുമുളളപ്രശ്നത്തിനുനേരെ കൈകൊളളുന്ന സമീപനരീതിയാണിത്.

നരവംശശാസ്ത്രം എന്ന പദം ഞാനിവിടെ ശാസ്ത്രദൃഷ്ട്യാ ഉപയോഗിച്ചതല്ല. ഹ്യൂമനിസം എന്ന സാമാന്യാർത്ഥത്തിലുപയോഗിച്ചതുമല്ല. മനുഷ്യനെക്കുറിച്ച് ഒരു ചിന്താശാഖക്കുളള സങ്കൽപ്പമാണിത്.എന്താണ് മനുഷ്യന്റെ യാഥാർത്ഥ്യമൂല്ല്യവും

ദൗത്യവും അർത്ഥവും? പ്രാക്തനയവനചിന്തകരോ നവോത്ഥാനകാലത്തെ പണ്ഡിത ന്മാരോ പതിനെട്ടും പത്തോമ്പതും

*ലോകവീക്ഷണമെന്നുപറഞ്ഞാൽ ലോകത്തെക്കുറിച്ച ദാർശനിക സങ്കൽപ്പവും പ്രത്യയശാസ്ത്രവ്യാഖ്യാനവുമാണ്. അത് ശാസ്ത്രകാരന്റെ പ്രകൃതിയെക്കുറിച്ച വിവരണമല്ല. സാർത്ര്, മാർപാപ്പ , ബ്രഹ്മണപുരോഹിതൻമാർ എന്നിവർലോകത്തെ എങ്ങനെ മനസ്സിലാക്കുന്നു അതാണ് ലോകവീക്ഷണം . ഗലീലിയോ, കോപ്പർനിക്കസ്, ന്യൂട്ടൻ ഐൻസ്റ്റൈൻ എന്നിവർ ലോകത്തെക്കുറിച്ച് നൽകുന്ന വിവരണമല് അത്. അത് പ്രപഞ്ചവിജ്ഞാനീയമാണ്.

നൂറ്റാണ്ടുകളിൽ നിലവിൽ വന്ന റാഡിക്കലിസ്റ്റ് വീക്ഷണഗത്ക്കാരോ ഇരുപതാം നൂറ്റാണ്ടിലെ അസ്തിത്വവാദികളോ ഉദ്ദേശ്ച്ച അർത്ഥത്തിലല്ല ഞാനിതുപയോഗിക്കുന്നത്.

ഓരോമനുഷ്യനും അവന്റെ ലോകവീക്ഷണമനുസരിച്ചാണ് അറിയപ്പെടുന്നത്. ഓരോ ച്ന്താശാഖയും ണനുഷ്യന് വ്യത്യസ്തങ്ങളായ നിർവ്വജനങ്ങൾ നൽകുന്നു. ഒരു തത്വ ശാസ്ത്രം മനുഷ്യനെ 'ഭൗതികജീവി'യായി കാണുന്നു. മറ്റൊന്നവനെ വിശേഷിപ്പിക്കുന്നത് ദൈവികജീവിയെന്നാണ്. മനുഷ്യന്ന് പലരും പലപേരും നൽകിയിട്ടുണ്ട് : ആശയനിർമ്മാതാവ്., യുക്തിയുള്ളവൻ, സാമ്പത്തികജീവി, ഉപകരണനിർമ്മാതാവ്, സ്വതന്ത്രൻ, തീരുനാനമെടുക്കുന്നവൻ, സത്തയില്ലാത്തവൻ, സന്ദേഹി മുൻധാരണക്കാരൻ, ദൈവസദൃശൻ എന്നിങ്ങനെ പലതും.

ഒരു ചിന്താശാക മനുഷ്യന് നിർവ്വജനം നൽകുമ്പോൾ, മനുഷ്യനെക്കുറിച്ച് അതിനുള ളദാർശനികവും പ്രത്യശാസ്ത്രപരമായ വീക്ഷണത്തെയാണ് അത് പ്രതിഫലിപ്പിക്കുന്നത്. ശരീരശാസ്ത്രം, മനശ്ശാസ്ത്രം, ദൈവശാസ്ത്രം,നരവംശശാസ്ത്രം, സാമൂഹ്യശാസ്ത്രം, രൂപശാസ്ത്രം എന്നിങ്ങനെ വിവിധ ശാസ്ത്രശാഖകളിൽ വിവരിക്കപ്പെട്ട ജീവിയലില അത്.

മനുഷ്യന്റെ യാഥാർത്ഥ്യമല്ല, അവനെക്കുറിച്ച സത്യമാണ് ഒരു ചിന്താഗതിയിൽ വിവരിക്കുന്നത്.; ദർശനവും മതവും കലയും മനുഷ്യനെ കാണുന്നപോലെ. ബുദ്ധൻ കൺഫ്യൂഷ്യസ്, സോക്രട്ടീസ്, പ്ലാറ്റോ, റൂസ്സോ, ഹെഗൽ, മാർക്സ്, ടോൾസ്റ്റോയ്, സാർത്യ, ഇബ്രാഹീം, യേശു, മുഹമ്മദ്, അലി, ഹോമർ, ഗെഥെ, ഹാഫിസ്, റൂമി, ടാഗോർ, ഷോർഷ് സാൻദ്, വാൻഗോഗ്, എന്നിവർ വിവരിക്കുന്ന മനുഷ്യനാണത്; ക്ലോദ് ബർണാർദ് ,ഡാർവിൻ, ഫ്രോയിഡ് എന്നിവർ വിവരിക്കുന്ന മനുഷ്യനല്ല.

ചരിത്രത്തിന്റെ കാര്യവും ഇങ്ങനെ തന്നെ. ചരിത്രദർശനം എന്നതുകൊണ്ട് ഞാനുദ്ദേശിക്കുന്നത് ദാർശനികരും പ്രവാചകരും ചരിത്രത്തിനെക്കുരിച്ച് പഠിപ്പിച്ച സങ്കൽപ്പവും സത്യവും ചൈതന്യവും ലക്ഷ്യവുമാണ്. തനതായ അർത്ഥവും ലക്ഷ്യവുമുളള ഒരു യാഥാർത്ഥ്യമെന്ന നിലക്കുള്ള ചരിത്രവീക്ഷണമാണത്. ഇബ്നു ഖൽദൂൻ, വിർഗോ, ഹെഗൽ, മാർക്സ്, എമേഴ്സൺ, ട്രോയിൻബി എന്നിവർ നൽകിയ വീക്ഷണം. ഹെറോഡോട്ടസ്, ഗിബ്ബൺ, തബരി, ബൈഹഖീ എന്നിവർ നൽകിയ വിവരണമല്ല.

സാമൂഹ്യശാസ്ത്രവും തഥൈവ.ഒരു ചിന്താശാഖസമൂഹത്തെപറ്റ്എന്തു കരുതുന്നുവെന്നതാണ് പ്രധാനം. അല്ലാതെ സർവ്വകലാശാലയിൽ ഒരു സോഷ്യോളജി പ്രൊഫസർ പഠിപ്പിക്കുന്ന സാമൂഹ്യശാസ്ത്രമല്ല.

മനുഷ്യൻ, ചരിത്രം, സമൂഹം എന്നിവയെ പറ്റിയുള്ള വീക്ഷണകോണങ്ങൾ ഒരു ചിന്താശാഖയുടെസ്തംഭങ്ങളാണെന്ന് ഞാൻ വിശ്വസിക്കുന്നു: അവസാനം കൊടുത്ത ചാർട്ടിലിതുകാണാം ഇവ മൂന്നും ഒരു ലോകവീക്ഷണത്തിൽ നിന്നാണ് ഉയർന്നു വരുന്നത്. അവയ്ക്ക് അതുമായി യുക്തി സഹമായ കാര്യകാരണമായ ബന്തമുണ്ട് ലോകവീക്ഷണമാണ് ഒരു ചിന്താശാഖയുടെ അസ്തിവാരം : ഇവ സ്തംഭങ്ങളും എല്ലാ പ്രത്യശാസ്ത്രബാഹ്യഘടനയും അവയുടെ മീതെയാണ് പണിയുന്നത്. ഒരു അമാനത്തേറ്റെടുത്ത വ്യക്തിയെപ്പോലെയാണിത്. ബോധത്തിന്റെയും

ഇന്ദ്രിയത്തിന്റെയും വികാസത്തിൽ ഒരു തലത്തിലെത്തിയ ഏതൊരു വ്യക്തിയും ഗ്രിക്ക് ഇതിഹാസത്തിലെ അറ്റ്ലസിനെപ്പോലെയാണ് . മനുഷ്യരാശിക്കുള്ള ദൗത്യ ത്തിന്റെയും ലോകത്തിന്റെയും ഭാരം അവന്റെ ചുമലുകളിലാണ്.

പ്രത്യശാസ്ത്ര ചിന്താശാഖയിൽനിന്നുടലെടുക്കുന്നതാണീ സങ്കൽപ്പം. മനുഷ്യന്റെ സത്യംമത് വഹിക്കുന്നു. കാരണം മനുഷ്യനെന്നത് വിശ്വാസവും സമരവുമല്ലാതെ മറ്റൊന്നുമല്ല*.

## സാമൂഹ്യശാസ്ത്രം

ഒരു ചിന്താശാഖയുടെ അടിസ്ഥാനത്തിൽ മനുഷ്യസമൂഹത്തിനോടുള്ള അഭിവീക്ഷ ണമാണിത്. അതിൽ വിശ്വസിക്കുന്ന ഒരു വന്ന് മനുഷ്യനോടുള്ള മനോഭാവവുമതി പ്പെടും. ഒരു ചിന്താശാഖയുടെ സാമൂഹ്യ ശാസ്ത്രം സമൂഹത്തിന്റെ യാഥാർത്ഥ്യമെ ന്താണെന്ന് ആദ്യം നിർവ്വജിക്കുന്നു. ബൗദ്ധികവും പ്രത്യയശാസ്ത്രവപമായ വീക്ഷ ണകോണിൽ നിന്നു കൊണ്ട് എങ്ങനെ ആയാഥാർത്ഥ്യത്തിലെത്തിയെന്ന് രണ്ടാമ തായി അത് വിശദീകരിക്കുന്നു. ഒരു ചിന്താശാഖയുടെ സാമൂഹിക വീക്ഷണം അതിന്റെ പ്രത്യയശാസ്ത്രത്തിന്റെ മൗലിക തത്വമെന്ന നിലയ്ക്കു തന്നെ സമൂഹത്തി നോട് പ്രതിബന്ധത നിലനിർത്തുന്നുവെന്നതാണിതിന് കാരണം. ലക്ഷ്യമോ നിയന്ത്ര ണമോ കൂടാതെ വെറുതെസമൂഹത്തെ അപഗ്രഥിക്കുന്നതല്ല അത്.

ഒരു ചിന്താശാഖയുടെ അഭിരുചികൾ, ആശയങ്ങൾ, വീക്ഷണങ്ങൾ എന്നിവയുമായി യോജിപ്പിലായിരുകികും അതിന്റെ സാമൂഹ്യശാസ്ത്രം വിലയിരുതിതുകയും വിമർശി ക്കുകയും വിധികൽപ്പിക്കുകയും ചെയ്യുന്നത്.

---

* ഇമാംഹുസൈന്റെ ഒരു പ്രസിദ്ധ വാക്യത്തിന്റെ പൊരുളാണിത്. (വിവർത്തകൻ).

ഗുർവിച്ച് എന്നി സാമൂഹ്യശാസ്ത്രജ്ഞൻമാരുടെ വീക്ഷണങ്ങൾക്കുള്ളപ്പോലെ അതിന്ന് ലക്ഷ്യവും പ്രതിബദ്ധതയുമുണ്ട് സർവകലാശാലകളിലെ സാമൂഹ്യശാസ്തര ത്തിന്നെതിരാണത്. അവടെ മിക്കപ്പോഴും സാമൂഹ്യശാസ്ത്രത്തിന്റെ ഉദ്ധേശ്യം സാമൂഹ്യബന്ധങ്ങളെയും പ്രതിഭാസങ്ങളെയും പഠിക്കുകയും അപഗ്രഥിക്കുകയുമാ ണ്. സമുഹത്തെ അപ്പടി ഒരുവൻകാണുന്നപോലെ പഠിക്കുക, പഠനഫലങ്ങൾ ഉള്ള പോലെ അവതരിപ്പിക്കുക ഇതൊക്കെയാണിവിടെ നടക്കുന്നത്; ഒന്നിന്റെയും കാരണ ങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ല.

പതൊമ്പതാം നൂറ്റാണ്ടിലെ സാമൂഹ്യശാസ്ത്രം പ്രത്യായശാസ്ത്രപരമായ ഒരു വിജ്ഞാനിയമായിരുന്നു. യൂരോപ്യൻമാരുടെ ഭാഷയിൽ പറ്ഞ്ഞാൽ പ്രതിബദ്ധത യുള്ള സാമൂഹ്യവീക്ഷണമായിരുന്നു അത്. ഇന്ന് നേരെ മറിച്ച്, മറ്റുശാസ്ത്രങ്ങളിൽ കാണുന്നപോലെ സാമൂഹ്യശാസ്ത്രത്തെയും പ്രത്യായശാസ്ത്രത്തിൽ നിന്നും പ്രതി ബദ്ധതാബോധത്തിൽനിന്നും അകറ്റാനുള്ള ഒരു പ്രവണത കാണുന്നുണ്ട്. നല്ലതേത് ചീത്തയേത് എന്ന് നിർണയിക്കാൻ പുതിയ സാമൂഹ്യ ശാസ്ത്രജ്ഞൻമാർ വിസമ്മതി ക്കുന്നു. മൂല്യനിർണയത്തിന്റെ കാര്യത്തിൽ സാമുഹ്യശാസ്ത്രം നിഷ്പക്ഷമായിരി ക്കുമത്രെ. യാഥാർത്ഥ്യങ്ങളെ വിലയിരുത്തുകമാത്രമാണത് ചെയ്യേണ്ടത്. നല്ലതും ചീത്തയും ചൂണ്ടിക്കാണിക്കുകയും പരിഹാരങ്ങളും മാർഗദർശനവും അറിയിച്ചുകൊ ടുക്കുകയും ഉത്തരവാദിത്വങ്ങളേറ്റെടുക്കുകയും സാമുഹികവും ധാർമികവും മാനു ഷികവുമായ നിബദ്ധത ഉൾക്കൊള്ളുകയും ചെയ്യുന്നത് സാമുഹ്യശാസ്ത്രത്തിന്റെ ജോലിയല്ല. എന്ന് കരുതപ്പെടുന്നു. തത്വത്തിലോ പ്രയോഗത്തിലോ ഒരു ആശയമോ നിർണിത ലക്ഷ്യമോ സ്വീക്രിക്കുവാൻ അത് സാമാന്യമായി വിസമ്മതിക്കുന്നു. അതിൻരെ ശ്രദ്ധ വസ്തുതാന്വേഷണത്തിലും വിശ്ലേഷണത്തിലുമാണ്.

അതിന്റെ പ്രമേയമെന്തെന്നും അത് വ്യക്തമാക്കിട്ടുണ്ട്: പ്രതിബദ്ധതയും പ്രത്യായ ശ്സ്ത്രവും ലക്ഷ്യവും ശാസ്ത്രത്തിന് ഹാനകരമാണ്. പ്രതായാശാസ്ത്രത്തിന്റെയും വിശ്വാസങ്ങളുടെയും നിർണിതമായ ചട്ടക്കൂട്ടിലേക്ക് ആവിജ്ഞാനിയമപ്പോൾ ഒതു

ങ്ങിപ്പോകും. വിജ്ഞാനിയത്തെ അതിന്ന് ത്‍ൽപര്യമുള്ള ലക്ഷ്യത്തിലേക്ക് ഗതിമാറ്റിവിടുന്നു. അതിൻ ഫലമായി ശാസ്ത്രം വസ്തുനിഷ്ടമായി സത്യത്തെ അന്വേഷിക്കുന്നതിന്നു പകരം ഒരു വിശ്വാസവ്യവസ്ഥയെ സേവിക്കുകയും തെളിയിക്കുകയും ചെയ്യുന്നു മുൻ നിർണ്ണിതമായ ലക്ഷ്യങ്ങൾ നേടാൻ നിർബദ്ധിതമാകുന്നു.

കാരണമെന്താണെന്നോ? ഈ വീക്ഷണമനുസരിച്ച് 'പ്രതിബദ്ധത' യുള്ള ഒരു ഗവേഷകന്ന് (അത് മതത്തടോ നാസ്തികതയോടോ സോഷ്യലിസത്തോടോ കാപിറ്റലിസത്തോടോ തുടങ്ങി ഏതിനോടുമാവട്ടെ) സ്വാഭാവികമായും സ്വതന്ത്രനാവാൻ പറ്റില്ല. ഗവേഷണഫലങ്ങളെ മലിനമാക്കാതിരിക്കുകയും ചെയ്യുന്ന മട്ടിൽ പരിമിതികളോ അതിരുകളോ ഇല്ലാത്ത ഗവേഷകനാകാൻ പ്രതിബദ്ധതയുള്ള ആർക്കും കഴിയില്ല.

പ്രതിബദ്ധതയുള്ള ഒരു സാമൂഹ്യശാസ്ത്രജ്ഞന് വസ്തുനിഷ്ഠതയുള്ള ഒരു സ്വതന്ത്ര ചരിത്ര പണ്ഡിതനാവുക വയ്യ. കാരണം, തന്റെ ചരിത്രപഠനവേളയിൽ അയാൾ ചിലപ്പോൾ വർഗ്ഗസമരത്തെക്കുറിച്ചന്വേഷിക്കും. വർഗ്ഗസമരത്തിന്റെ തെളിവുകൾ അയാളുടെ വീക്ഷണത്തെ സാധൂകരിക്കുന്നു. അങ്ങനെ ഉദാഹരണങ്ങൾ ലഭിക്കാതെ വരുമ്പോൾ അയാളതിന്നൊരു ന്യായീകരണം കണ്ടെത്തുന്നു. തന്റെ പരീക്ഷണത്തിന് എതിർ തെളിവുകൾ ലഭിച്ചാൽ അയാളവ അവഗണിക്കും. ചിലപ്പോൾ അയാളതു കണ്ടെന്നുതന്നെ വരില്ല. സത്യത്തിൽ അയാൾക്കത് കാണുക സാധ്യമല്ല. കാരണം പ്രത്യയശാസ്ത്രത്തിന്റെ നിറമുള്ള കണ്ണടയാണയാൾ ധരിച്ചിരിക്കുന്നത്.

മതവിശ്വാസിയായ ഒരു ഭൗതിക ശാസ്ത്രഡജ്ഞന്റെ കാര്യത്തിലും ശരിയാണി നിരിക്ഷണം. തന്റെ ശാസ്ത്രഗവേഷണവേളയിലയാൾ നിരന്തരമായി ദൈവത്തെ അന്വേഷിക്കുകയാണ്. പദാർത്ഥവാദിയായ ശാസ്ത്രജ്ഞനാകട്ടെ തന്റെ അന്വേഷണത്തിനിടയിൽ എവിടെയും ജൈവനില്ല എന്നാണ് കാണുന്നത്. അതിനാൽ ഭൗതിക ലോകത്തെ വസ്തു നിഷ്ഠമായി ഗ്രഹിക്കണമെങ്കിൽ ഇത്തരം ചങ്ങലകളിൽനിന്ന് വിമുക്തനായ ഒരു ഗവേഷകന്നേ അത് സാധിക്കു.

ഈ വാദഗതികൾ ദൃഢവും ചുരുങ്ങിയത് മധ്യകാലങ്ങളുടെ അനുഭവങ്ങൾ നോക്കിയാൽ യുക്തി ഭദ്രവുമാണ്. അന്ന് മതപരമായ പ്രതിബദ്ധത കാരണം ശാസ്തരവും ഗവേഷണവും മതാചാര്യൻമാർ നേരെത്തേ നിർദ്ധേശിച്ച സത്യങ്ങൾ തെളിയിക്കുന്നതിന്ന് ബാധ്യതയുല്ളവയായിരുന്നു. ക്രിസ്തുമതം മുൻകൂട്ടി നിർണയിച്ച ഫലങ്ങളുണ്ടാക്കി അവ.

പത്തൊമ്പതാം നുറ്റാണ്ടിൽ ശാസ്ത്രങ്ങൾ, വിശേഷിച്ചും ചരിത്രവും സാമൂഹ്യശാസ്തരവും, വിശ്വാസ വ്യവസ്ഥയോ പൂർവ്വനിർണ്ണിതങ്ങളായ പ്രത്യായങ്ങളോ ശാസ്ത്രകാരണങ്ങളാകുന്നതിനെ ശ്കതിയായ എതിർത്തു. അതിന്റെ ഫലമായി ഒരു പുതിയ സോളാസ്റ്റിസിസം തന്നെ ഉണ്ടായി. മധ്യയുഗത്തിൽ മതത്തെ സേവിച്ചിരുന്ന ശാസ്ത്രം സ്വതന്ത്രമാക്കപ്പെട്ടു. പക്ഷെ ഒരു പുതിയ ചിന്താശാഖയെ സേവിക്കാൻ ഇപ്പോഴത് നിയോഗിക്കപ്പെട്ടിരിക്കുകയാണ്.

പ്രത്യയശാസ്ത്രങ്ങളുടെ ഇടുങ്ങിയ നിയന്ത്രണങ്ങളിൽനിന്നും ഒരു നിലപാട് ന്യായീകരിക്കാനും പ്രത്യയശാസ്ത്രകാരന്മാരുടെയുംദാർശനികരുടെയും അഭിലാഷങ്ങൾ പൂർത്തീകരിക്കാനുള്ള ബാധ്യതയിൽനിന്നും ശാസ്ത്രത്തെ സ്വതന്ത്രമാക്കുക എന്ന ആവശ്യം ശരിയായിരിക്കാം. പക്ഷെ അത് അങ്ങനെ ആവശ്യപ്പെടുന്നവർക്ക് വളരെ അനുയോജ്യമായ ഒരു സാഹചര്യം സൃഷ്ടിച്ചുകൊടുക്കുത്തു. വിദഗ്ദമായ ഒരു ക്രമക്കേടിലൂടെ അവർ ശാസ്ത്രത്തെ അതിന്റെ ദൗത്യത്തിൽനിന്നും മനുഷ്യകുലത്തെ സേവിക്കുകയും ജനങ്ങൾക്ക് അവബോധവും മാർഗദർശനവും നൽകുകയും ചെയ്യുക എന്ന അതിന്റെ അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും മുറിച്ചു മാറ്റി.

"വസ്തുനിഷ്ഠ സത്യം", "സ്വതന്ത്ര ഗവേഷണം", "ശുദ്ധശാസ്ത്രം", "ശാസ്ത്രകാരന്റെ പ്രതിബദ്ധതാമുക്തി", "മുൻധാരണകളുടെ ദൂരീകരണം", "പൂർവ്വസൃഷ്ടമായ

ആശയങ്ങൾ", തുടങ്ങിയ ആഖർഷവും യുക്തിസഹവുമായ പ്രയോഗങ്ങളിലൂടെ, അവർ ശാസ്ത്രത്തെ ജനങ്ങളിൽ നിന്ന് വേർപെടുത്തി.

ചരിത്രം, സാമൂഹ്യശാസ്ത്രം, സാഹിത്യം തുടങ്ങിയ സാമൂഹികവിജ്ഞാനീയങ്ങളുടെ കാര്യത്തിലായിരുന്നു ഇതേറ്റവും ശരിയായത്. ബുദ്ധിജീവികൾക്ക് പ്രജ്ഞ പകരാനും ബഹുജനങ്ങൾക്ക് മാർഗദർശനം നൽകാനും ലോകത്തെങ്ങും ഈ വിഷയങ്ങൾക്കാണല്ലോ കെൽപ്പ്.

മുൻ ചൊന്ന വാദഗതികളുടെ അടിസ്ഥാനത്തിൽ, ആധുനികശാസ്ത്രങ്ങൾക്ക് പ്രശ്ന പരിഹാരം നിർദ്ദേശിക്കാനോ മൂല്യനിർണ്ണയം നടത്താനോ ദിശ നിർണ്ണയിക്കാനോ ലക്ഷ്യങ്ങൾ വിശദീകരിക്കാനോ പ്രത്യയങ്ങൾ തെളിയിക്കകുകയോ നിഷേധിക്കുകയോ ചെയ്യാനോ നിലവിലിരിക്കുന്ന യാഥാർത്ഥ്യങ്ങളെ വിമർശിക്കാനോ ഉന്നമനത്തിനുള്ള ഉപായങ്ങൾ വെയ്ക്കാനോ അനുയോജ്യമായ അവസ്ഥകൾ മുൻകൂട്ടി കാണാനോ പറ്റാതെ വന്നു. അത് പ്രശ്നങ്ങൾ പഠിക്കുകയും അപഗ്രഥിക്കുകയും മാത്രം ചെയ്തു; അജ്ഞാതമായ ശാസ്ത്രകാര്യങ്ങൾ വെളിച്ചത്താക്കി; പ്രതിബാസങ്ങളുടെ കാര്യകാരണ ബന്ധങ്ങൾ കണ്ടുപിടിച്ചു. അതോടൊപ്പം പ്രവാചക തുല്യമായ മാർഗ്ഗദർശന ദൗത്യം അതുപേക്ഷിച്ചു.

തുടർന്ന് ശാസ്ത്രം സമൂഹഘടനയിൽ നിന്ന് വേർതിരിക്കപ്പെട്ടു. ജനചിന്തകളുമായി അതിന് ബന്ധം വിട്ടു. വർത്തമാനകാലസാഹചര്യത്തെ വിമർശിക്കാൻ പറ്റാതെ വന്നപ്പോൾ അതിന്ന് ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനങ്ങളെ സഹായിക്കാൻ സാധിക്കുന്നില്ല. അടിസ്ഥാനകാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്തും ജനങ്ങളുടെ അജ്ഞതദുരീകരിച്ചും പഴയതും പുതിയതുമായ ദുരിതങ്ങളെക്കുറിച്ചറിയാൻ അവരെ സഹായിച്ചും സമൂഹത്തെ ശരിയായദിശയിൽ നയിക്കാൻ അതിന്ന് പറ്റുന്നില്ല. സമൂഹത്തിന്റെ ഭാവിയും അതിന്റെ തന്നെ വിധിനിയന്ത്രകശേഷിയും ആദർശങ്ങൾസഫലമാക്കാനുള്ള താൽപര്യവും അതിന്നൊരു പ്രശ്നമല്ല. ഭക്തരും അർപ്പിതരുമായ ചിലർ ഭക്തിമൂലം ജനങ്ങളിൽ നിന്നകലാറുണ്ട്. അവർക്കവർച്ചക്കാരുടെയും കപടഭക്തിക്കാരായ ചതിയൻമാരുടെയും കുതന്ത്രങ്ങൾക്ക് പെട്ടന്ന് ഇരയായിത്തീരും. അതേപോലെ 'വസ്തുനിഷ്ഠത' യുടെ വക്താക്കൾ വസ്തുനിഷ്ഠയുടെ പേരുപറഞ്ഞ് ശാസ്ത്രത്തെ അതിന്റെ ബാദ്ധ്യതകളിൽ നിന്ന് വേർപ്പെടുത്തി.

ആധുനിക സാമൂഹ്യശാസ്ത്രവും ചരിത്രവും വികസിച്ചത് ഈ സങ്കൽപ്പത്തിൽ നിന്നാണ് .വസ്തുനിഷ്ഠചരിത്രകാരൻമാരും ദൗത്യരഹിതരായ സാമൂഹ്യശാസ്ത്രജ്ഞൻമാരും എന്താണ് മനുഷ്യർക്ക് സംഭവിച്ചതെന്നും സംഭവിച്ച്കൊണ്ടിരിക്കുന്നതെന്നും വിശദീകരിക്കുന്നു. മനുഷ്യർ എന്ത് ചെയ്യണം, മനുഷ്യരുടെ മോക്ഷമെവിടെയാണ് എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് അവർ മറുപടി നൽകുന്നില്ല. മനുഷ്യരാശിയോടുള്ള പ്രതിബദ്ധത മാറ്റിവെച്ചുകൊണ്ട്, ലക്ഷ്യമോ ഉദ്ദേശ്യമോ ഇല്ലാതെ പ്രവർത്തിക്കുമ്പോൾ അവർ വിസ്മരിക്കുന്ന ഒരു വലിയ അപകടം ഉണ്ട്. ചരിത്രം കൊണ്ട കളിക്കുന്നവരും സമൂഹത്തിലെ ശക്തരും അവരെ തങ്ങളുടെ ലക്ഷ്യം നേടിയെടുക്കാൻ ഉപയോഗിക്കും.

ജനസേവനത്തിൽ നിന്നും സമൂഹത്തിന് പരിപൂർണ്ണതയും പ്രജ്ഞയും മോക്ഷവുമെത്തിക്കുക എന്ന ബാദ്ധ്യതയിൽ നിന്നും ശാസ്ത്രത്തെ വേർതിരിച്ചപ്പോൾ അത് ജനശത്രുക്കളെ സേവിക്കുവാനായി ഉപയോഗിക്കപ്പെട്ടു. തകർച്ചത, അജ്ഞത, ബൗദ്ധികവും സാമൂഹികവുമായ അടിമത്തം എന്നിവ വ്യാപകമാക്കാനുള്ള ഉപകരണമായി അത് പ്രകൃതിശാസ്ത്രങ്ങൾ പ്രപഞ്ചയാഥാർത്ഥ്യം കണ്ടറിയാനും ദൈവാസ്തിത്വത്തെ തെളിയിക്കുകയോ നിഷേധിക്കുകയോ ചെയ്യാനുമുള്ള അന്വോഷണബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കപ്പെട്ടപ്പോൾ പ്രയോഗത്തിൽ മുതലാളിത്തത്തിന്റെ അടിമകളായിത്തീർന്നത് ഇന്ന് നാം കാണുന്നുണ്ട്.

മധ്യയുഗത്തിൽ ഉണ്ടായതുപോലെ സാമൂഹ്യശാസ്ത്രത്തെ ഇപ്പോൾ മതം ശല്യപ്പെടുത്തുന്നില്ല. സമീപകാല നൂറ്റാണ്ടുകളിൽ കണ്ടപോലെ പ്രത്യയശാസ്ത്രവും അതിനെ

ബുദ്ധിമുട്ടിക്കുന്നില്ല. അടഞ്ഞവാതിലുകൾക്കപ്പുറം ഗവേഷണവും പഠനവും നടത്തുന്ന ഒരു ശാസ്ത്രമായിത്തീർന്നിരിക്കുന്നു അത്. പ്രഫസർമാരുടെ അഹംഭാവം ഊതി വീർപ്പിക്കുവാനോ പഠിതാക്കളെ വിനോദിപ്പിക്കാനോ ആണതുപയോഗിക്കപ്പെടുന്നത്. അല്ലെങ്കിലത് സാമ്രാജ്യത്വ മനോഭാവമുള്ള രഹസ്യസാഥപനങ്ങൾക്ക് പാശ്ചാത്യജനതയെയും ദരിദ്രരായ പൗരസ്ത്യ നാടുകളും എങ്ങനെ അപമാനിക്കുകയും വഴിപിഴപ്പിക്കുകയും കവരുകയും ചെയ്യണമെന്ന് പഠിപ്പിക്കുന്നു. മുതലാളിത്ത-ജനവിരുദ്ധ സംഘടനകളെയാണത് സേവിക്കുന്നത്. മനുഷ്യചൈതന്യത്തെ വീര്യം കെടുത്തുകയും മലിനമാക്കുകയും സത്തയിൽ നശിപ്പിക്കകുകയും ചെയ്ത് മനുഷ്യനിൽ തകർച്ചയും ജീർണ്ണതയുമുണ്ടാക്കുന്ന വഴികളും ഉപായങ്ങളും ആവിഷ്കരിച്ചുകൊണ്ടാണിത് സാധിക്കുന്നത്.

മുൻ ധാരണയും പ്രത്യസാസ്ത്ര വാശിയും ശാസ്ത്രീയ ഗവേഷണത്തെ ബാധിക്കുന്നു എന്ന കാര്യം ഞാനംഗീകരിക്കുന്നു. സത്യം നേരത്തെ തന്നെ അറിഞ്ഞുകഴിഞ്ഞു എന്നു കരുതുന്ന ഒരു ശാസ്ത്രജ്ഞന് നല്ല ശാസ്ത്രജ്ഞനാവാൻ പറ്റില്ല. കാരണം ഗവേഷണത്തിന് സത്യം കണ്ടെത്താനായി പ്രശ്നങ്ങൾ നിർണ്ണയിക്കുകയും വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും പഠിക്കുകയുമാണ്. ഒരു ശാസ്ത്രജ്ഞൻ തന്റെ പഠനമാരംഭിക്കുന്നതിനുമുന്പു തന്നെ ആത്മാവുണ്ട് അല്ലെങ്കിൽ ഇല്ല എന്നുവിശ്വസിച്ചാൽ യഥാർത്ഥസത്യം കണ്ടുപിടിക്കാൻ തീർച്ചയായും അയാൾക്ക് കഴിയില്ല. ചരിത്രത്തിന്റെ സത്യംവും ബൗദ്ധിക ചലനവും കണ്ടുപിടക്കാൻ ശ്രമിക്കുന്ന വിശ്വാസിയായ കമ്മ്യൂണ്സ്റ്റോ കാപിറ്റലിസ്റ്റോ നേരത്തെ താൻ വിശ്വസിച്ചവശരായ സത്യങ്ങൾ തന്നെയാണ് കണ്ടെത്തുക.

സ്വന്തമഭിപ്രായമനുസരിച്ച് ഖുർആൻ വ്യാഖ്യാനിക്കുന്ന ഏതൊരുവനും നരകത്തിലാണ് എന്ന നബിവചനം ഈയൊരു പ്രവണതയാണ്  സൂചിപ്പിക്കുന്നത്.

'അഭിപ്രായ'മിവിടെ മുൻ വിധി തന്നെയാണ്. മുൻ വിധിയോടെ ഖുർആൻ വ്യാഖ്യാനിക്കുന്നവർ ബോധപൂർവ്വമോ അല്ലാതെയോ സ്വാഭിപ്രായമനുസരിച്ച് ഖുർആന്റെ അർത്ഥം മാറ്റുന്നു. അയാൾ ഖുർആൻ വ്യാഖ്യാനിക്കുകയല്ല ചെയ്യുന്നത്. ഇതുകൊണ്ടാണ് സുന്നികളും ശിയാക്കളും തത്വ ചിന്തകരുമൊക്കെ ഖുർ ആൻ പഠിക്കുമ്പോൾ തുടങ്ങിയ സ്ഥലത്തുതന്നെ എത്തിച്ചേരുന്നത്. അവർക്ക് ഖുർ ആനിൽ നിന്ന് ആശയങ്ങൾ ലഭിക്കുന്നില്ല. തങ്ങളുടെ ആശയങ്ങൾക്ക് ഖുർ ആനിൽ നിന്ന് തെളിവുകൾ തേടുകയാണവർ.

ഇവിടെ ഒരു തമാശയും ദുരന്തവുമുണ്ട്. നബിവചനത്തിലെ 'അഭിപ്രായ'മെന്ന പദം ചിലർ 'ബുദ്ധി'എന്ന് വ്യാഖ്യാനിച്ചു. പിന്നെ സ്വന്തം ബുദ്ധി ഉപയോഗിച്ച് ഖുർ ആൻവ്യാഖ്യാനിക്കാൻ ആർക്കുമവകാശമില്ല എന്നു സിദ്ധാന്തിച്ചു. ഒരു കാര്യം മനസ്സിലാക്കാൻ ബുദ്ധിയല്ലാതെ മറ്റെന്തോ ഉളളപോലെ!

ജനങ്ങൾ ഖുർആൻ മനസ്സിലാക്കാതിരിക്കാൻ അവരിത് മനപ്പൂർവ്വം ചെയ്യതാണ്. മധ്യയുഗങ്ങളിലെ സ്ഥിതിയും ഇതുതന്നെയായിരുന്നു. ബൈബിൾ രണ്ടു നിയമങ്ങളും വായിക്കുകയും മനസ്സിലാക്കുകയും ചെയ്യാൻ പുരോഹിതൻമാർക്കെ പാടുണ്ടായിരുന്നുള്ളൂ. അവർ ബൈബിളിന്റെ തർജമയും വ്യാഖ്യാനവും വിതരണവും നിരോധിക്കുകയും അങ്ങനെ ജനങ്ങളത് ഉപയോഗിക്കുന്നത് തടയുകയും ചെയ്തു. മോക്ഷദായകങ്ങളായ ഗ്രന്ഥങ്ങൾ ഔദ്യോഗികപുരോഹിതന്റെ കയ്യിലൊതുങ്ങി.

ഖുർ ആന്റെ കാര്യത്തിലുമിത് സംഭവിച്ചു. മതപണ്ഡിതൻമാർ ഖുർആൻ പഠിക്കുന്നതും അതിനെപറ്റി ചിന്തിക്കുന്നതും വിലക്കുകയും അതിനെ അർത്ഥ മറിയാത്ത ഒരു വെറും 'കിത്താബ്' മാത്രമാക്കി മാറ്റുകയും ചെയ്തു. ജനങ്ങൾക്ക് ഖുർആന്റെ ചൈതന്യവും ഉദ്ദേശ്യവും ലക്ഷ്യവും അജ്ഞാതമായി.അർത്ഥമറിയാത്ത, ഗോപ്യമായ സൂക്തങ്ങളും പ്രയോഗങ്ങളുമായി അവർക്ക് ഖുർആൻ. ക്രമേണ മുൻചെന്നപോലെ സ്വന്തം മുൻധാരണങ്ങൾവെച്ചുകൊണ്ടവർഖുർ ആൻവ്യാഖ്യാനിച്ചു. അവര

തിന് ചിന്തയും യുക്തിയുമുപയോഗിച്ചില്ല. ഖുർആൻ താക്കീജ് ചെയ്യായിരന്നു. ഈഅവസ്ഥ.

ഇത് വരെ പറഞ്ഞത് ഒന്ന് സംഗ്രഹിക്കാം ശാസ്ത്രത്തെക്കുറിച്ച് രണ്ടു പ്രധാനവാദമുഖങ്ങളാണുള്ളത് . ഒന്ന: വിശ്വാസവ്യവസ്ഥയെ സേവിക്കുന്നശാസ്ത്രം മുൻധാരണകളെ ന്യായീകരിക്കാനുള്ള ഉപായമാവുന്നു. രണ്ട്:വിശ്വാസവ്യവസ്ഥകളിൽനിന്ന് സ്വതന്ത്രമായ, ശാസ്ത്രത്തിനുവേണ്ടി നിലകൊള്ളുന്ന ശാസ്ത്രം നിഷ്ഫലവും നിർമൂല്ല്യവുമാവുന്നു.

ഒരു മൂന്നാം മാർഗ്ഗമാണ് ഞാൻ നിർദ്ദേശിക്കുന്നത്. ശാസ്ത്രകാരൻമാർ ഗവേഷണം തുടങ്ങുന്നതിനുമുമ്പ് വിശ്വാസങ്ങളിൽ നിന്ന് സ്വതന്ത്രരായിരിക്കണം.; എന്നാൽ ഗവേഷണ ഫലങ്ങൾ ലഭിച്ചു കഴിഞ്ഞാൽ വിശ്വാസങ്ങൾകൊണ്ട് ബന്ധിതരുമായിരിക്കണമവർ. പഠനം തുടങ്ങുന്നതിനുമുമ്പ്, തങ്ങളുടെ മുൻവിധികൾ തെളിയിക്കുന്നതിന്ന് അതുപയോഗിക്കാൻ പ്രേരിപ്പിക്കും വിധം ശാസ്ത്രകാരൻമാർ പ്രതിബദ്ധരാവരുത്. ഗവേഷണഫലങ്ങളാണ് ഗവേഷകരല്ല സത്യം അവർക്ക് തെളിയിച്ച് കൊടുക്കേണ്ടത്. തെളിഞ്ഞു കഴിഞ്ഞ സത്യം പീന്നീട് അവരുടെ വിശ്വാസമാവും സത്യമറിഞ്ഞു കഴിഞ്ഞാൽ അവരതിനോട് കൂറ്പുലർത്തണം. .ജനങ്ങളോടും കാലത്തിനോടും സത്യത്തിനോടും തങ്ങൾക്കുള്ള ബാദ്ധ്യത അവർ മനസ്സിലാക്കേണ്ടതുണ്ട്. ഈ രീതി ശാസ്ത്രത്തെ തടങ്കലിലിടുകയോ മുൻധാരണകളെ ന്യായീകരിക്കാൻ അതിനെ ഉപയോഗിക്കുകയോ ഇല്ല. ജനങ്ങൾക്ക് മാർഗ്ഗ ദർശനവും മോക്ഷവും നൽകുകയെന്ന ജോലിയിൽ നിന്ന് അത് ശാസ്ത്രത്തെ തടയുന്നില്ല. മനുഷ്യന്റെ ആവശ്യങ്ങൾ കണ്ടറിയുന്നതിന്നും മനുഷ്യസമൂഹത്തെ സേവിക്കുന്നതിന്നും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന്നും സത്യവും അസത്യവും വേർതിരിക്കുന്നതിന്നും തടസ്സവുമല്ല ഈ രീതി. ശാസ്ത്രത്തെയത് സർവ്വകലാശാലകളിൽ ഒതുക്കുന്നില്ല. ശക്തൻമാരായ അവസരവാദികളോ ചതിയൻമാരോ സ്വന്തം അഭീഷ്ഠങ്ങൾക്കനുസരിച്ച് അതിനെ ദുരുപയോഗപ്പെടുത്തുന്നുമില്ല. സ്വന്തം മുൻ വിധികളോ അശാസ്ത്രിയ സങ്കൽപ്പങ്ങളോ സാധൂകരിക്കാനും ബലപ്പെടുത്താനും, സാമൂഹ്യശാസ്ത്രകാരൻമാരോ ചരിത്രകാരൻമാരോ നരവംശശാസ്ത്രജ്ഞൻമാരോ, തങ്ങളുടെ അറിവുപയോഗപ്പെടുത്താൻഅന്യരെ അനുവദിക്കരുത്. ശാസ്ത്രത്തെ തങ്ങളുടെ ലക്ഷ്യങ്ങളിലേക്കുള്ള മാർഗ്ഗമായി ഉപയോഗപ്പെടുത്താമെന്നുകരുതുന്നവർക്ക് അവർ അതിന്നവസരം നിഷേധിക്കണം. ചരിത്രത്തിന്റെയും സമൂഹത്തിന്റെയും മാനവരാശിയുടെയും കാരണങ്ങളെക്കുറിച്ചുള്ള ന്യായവാദപരവും ശാസ്ത്രീയവുമായ അപഗ്രഥന-വ്യാഖ്യാനങ്ങളിൽ അവർ വിജ്ഞാനത്തെ ഒതുക്കി നിറുത്തുകയും ചെയ്യരുത്.

വസ്തുനിഷ്ഠവും മുൻവിധിയില്ലാത്തതുമായ അന്വേഷണത്തിലൂടെ സത്യം കണ്ടുപിടിച്ചു കഴിഞ്ഞാൽ കാര്യകാരണങ്ങളുടെ രണ്ടു വശങ്ങളും സമർപ്പിക്കുകയാണവർ വേണ്ടത്. പ്രവാചകൻമാരെപ്പോലെയവർ ജനങ്ങളെ നയിക്കണം .ഗവേഷണത്തിലൂടെ കണ്ടുപിടിച്ചസമൂഹത്തിന്റെയും മനുഷ്യന്റെയും ജീർണ്ണതയ്ക്കും പിന്നോക്കാവസ്ഥക്കുമുള്ളകാരണങ്ങൾ അവർ വിശദീകരിക്കുകയും ജനങ്ങൾക്ക് പുരോഗതിയിലേക്കും ക്ഷേമത്തിലേക്കുമുള്ള വഴി ഏതെന്ന് നിർദേശിച്ച് കൊടുക്കുകയും ചെയ്യണം. “ശാസ്ത്രം പ്രത്യയശാസ്ത്രത്തിനോ” “ശാസ്ത്രം ശാസ്ത്രത്തിനോ” അല്ല, സത്യത്തോട്പ്രതിബദ്ധതയുള്ളമാർഗ്ഗദർശകമായ ശാസ്ത്രം!

**ചരിത്രദർശനം**

ചരിത്രം ഉപയോഗശൂന്യമാണെന്ന് ചിലർ കരുതുന്നു. ചരിത്രത്തിൽ വിശ്വാസമില്ലാത്തവരിൽപ്പെട്ട ഒരാളായിരുന്നു നെപ്പോളിയൻ. “ഏവരും അംഗീകരിക്കുന്ന നുണകളല്ലാതെ മറ്റൊന്നുമല്ല ചരിത്രം” അദ്ദേഹം ഫറഞ്ഞു.

ചരിത്രം ശാസ്ത്രമല്ല കലയാണ് എന്നു കരുതിയ പ്രസിദ്ധരുണ്ട്. പർവ്വതം, പ്രകൃതി, കടൽ മനുഷ്യൻ, സമൂഹം, ജീവിതം എന്നിവപോലുള്ള വസ്തുനിഷ്ഠയാഥാർത്ഥ്യമല്ല. ചരിത്രമെന്നും അതൊരു അതൊരു കവിതയാണെന്നും അക്കൂട്ടരിലോരാൾ വിശ്വ

സിച്ചു. കവിതയെന്നത് കവികണ്ടുപിടിക്കുന്ന ബാഹ്യയാഥാർത്ഥ്യമല്ല. മറിച്ച്, പലഘടകങ്ങളും കൂട്ടിച്ചേർത്ത് ഒരു കവി നിർമിക്കുന്നതാണത്. കവി അത് കണ്ടെത്തുന്നു; ഇല്ലാത്തതുണ്ടാക്കുന്നു. അതുപോലെ ചരിത്രം ചരിത്രകാരൻരെ കവിതയാണ്. അയാൾ കണ്ടു പിടിക്കുന്ന ബാഹ്യയാഥാർത്ഥ്യമല്ല. ഒരു ചരിത്രകാരൻ അതൊരുമട്ടിൽ പാടുന്നു. മറ്റൊരു ശീലീലാണ് മറ്റൊരു ചരിത്രകാരനത് ആലപിക്കുന്നത്.

കൂറെകൂടി ഗൗരവത്തിൽ ആനുകാലികനായ ഒരു ഫ്രഞ്ചുകാരൻ*ഇക്കാര്യംതന്നെ പറയുന്നുണ്ട് : 'ചരിത്രം ഒരു പർവ്വതമാണ്. എന്റെ പക്കലുള്ള മാതൃകയനുസരിച്ച് നിർമ്മാണം നടത്താൻ ഞാനിതിൽനിന്ന് കല്ല് വെട്ടിയെടുക്കുന്നു".

---

* ഫ്രഞ്ചുകാരനായ റോമൻ റോളനാണിത്. (വിവർത്തകൻ)

അതായത് ഞാൻ ചരിത്രത്തിലേക്ക് കടക്കുകയും എനിക്കു പറ്റിയ അളവിലും രൂപത്തിലും കല്ലുകൊത്തിയെടുക്കുകയും ഞാൻ വിഭാവനം ചെയ്ത ചരിത്രം കെട്ടിയുയർത്തുകയും ചെയ്യുന്നു.

ഉദാഹരണത്തിന് ഫ്രഞ്ച്വിപ്ലവചരിത്രം ചരിത്രകാരന്മാർ കണ്ടുപിടിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന ഒരു യാഥാർത്ഥ്യമല്ല. അവർ സൃഷ്ടിക്കുന്നതാണ്.

എന്നാൽ ചരിത്ര ദർശനം, ചരിത്രമെന്നാൽ ഭൂതകാലത്തെ വ്യത്യസതമായ യാദൃശ്ചികതകളാണെന്നോ മഹൽവ്യക്തികളും ശക്തന്മാരും സൈനികനേതാക്കന്മാരും വീരനായകന്മാരും ജേതാക്കളും ചെയ്ത കാര്യങ്ങളാണെന്നോ കരുതുന്നില്ല. സ്വന്തം ആവശ്യത്തിനും അഭിരുചിക്കുമനുസരിച്ച് തെരഞ്ഞെടുക്കാവുന്ന ഭൂതകാലത്തെ വസ്തുതാ ശേഖരവുമല്ല അത്.

ചരിത്രം തുടരുന്ന, സംയോജിതമായ ഒരു പ്രക്രിയയാണ്. കാര്യകാരണത്തെക്കുറിച്ചുള്ള ശാസ്ത്രീയവും മുൻനിർണ്ണിതവുമായ നിയമമനുസരിച്ച് മനുഷ്യകുലത്തിന്റെ പ്രാരംഭം തൊട്ട് അത് ചലിക്കുകയും വളരുകയും ചെയ്യുന്നു. അത് ശക്തിയോടെ, വിവിധഘട്ടങ്ങളിലൂടെ, ഏറ്റുമുട്ടലുകളിലൂടെ, സന്ധികളിലൂടെ കടന്നു പോവുന്നു. അത് നമുക്ക് പ്രവചിക്കാൻ കഴിയും. അവസാനമായി അതതിന്റെ ലക്ഷ്യസ്ഥാനങ്ങളിലെത്തുന്നു. ചരിത്രഗതിയുടെ നിയമമാണിതിന്റെ പഥം നിർണ്ണയിക്കുന്നത്.

ഒരു ചെടിയോ കോഴിയോ വളരുന്നത്പോലെ, ഭൂമി നിശ്ചിതകാലയളവിൽ സഞ്ചരിക്കുന്നത്പോലെ, ചരിത്രവും സജീവമായ ഒരു പ്രകൃതി യാഥാർത്ഥ്യമാണ്. അതിന്ന് അതിന്റേതായ ചലനവും പരിണാമവുമുണ്ട്; ശാസ്ത്രീയനിയമങ്ങൾക്കും കാര്യകാരണതത്വങ്ങൾക്കും അനുസൃതമായ ചലനവും പരിണാമവും. അതിനാൽ ആരെങ്കിലുമൊക്കെ എടുത്തുപയോഗിക്കേണ്ട ഒരു പണിയായുധമല്ല അത്. ഒരു ലക്ഷ്യവുമില്ലാതെ യാദൃചരയാ നടക്കുന്ന, യുക്തിരഹിതമായ പ്രക്രയയുമല്ല.

ചരിത്രത്തിന്റെ ഒഴുക്ക് ശാസ്ത്രീയമായതിനാൽ, ആ ഒഴുക്കിന്റെ മധ്യത്തിലെത്തി ചരിത്രഗതിയുടെ നിയമങ്ങൾ കൃത്യമായി കണ്ടുപിടിക്കാൻ കഴിഞ്ഞാൽ അടുത്ത മൂന്ന് ശതകത്തിൽ ഏതൊരു സമൂഹത്തിന്റെയും വിധിയെന്താണെന്ന് എനിക്ക് ദീർഘദർശനം ചെയ്യാൻ പറ്റും. അന്തരീക്ഷവുമായി ബന്ധപ്പെട്ട യുക്തമായ കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകൃതമായ അന്തരീക്ഷശാസ്ത്രമുപയോഗിച്ച് കാലാവസ്ഥയിലുള്ള മാറ്റങ്ങൾ, താപനില, മഴയ്ക്കുള്ള സാധ്യത, മേഘങ്ങളുടെ ഗതാഗതം, കൊടുങ്കാറ്റിന്റെ സാധ്യത എന്നിവ പ്രവചിക്കാൻ പറ്റുന്നത് പോലെത്തന്നെ.

ചരിത്രഗതി കണ്ടുപിടിക്കാൻ കഴിഞ്ഞാൽ ഭാവിയിലെന്ത് നടക്കുമെന്ന് നമുക്ക് പറയാൻ പറ്റും ഈ തത്വം ഉൾക്കൊള്ളുന്ന ചരിത്രദർശനത്തിൽ, അല്ലെങ്കിൽ ചരിത്രശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരാൾ ചരിത്രം യാഥാർത്ഥ്യമാണെന്ന് കരുതുന്നു. സുനി

ശ്ചിതങ്ങളായനിയമങ്ങളനുസരിച്ചുള്ളതാണതിന്റെ ഗതി. അത്കൊണ്ട് കാലാകാലങ്ങളിലുള്ള മനുഷ്യഭാഗധേയം യാദൃച്ഛികമല്ല; വ്യക്തികളല്ല അതുണ്ടാക്കുന്നത്. വ്യക്തികളുടെ അഭീഷ്ടമനുസരിച്ച് അത് നിൽക്കുകയോ നീങ്ങുകയോ ചരിയുകയോ കുതിക്കുകയോ ചെയ്യുന്നില്ല. അലംഘനീയമായ ശാസ്ത്രിയനിയമങ്ങളുടെ അടിസ്ഥാനത്തിലാണ് അത് ചലിക്കുന്നത്. ഈ നിയമങ്ങൾ സമൂഹത്തിന്റെയും കാലത്തിന്റെയും ഘടനയിൽ നിലകൊള്ളുന്നു. ശാസ്ത്രിയനിയമപ്രകാരം സമൂഹത്തിൽ സംഭവിക്കുന്ന ചലനമാണ് "ചരിത്രം".

നിശ്ചിതവും അനുസ്യൂതവുമായ ഒഴുക്കാണ് ചരിത്രം; ചിലകർശന നിയമങ്ങളുടെ അടിസ്ഥാനത്തിലാണത്. ഇതാണ് ചരിത്രദർശനം

പക്ഷെ എങ്ങനെയാണ് ചലിക്കുന്നത് ? ഏത് നിയമങ്ങൾക്കനുസരിച്ച് ? എങ്ങനെയാ ചലനം പ്രവചിക്കാൻ പറ്റും? അതിന്റെ ഗതിയെന്ത്? ഓരോ ചിന്താശാഖയുടെയും ചരിത്ര ദർശനം ഉടലെടുക്കുന്നത് ഈ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ നിന്നാണ്. ഓരോ ചിന്താശാഖയും ഈ ചോദ്യങ്ങൾക്ക് അതിന്റെ വീക്ഷണഗതിയനുസരിച്ച് മറുപടി നൽകുന്നു. ചരിത്രശാസ്ത്രം എന്ന ശാസ്ത്രം ഇനിയും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. എല്ലാവരും അങ്ങനെയൊന്നുണ്ടെന്ന് പൂർണ്ണമായി അംഗീകരിച്ചിട്ടുമില്ല. അതിനാൽ നാം പകരം പ്രത്യയശാസ്ത്രത്തിൽ ചരിത്രദർശനം ആവിഷ്ക്കരിക്കുന്നു. സ്ഥിരീകരിക്കപ്പെട്ടതും തെളിയിക്കപ്പെട്ടതുമായ ഒരു നിശ്ചിതശാസ്ത്രം എന്ന നിലക്കല്ല ഇത്.

## പ്രത്യയശാസ്ത്രം

ഒരു വിശ്വാസവും അതിനെക്കുറിച്ചുള്ള അറിവും ഉൾക്കൊള്ളുന്നതാണ് പ്രത്യയശാസ്ത്രം* ഒരാൾക്ക് സ്വന്തത്തിനോടും സ്വന്തം വർഗ്ഗ പദവിയോടും സാമൂഹ്യാടിത്തറയോടും , ദേശീയാവസ്ഥ, ലോകം, ചരിത്രപരമായ വിധി, സ്വന്തം സമൂഹത്തിന്റെ ഭാവി

** വരഗ്ഗാധിഷ്ടിതമായിരിക്കണം പ്രത്യയശാസ്ത്രമെന്ന് ഇറാനിയൻ ബുദ്ധിജീവികളിൽഭൂരിപക്ഷവും കരുതുന്നു. അങ്ങനെയായിക്കൊള്ളണമെന്നില്ല. പ്രത്യയശാസ്ത്രം ദേശീയമോ മതപരമോ ആവാം . മാർക്സും എഗൽസും ചേർന്ന് രചിച്ച ജർമൻ പ്രത്യയശാസ്ത്രത്തെക്കുറിച്ചകൃതിയിൽ അതൊരു ദേശരാഷ്ട്രത്തെ ഉൾക്കൊള്ളുന്നതുമാവാം എന്ന് പറയുന്നുണ്ട്.

എന്നിവയോടും ബന്ധപ്പെട്ട് ഒരു പ്രത്യേക മനോഭാവവും അവബോധവുമുണ്ടാകലാണി
ത്. ഒരാൾ അയാളുടെ പ്രത്യയശാസ്ത്രമനുസരിച്ച് മേൽപ്പറഞ്ഞ കാര്യങ്ങളെ വിശദീകരിക്കുകയും അത്ന്റെടിസ്ഥാനത്തിൽ സ്വന്തം ഉത്തരവാദിതിവങ്ങളും പ്രതിബദ്ധതകളും ദിശകളും പരിഹാരങ്ങളും ആഗ്രഹങ്ങളും നിലപാടുകളും വിധികളും തീരുമാനിക്കുകയും ചെയ്യുന്നു. തൽഫലമായി ഒരു പ്രത്യേകപെരുമാറ്റരീതിയോടും മുല്യവ്യവസ്ഥയോടും അയാൾ ഒട്ടി നിൽക്കുന്നു. ലാകവീക്ഷണം , സാമൂഹ്യശാസ്ത്രം, ദാർശനികനരവംശശാസ്തരം, ചരിത്രദർശനം എന്നീ നാടേപറഞ്ഞ കാര്യങ്ങൾക്കനുസൃതമായിട്ടാണ് ഒരാൾ സ്വന്തം ജീവിതത്തെക്കുറിച്ച വിശ്വാസപ്രമാണങ്ങളുണ്ടാക്കുന്നത്. മറ്റു മനുഷ്യരോടും ലോകത്തോടും അയാൾക്കുള്ള ബന്ധവും അവയെ ആസ്പദിച്ചാണ്.

എങ്ങനെ ജീവിക്കണം? എങ്ങനെ ഒരു മാതൃകാപരമായ സാമൂഹ്യ വ്യവസ്ഥയുണ്ടാക്കും? ഒരാൾക്ക് സമൂഹത്തോടുള്ള ഭാദ്ധ്യതകളും കടമകളും എന്താണ്? തുടങ്ങിയ ചോദ്യങ്ങൾക്ക് പ്രത്യയശാസ്ത്രം വ്യക്തമായ ഉത്തരം നൽകുന്നു. ഏതുതരം സംഘർശങ്ങളും ബന്ധങ്ങളും ആശയങ്ങളും ആവശ്യങ്ങളും വിശ്വാസഹ്ങളും മൂല്ല്യങ്ങളുംവേണം എന്ന് നിർണ്ണയിക്കുന്നത് അതാണ്. സാമൂഹികമായപെരുമാറ്റം , നൻമ തിൻമകളുടെ മാനദണ്ഡം , സാമൂഹ്യവും മാനസികവുമായ പ്രത്യേക നില നിൽപ്പ് എന്നിവയുണ്ടാക്കുന്നതും പ്രത്യയശാസ്ത്രം തന്നെ.

അതിനാൽ പ്രത്യയശാസ്ത്രം എന്നത് ഒരു മനുഷ്യന്റെ സാമൂഹികവും ചിന്താപരവും വർഗ്ഗ പരവുമായ ആഭിമുഖ്യം വിശദീകരിക്കുന്ന വിശ്വാസ വ്യവസ്ഥയാണ്ത്. ഒരു വ്യക്തിയുടെ മൂല്ല്യവ്യവസ്ഥയും സാമൂഹ്യക്രമവും ജീവിതരീതിയും തീരുനാനിക്കുന്നതതാണ്. മാതൃകാ മനുഷ്യൻ, സാമൂഹ്യ ചുറ്റുപാട്, മനുഷ്യജീവിതം എന്നീകാര്യങ്ങളും സർവ്വമാനങ്ങളിലും വിശദീകരിക്കുന്നതുമാണ്. നിങ്ങളെന്താണ്? നിങ്ങളെന്തു ചെയ്യുന്നു? എന്തു ചെയ്യണം? എന്താവണം? ഈചോദ്യങ്ങൾക്കൊക്കെ മറുപടിനൽകുന്നതും പ്രത്യയശാസ്ത്രമാണ്.

രണ്ടുകാര്യഹ്ങൾ വിശദീകരിച്ചാൽ, നേരത്തെ പരാമൃഷ്ടമായ ആന്തരികവും(അതായത് ലോകവീക്ഷണം) ബാഹ്യ(ദാർശനിക നരവംശശാസ്ത്രം, സാമൂഹ്യശാസ്ത്രം, ചരിത്രദർശനം എന്നിങ്ങനെ പ്രത്യയശാസ്ത്രം രൂപീകരിക്കുന്ന ഘടകങ്ങൾ) വുമായ ഘടനകൾക്ക് അർത്ഥം കണ്ടെത്താനും ഒരു ചിന്താശാഖയിൽ ജീവിതവും ചലനവുമായി അവയെ മാറ്റാനും നമുക്കു കഴിയും. മാതൃകാനഗരത്തെയും മാതൃകാമനുഷ്യനെയും കുറിച്ചുള്ള അതിന്റെ വീക്ഷണങ്ങളാണവ.

### മാതൃകാനഗരം (ഉട്ടോപ്പിയ)

ഉട്ടോപ്പിയ എന്നത് ഒരാൾ മനസ്സിലും ആഗ്രഹങ്ങളിലും സമരങ്ങളിലും ആവിഷ്ക്കരിക്കുന്ന ആദർശസമൂഹമാണ്. മനുഷ്യസമൂഹം അങ്ങനെയാവണമെന്ന് അയാൾ കരുതുന്നു. എല്ലാ മനുഷ്യർക്കും മതങ്ങൾക്കും തത്വചിന്തകൾക്കും വ്യത്യസ്ഥങ്ങളായ ഉട്ടോപ്പിയകളുണ്ട് .ഒരു മതവിശ്വാസിയുടെ മനസ്സിൽ സ്വർഗ്ഗമാണ് ഉട്ടോപ്പിയ. പ്ലാറ്റോവിന്റെ ഉട്ടോപ്പിയ അക്കാലത്തെ കലീനജാതരായവർക്കും ബുദ്ധിയീവികൾക്കുമുള്ളതായിരുന്നു. സെയിൻറ് അഗസ്റ്റിന്റെ ദൈവനഗരം. ഷാൻ ഇസോലയുടെ വിശുദ്ധനഗരം, ശിയാക്കളുടെ സാർവ്വജനീനനീതിക്കുള്ള സമൂഹം എല്ലാം ആദർശസമൂഹങ്ങളാണ്.

പുരാതന കൃതികളിൽ ജാബോൽഖ-ജാബോൽസ*പോലെയുള്ള സാങ്കൽപിക നഗരങ്ങളെക്കുറിച്ച് എമ്പാടും വിവരണങ്ങൾകാണാം. ആദർശയോഗ്യരായ പൗരൻമാർ,ഭരണകൂടം, മതം, രാഷ്ട്രീയഘടന, വരി◌്ഗങ്ങൾ, ധർമ്മ സംഹിത, സാമ്പത്തികവ്യവസ്ഥ, ചിന്ത, സംസ്ക്കാരം എന്നിവയുള്ള നഗരങ്ങളാണിവ. ഒരാശയവാദിക്കോ★ ലക്ഷ്യബോധമുള്ളവന്നോ മനസ്സിലുള്ള അഭിലാഷത്തിന്റെ സൃഷ്ടിയാണത്. ഓരോ മനുഷ്യന്റെയും ആദർശ പ്രകൃതിയിൽ തന്നെ കൂടുതൽ മെച്ചപ്പെട്ട ഒരു സാമൂഹ്യഘടനയുണ്ടാക്കാനുള്ള ആഗ്രഹമുണ്ട് എന്നാണിത് സൂചിപ്പിക്കുന്നത്. ഓരോ സമൂഹത്തിന്റെയും അവബോധത്തിലും അതുണ്ട്. പൂർണ്ണതപ്രാപിക്കാനുള്ള അന്തർദാഹമാണിത് കാണിക്കുന്നത്.

---

* ജാബോൽസയും ജാബോൽഖയും രണ്ട് സാങ്കൽപിക നഗരങ്ങളാണ്. ഒന്നാമത്തേത് പടിഞ്ഞാറിന്റെ അതിർത്തിയിൽസ്ഥിതിചെയ്യുന്നു. അതിന്ന് ആയിരം കവാടങ്ങളുണ്ടെന്നും ഓരോ കവാടത്തിന്നും ആയിരം കാവൽക്കാരുണ്ടെന്നും ഇതിഹാസങ്ങൾ പറയുന്നു. ഇത്രതന്നെ കവാടങ്ങളും കാവൽക്കാരുമുള്ളതും കിഴക്കിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്നതുമാണ് ജാബോൽഖ. സൂഫിസത്തിന്റെ പ്രതീകാത്മകഭാഷയിൽ ഈ രണ്ട് സാങ്കൽപ്പിക നഗരങ്ങൾ സൂഫീപാതയുടെ ആദ്യത്തെയും ഒടുവിലത്തെയും ഘട്ടങ്ങളെക്കുറിക്കുന്നു.

★ ആശയം,ആശയവാദം എന്നിവകൊണ്ട് ഞാൻ ഫാൻ്റസിയോ വസ്തുനിഷ്ഠയാഥാർത്ഥ്യത്തിനുമേൽ ആശയത്തിനുള്ള ആധിപത്യമോ ഐഹികലോകത്തിന്റെ നിഷേധമോ ഉദ്ദേശിക്കുന്നില്ല ഒരു ലക്ഷ്യമുണ്ടാവുക എന്നതുമാത്രമാണ് ഞാനതുകൊണ്ടർത്ഥമാക്കുന്നത്. വർത്തമാന സാഹചര്യങ്ങൾ മറികടന്ന് ശ്വാശ്വതമായ ഒരു ലക്ഷ്യം പൂർത്തിയാക്കാൻ പരിശ്രമിക്കുന്ന ഒരു മനുഷ്യനാണ് എന്റെ മനസ്സിൽ. അയാൾ ആശയവാദിയാണ്.

ഒരു ചിന്താശാഖയിലെ'സമൂഹത്തിന്റെ ഉയർന്നരൂപം' എന്നത് കല്പനാസൃഷ്ടമായ ഒരു ലോകമല്ല. മറിച്ച് ആചിന്താശാഖയുടെ പ്രത്യായശാസ്ത്രത്തിൽന്ന് രൂപം കൊള്ളുന്ന ആദർശസൂഹമാണ്. കാരണം ഒരു ചിന്താശാഖയിൽ വിശ്വസിക്കുന്നവർ മാനുഷികവും ആദർശാധിഷ്ഠിതവും സ്വതന്ത്രമായ ഒരു ജൂവിത വ്യവസ്ഥയിൽ വിശ്വ സിക്കുന്നവരാണ്. അത്തരമൊരു ജൂവിതത്തിന്റെ സാധ്യതയിലും തീർച്ചയിലും വിശ്വ സിക്കുക മത്രമല്ല അവർ അത് സൃഷ്ടിക്കാനായി കഠിനശ്രമം നടത്തുകയും ചെയ്യു ന്നു.

ആദർശപരമോ അഭീഷ്ടിതമോ ഉയർന്നതോ ◌ായ സമൂഹ ഘടന ◌െന്നത് ◌ൊരു ചിന്താശാഖയിൽ വിശ്വസിക്കുന്ന വിഭാഗത്തിന്റെയോ വ്യക്തിയുടേയോ മനസ്സിലുള്ള സമൂഹ ചരിത്രമാണ്. അതിനായി നിലവിലിരിക്കുന്ന സമൂഹത്തെ പരിവർത്തിപ്പി ക്കാൻ അവർ ശ്രമിക്കുന്നു.

വാസ്ഥവത്തിൽ, ഒരു കൽപിത സമൂഹത്തിന്റെ നിലനിൽപ്പ് മനുഷ്യൻ എപ്പോഴും ' ഇന്നത്തെ അവസ്ഥ'യിൽനിന്ന് ' അഭികാമ്യമായ അവസ്ഥ' യിലേക്ക് നീങ്ങുന്നുവെന്ന തിന്റെ തെളിവാണ്; അത് പ്ലാറ്റോവിന്റെ സാങ്കൽപിക ലോകമായാലും മാർക്സിന്റെ വർഗരഹിത സമൂഹമായാലും, ഒരു ചിന്താ ശാഖയിലെ ' അഭികാമ്യസമൂഹം' ശാസ്ത രീയവും വസ്ഥു നിഷ്ടവുമായ സമൂഹമാണ്. ആചിന്താ ശാഖയുടെ ആത്മാവുമായും ആഭിമുഖ്യമായും അതിന്ന് പൊരുത്തമുണ്ടായിരിക്കും. അതിന്റെ ലോകവീക്ഷമത്തിലി ധിഷ്ടിതവുമായിരിക്കുമത്. ആചിന്താശാഖയുടെ ആത്യന്തിക ലക്ഷ്യവുമായും ജീവിത ദർശനവുമായും അത് യോജിച്ചുനിൽക്കുന്നു.

## മാതൃകാമനുഷ്യൻ

മാതൃകാമനുഷ്യൻ എന്ന ആശയം താനെന്താവണമെന്ന മനുഷ്യന്റെ ആഗ്രഹത്തിൻനി ന്നുടലെടുക്കുന്നതാണ്. സാതൃകാ മനുഷ്യരാവാനാണ് 'മിസ്റ്റിക്കുകൾ' ശ്രമിച്ചച്. നമ്മുടെ പല ഗ്രന്ഥങ്ങളിലും വിശേഷിച്ച് ദാർശനികവും ജ്ഞാനോദ്ദീപന* പരവുമായ ഗ്രന്ഥങ്ങളിൽ മതൃകാമനുഷ്യനെ( ഇൻഡസാനെ കാമിൽ )പ്പറ്റെ◌ിവ്യക്തമായി പരാർശി ക്കപ്പെട്ടിട്ടുണ്ട്. മനുഷ്ന് ഉയരാനും പരിണമിച്ചെത്താനും സാധ്യമായ ഏറ്റവും ഉച്ഛാവ സ്ഥയിലെത്തിയ മനുഷ്യനാണത്. കാമത്തിൽനിന്നും ആസക്തിയിൽ നിന്നും സ്വതന്ത്ര നാവുകയും മനുഷ്യത്വത്തിന്റെ അത്യുന്നതമായ അവസ്ഥയിലേക്ക് എത്തുകയും ചെയ്തവനാണവൻ.

---

* illumination ഇന്ദ്രീയാതീതജ്ഞാനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഗ്രന്ഥ ങ്ങളാണിത്. മൂല ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ' ഇശ്റാഖ്' സുഹ◌്രവർദിയുടെ 'ഫൽസ ഫയെ ഇശാറ്ഖ്'(The philosophy of illumination ) പ്രസിദ്ധമാണ്.

ഒരു അതിമനുഷ്യനെക്കുറിച്ച് ഫാഷിസം പറയുന്നു. ദൈവങ്ങുടെ അനന്തരാവകാശി യാവുന്ന മനുഷ്യനെക്കുറിച്ച് നീത്ചെ സംസാരിക്കുന്നുണ്ട്. ആശയവാദത്തിലധിഷ്ഠിത മായ തന്റെ ചരിത്ര ദർശനത്തിൽ ഹെഗൽ 'കേവലാശയം' മനുഷ്യന്റെ ഏറ്റവും ഉയർന്ന രൂപത്തിനുണ്ടാവുന്ന ആത്മബോദത്തിന്റെ പരിണാമഘട്ടങ്ങൾ കടക്കുന്നത് മനസ്സിൽ കാണുന്നു. പിന്നീടത് കേവലബോധമാവും: പിന്നെ ആദർശപുരുഷനാവും.

ഹെഗലിന്റെ ശിഷ്യൻമാരിൽ ഭൂരിഭാഗവും പിന്തുണച്ച പത്തൊമ്പതാം നൂറ്റാണ്ടിലെ ജർമനിയിലുണ്ടായ ധാർമകസോഷ്യലിസം 'ദൃഢപ്രകൃത' മുള്ള മനുഷ്യനിൽ വിശ്വ സിക്കുകയും അതാവാൻ യത്നിക്കുകയും ചെയതു. 'മനുഷ്യനായ മനുഷ്യനായ' യിരുന്നുവത്. ബൂർഷ്വാസിയുടെ 'ഐഹികത'യും ഭക്തരുടെ പാരത്രികയും എതിർത്ത്

കൊണ്ട് മനുഷ്യന്റെ കഴിവുകൾ സ്വതന്ത്രവും അവികലവുമായി വികസിപ്പിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. ിത് രണ്ടും മനുഷ്യനെ വികലമാക്കുകയും രൂപാന്തരംം വരുത്തുകയും സ്വത്വത്തെ സത്യത്തിൽ നിന്നും അകറ്റുകയും ചെയ്യുന്നുവെന്നത് കരുതി.

ഭൗതികവാതത്തിലധിഷ്ഠിതമാണ് മാർക്സം. ്തിന്റെ കണ്ണിൽ മനുഷ്യൻ സാമ്പത്തിക ജീവിമാത്രമാണെന്ന് ബുദ്ധിജീവികൾ പറയുന്നു. പക്ഷ്യ അത്പോലും 'പൂർണമനുഷ്യനെ' ക്കുറിച്ച് സംസാരിക്കുന്നുണ്ട്. പൂർണനായ, സമഗ്രനായ, സംവൃതനായ,മനുഷ്യനാണവൻ. അവൻ മരവിപ്പ് ബാധിച്ചവനോ വഘടിതനോ അന്യവൽകൃതനോ അല്ല. സാമൂഹ്യ വ്യവസ്ഥ അവനെ ഭ്രാന്തനാക്കുകയോ രൂപാന്തരം വരുത്തുകയോ ചെയ്തിട്ടില്ല. അത്മനശ്ടത്തെക്കുറിച്ച വ്യാകുലതയവന്നില്ല. സ്വത്തിനെയവൻ ആരാധിക്കകുന്നില്ല. അവൻ ഏകമാനമുള്ളവനല്ല. അവൻ കയ്യേറുകയോ കയ്യേറ്റമനുബവിക്കുകയോ ചെയ്യുന്നില്ല. അവൻ ഉടമയോ അടിമയോ അല്ല. ്വൻ കാമാർത്തിയോ സന്യാസിയോ വൈരാഗിയോ അല്ല. അവൻ തൊഴിൽ രഹിതനോ അല്ല.

ചുരക്കത്തിൽ, ഭൗതികമോ ാത്മീയമോ ആയ എല്ലാ ചിന്താ ശാഖകൽക്കും "പൂർണമനുഷ്യനെ" പ്പറ്റിയുള്ള സങ്കൽപമുണ്ട്. മാനവതയുടെ മാതൃകയായ ഒരു തികഞ്ഞ മനുഷ്യനെക്കുറിച്ചുള്ള സങ്കൽപം. ഇത്തരം സങ്കൽപമില്ലാതെവന്നാൽ ഒരു സാമൂഹ്യ ദർശനത്തിന്നോ ധാർമിക ചിന്താശാഖയ്ക്കോ ജീവിത വ്യവസ്ഥയ്ക്കോ അർത്ഥമില്ലാതെവരും. കാരണമവയ്ക്ക് ദിശയുണ്ടാവില്ല.

**മാതൃകാമനുഷ്യൻ നമുക്ക് മാർഗനിർദ്ദേ തരികയും നമ്മെ ചലിപ്പിക്കുകയും ചെയ്യുന്നു. ആ മാതൃക അനുകരിക്കാൻ നമുക്ക് നമ്മുടെ കയ്യും തലയും ൊരേ സമയം ഉപയോഗിക്കേണ്ടതുണ്ട്.**

**ഈ മാതൃക ജീവിതത്തിന്റെ മാനദണ്ഡവും ധർമസംഹിതയും മനുഷ്യരെ പഠിപ്പിക്കാനും ുരിശീലിപ്പിക്കാനുമുള്ള ഉപായവുമായുപയോഗിക്കാം. ൊരു ആദർശ പ്രതിരൂപമില്ലാതെയും അതിനെ തിരിച്ചറിയാതെയും മനുഷ്യർക്ക് ശിക്ഷണം കൊടുക്കാൻ പറ്റില്ല. " പ്രബലമനുഷ്യൻ" ആരെന്നറി്ഞ്ഞെങ്കിലേ ആധുനിക വിദ്യാഭ്യാസവും ശ്സ്ത്രവപം സാഹ്കേതികവിദ്യയുപയോഗിച്ച് നമുക്കവനെ സൃഷ്ടിച്ചെടുക്കാവുകയുള്ളു.**

**" ശിക്ഷണ" മെന്നാൽ മനുഷ്യനായിത്തൂരാൻ സഹായിക്കലും ആദർശരൂപത്തോട് അടുപ്പിക്കലുമാണ്. മനുഷ്യർക്ക് ശിക്ഷണം പരിശീലനങ്ങൾ നൽകുന്ന ഉത്തരവാദിത്വമേറ്റെടുത്തിട്ടുല്ളവരോട് അവർ ഓരോ മനുഷ്യരും എന്താവാനാണുദ്ദേശിക്കുന്നതെന്ന് ചോദിച്ചാൽ അത്തരമൊരു ചോദ്യത്തിന്റെ പ്രശ്നമുതിക്കുന്നില്ല എന്ന് മറു പറയാൻ അവർക്ക് പറ്റില്ല. കാരണം അവർ മനുഷ്യന്റെ നിലവിലുള്ള അവസ്ഥയിൽ മാറ്റമുണ്ടാക്കാനുദ്ദേശിക്കുന്നവരാണ്; അതിനെ മറ്റൊരവസ്ഥയിലേയ്ക്കെത്തിക്കാനും. അതിനാൽ അവരുടെ മുമ്പിൽ വ്യക്തമായ മാതൃക ഇല്ലാതിരുന്നുകൂടാ.**

ചിലപ്പോളവർ പറയും : "ഞങ്ങൾ വിദഗ്ധൻമാരണ്. പഠിപ്പിക്കലും പരിശീലനം നൽകലുമാണ് ഞങ്ങളുടെ ഉത്തരവാദിത്തം. മാതൃകാമനുഷ്യൻ ഞങ്ങൽക്ക് പ്രശ്നമല്ല. അത് വിശദീകരിക്കേണ്ടത് തത്വശാസ്തരവും മതവുമാണ്." ഒരു നൂറ് പണിയായുധങ്ങളും വിലപിടിച്ച അനേകം മരങ്ങലും ശേഖരിച്ച് മിടുക്കോടെ പണിയെടുക്കുകയും മരങ്ങൾ മുറിക്കുകയും കൂട്ടുകയും ചെയ്യുകയും, എന്നാൽ എന്തിനാണ് ഇതെല്ലാം ഉണ്ടാക്കുന്നതെന്ന ചോദിച്ചാൽ, എന്ക്കൊരു രൂപമില്ല. ഞാൻ ആശയജീവിയല്ല. പ്രായോഗികജീവിയാണ് എന്ന് ഉത്തരം പറയുകയും ചെയ്യുന്ന ഒരാശാരയോട് ിത്തര

ക്കാരെ ഉപമിക്കാം. ആശാരി മേശയുണ്ടാക്കുന്നു– അതാരുപയോഗിക്കണമെന്നോ എന്നതിനുപയോഗിക്കണമെന്നോ ഉള്ളതിനെപ്പറ്റി അയാൽക്കരഭിപ്രായവുമില്ല.

നമ്മുടെ ചിന്തകളിൽ നിലകൊള്ളുന്ന, മനുഷ്യമാതൃകയെന്ന് നാം കരുതുന്ന ആദർശ പുരുഷനാണ് മനുഷ്യമൂല്യവ്യവസ്ഥ നിർണയിക്കുന്നത്. അതൊരു പ്രതീകമാണ്. നാമായിത്തീരേണ്ട ഉൽകൃഷ്ടമനുഷ്യനാണത്; പക്ഷെ നാമതായിത്തൂർന്നിട്ടില്ല. പരി ശീലനത്തിന്റെയും ബോധനത്തിന്റെയും മനുഷ്യനെ തലമുറകളിലീടെ അതാക്കി മാറ്റുക എന്നാതാണ്. അതിനാൽ ഓരോ ചിന്താ ശാഖയും അതിന്റെ മാതൃകാ മനു ഷ്യനെ സമർപ്പിക്കണം. അല്ലെങ്കിൽ അതിന്റെ യത്നങ്ങൾ നിഷ്ഫലമാണ്; അതിന്റെ ചലനം ലക്ഷ്യരഹിതവും.

ഉൽകൃഷ്ടമായ പ്രതീകങ്ങളും ആശയങ്ങളും മാതൃകകളും ലക്ഷ്യം വെച്ച് മുന്നോട്ട് നീങ്ങുന്ന സമൂഹം നേരെത്തെ വഴിയിൽ സ്ഥലം പിടിച്ചിട്ടുള്ള ചട്ടക്കൂടികളും മാനദ ണ്ഢങ്ങളും നശിപ്പിക്കുന്നതാണ് മനുഷ്യവ്യക്തിയുടേയോ സമൂഹത്തിന്റെയോ മാതൃ കാരൂപം ഒരു ചലനത്തിനുള്ള ദിശയാണ് അവതരിപ്പിക്കുന്നത്. സ്ഥിരമായ രൂപമില്ല. ചലനം സൃഷ്ടിക്കുകയും, നിഷ്ചലവും മാർഗതടസ്സമുണ്ടാക്കുന്നതുമായ എല്ലാറ്റി നേയും നിരാകരിക്കുകയും ചെയ്യുന്ന ഘടകമാണത്. നിശ്ചിത മാനദണ്ഡങ്ങൾ മനുഷ്യെ മുൽകൂട്ടി നിർമിച്ചുകഴിഞ്ഞ ചട്ടക്കൂട്ടിലും അതിരുകളിലും ഒതുക്കുന്നു. അവ അവയ്ക്ക് വേണ്ടപോലെ മനുഷ്യനം വാർക്കുന്നു. മാതൃകാരൂപമാകട്ടെ, അവനെ ചട്ടക്കൂടുകളിൽനിന്ന് മോചിപ്പിക്കുകയുകയും മുഴുവൻ വ്യവസ്ഥിതകളു ടേയും ചരിത്രഘട്ടങ്ങളുടെയും കെട്ടതടാകത്തിൽനിന്ന് മുക്തനാക്കി കാലത്തിന്റെ പ്രവാഹത്തിൽ മഹാസാഗരത്തിലേക്ക്, കേവലാനന്തതയിലേക്ക് നയിക്കുകയും ചെയ്യു ന്നു.

അയാതിനാൽ ഈ പ്രഭാഷണത്തിന്റെ ആദ്യത്തിൽ പറഞ്ഞത് പോലെ, പൂർവനിർമ്മി തവും സ്ഥിരവുമായ മൂശകളിൽ എനിക്ക് വിശ്വാസമില്ല.

അപ്രകാരം തന്നെ ബാധ്യതയും പ്രതിബദ്ധതയും ഉത്തരവാദിത്വവുമില്ലാത്തജീവിത ത്തിലുമെനിക്ക് വിശ്വാസമില്ല. ബന്ധനങ്ങൾക്കും അനിയന്ത്രിതത്വത്തിനും പകരം ദിശാ ബോധമാണ് വേണ്ടതെന്ന് ഞാൻ വിശ്വസിക്കുന്നു. അത് തെരഞ്ഞെടുക്കേണ്ടത് അതിന്റെ ‘ ഭവ’ത്തിന്റെ (Being) രൂപത്തിലോ രൂപമില്ലാത്ത ഭവത്തിലോ അല്ല; ശാശ്വ തവും പരിണാമോന്മുഖവുമായ ‘സംഭവ’ (becoming) മെന്ന നിലയിലായിരിക്കണം. * നിലക്കാത്ത ചലനവും പ്രയാണവുമായിരിക്കണമത്. എവിടെയും എത്തലാവരുത്ത. ഒരു ദിശയെ അഭിമുഖീകരിക്കലാവണം.

ഈയടിസ്ഥാനത്തിൽ, ഒരു ചിന്താ കർമ വ്യവസ്ഥയുടെ രൂപരേഖ ഈ പറയുന്ന ഘട കങ്ങൾ ചേർന്നതാണ് : 1 . ലോകവീക്ഷണെ (ആന്തരിക ഘടന) 2. നരവംശതത്വശാ സ്തരം, 3. ചരിത്രദർശനം, 4. സാമൂഹ്യശാസ്ത്രം, 5. (മൂലസ്തംഭങ്ങൾ) പ്രത്യായ ശാസ്തരം, 6. ആദർശസമൂഹം, 7. മാതൃകാദമനുഷ്യൻ (ചാർട്ട് നോക്കുക)

---

‘ഭവം, അഭവം സംഭവം’ ഇതൊരു ചിന്തനരീതിയാണ്. ഭവം ഉണ്ട് എന്ന അവസ്ഥയാ ണ്. അഭവം അതിന്റെ നേരെ വിപരിതം. രമ്ടും കൂടി സംഗ്രഹിച്ച് സംഭവം ഉണ്ടാ കുന്നു ( വിവർത്തകൻ)




ചിത്രം 1 ചിന്താ-കർമ വ്യവസ്ഥയുടെ രൂപരേഖ




ചിത്രം 2 : ഇസ്‌ലാമിന്റെ ചിന്താകർമ്മ വ്യവസ്ഥ